# താമരമൊട്ടുകൾ

വാല്യം 26 | ജൂൺ 2024 | ലക്കം 06 | Price ₹ 20




## താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

വാല്യം 26 താമരമൊട്ടുകൾ ജൂൺ 2024 ലക്കം 06

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"ദൈവശക്തിക്കു മീതെ ഒന്നും സംഭവിക്കില്ല.
ദൈവതിരുമനസ്സ് മാത്രം നിറവേറട്ടെ"

(വി. മറിയം ത്രേസ്യ)

# സ്വർഗ്ഗീയ യാത്രയുടെ 30-ാം വർഷം

(11.06.1994 - 11.06.2024)



## മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി

(താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 383 |
| 2. | പ്രോഗ്രാം ജൂൺ 2024 | 385 |
| 3. | സർക്കുലർ 07/2024 | 386 |
| 4. | ഫ്രാൻസിസ് മാർപാപ്പ നൽകുന്ന സന്ദേശം | 387 |
| 5. | മാർപാപ്പ ഇടവക വൈദികർക്ക് നൽകുന്ന കത്ത് | 397 |
| 6. | സർക്കുലർ 04/2024 | 403 |
| 7. | കച്ചേരിക്കാര്യം | 405 |
| 8. | ഫാ. മാത്യു മാവേലി അവിസ്മരണീയ ഓർമ്മ | 409 |
| 9. | മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി റിപ്പോർട്ട് | 411 |
| 10. | വിശ്വാസപരിശീലനം | 415 |
| 11. | ബൈബിൾ അപ്പോസ്തോലേറ്റ് | 419 |
| 12. | സെമിനാരി വാർത്ത | 420 |
| 13. | നവസന്യാസിനികൾക്ക് ആശംസ | 423 |
| 14. | ചെറുപുഷ്പ മിഷൻലീഗ് | 424 |
| 15. | ആൽഫ മരിയ അക്കാദമി | 427 |
| 16. | വിദ്യാഭ്യാസരംഗം | 428 |
| 17. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 431 |
| 18. | സ്റ്റാർട്ട് | 433 |
| 19. | അൽഫോൻസ കോളേജ് | 437 |
| 20. | എയ്ഡർ എഡ്യൂകെയർ | 439 |
| 21. | കെസിവൈഎം-എസ്എംവൈഎം | 442 |
| 22. | ജീസസ്സ്‌യൂത്ത് | 449 |
| 23. | ബഥാനിയ ധ്യാനകേന്ദ്രം | 450 |
| 24. | വികസനവേദി | 452 |
| 25. | യേശുനിധി | 454 |
| 26. | അജപാലനക്കുറിപ്പുകൾ | 455 |

# BIRTH DAY Greetings

Rev. Fathers

| | | | |
|---|---|---|---|
| ,, | Pannikottu Augustine | June | 6 |
| ,, | Madathikunnel Varghese | ,, | 11 |
| ,, | Maliyeckal Joseph | ,, | 13 |
| ,, | Pulickal Sibi Kurian | ,, | 14 |
| ,, | Koonanickal Joseph | ,, | 14 |
| ,, | Thekkumkattil Joseph | ,, | 15 |
| ,, | Thuravackal Augustine | ,, | 19 |
| ,, | Chakkummoottil Philip | ,, | 21 |
| ,, | Kocheelath Abraham | ,, | 28 |
| ,, | Nirappel Mathew | ,, | 28 |
| ,, | Vattottutharappel Thomas | ,, | 29 |
| ,, | Vadakkel Joseph | ,, | 30 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Pottananickal Ephrem | June | 9 |
| Chennikkara Antony | | 13 |
| Karikunnel Antony | | 13 |
| Purayidam Antony | | 13 |
| Varakil Antony | | 13 |
| Nandalath Johnson | | 24 |
| Kizhakkekunnel Simon | | 29 |
| Poovathinkal Paul | | 29 |
| Poothermannil Peter | | 29 |
| Vallopilly Simon | | 29 |

**Mar Remigiose Inchananiyil**

# നവ സന്യാസിനിമാർക്ക് താമരശ്ശേരി രൂപതയുടെ

## അഭിനന്ദനങ്ങൾ .... പ്രാർത്ഥനകൾ....



സി. അഖില CMC



സി. ടെസ്സ CMC



സി. അനിറ്റ തെരേസ് SH




2024 മെയ് 20, 21, 22 തിയ്യതികളിൽ, പുല്ലൂരാംപാറ ബഥാനിയായിൽ നടന്ന മൂന്നാമത് എപ്പാർക്കിയൽ അസംബ്ലിയിൽ നിന്നും...

# പ്രോഗ്രാം ജൂൺ 2024

| | | |
|---|---|---|
| 01 | ശനി | വി. ജസ്റ്റിൻ |
| 07 | വെള്ളി | **ഈശോയുടെ തിരുഹൃദയ തിരുനാൾ** |
| 08 | ശനി | **മാതാവിന്റെ വിമലഹൃദയ തിരുന്നാൾ** |
| | | വി. മറിയംത്രേസ്യ, മാർ അപ്രേം |
| 11 | ചൊവ്വ | വി. ബർണ്ണബാസ് ശ്ലീഹാ |
| | | **ചരമദിനം : മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി** |
| | | **ചരമദിനം : റവ. ഫാ. ജോസഫ് അരഞ്ഞാണിപുത്തൻപുര** |
| 13 | വ്യാഴം | പാദുവായിലെ വി. അന്തോണീസ് |
| 19 | ബുധൻ | **ചരമദിനം : ഫാ. പോൾ മൂശാരിയേട്ട്** |
| 21 | വെള്ളി | **ചരമദിനം : ഫാ. ജോസഫ് അടിപുഴ** |
| 22 | ശനി | വി. ജോൺ ഫിഷറും വി. തോമസ് മൂർ |
| 24 | തിങ്കൾ | വി. യോഹന്നാൻ മാംദാനയുടെ ജനനം |
| | | **ചരമദിനം: മോൺ. സി. ജെ. വർക്കി കുഴിക്കുളം** |
| 28 | വെള്ളി | ഇരണേവൂസ് |
| 29 | ശനി | **വി. പത്രോസ്, പൗലോസ് ശ്ലീഹന്മാർ** |

*സർക്കുലർ 07/2024*

# മങ്കുഴിക്കരി പിതാവിന്റെ ചരമവാർഷികം

മിശിഹായിൽ പ്രിയപ്പെട്ടവരേ,

അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ ഓർമകൾക്കുമുമ്പിൽ നമ്മൾ ഒരിക്കൽകൂടി ഒത്തുചേരുകയാണ്. രൂപതയ്ക്ക് ശക്തമായ അടിത്തറയിട്ട, നമ്മുടെ ഓർമകളിൽ നിറഞ്ഞുനിൽക്കുന്ന അഭിവന്ദ്യ പിതാവ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടിട്ട് ജൂൺ 11-ാം തീയതി 30 വർഷം പൂർത്തിയാകുന്നു. പിതാവിലൂടെ നമ്മുടെ രൂപതയ്ക്ക് ലഭിച്ച അനുഗ്രഹങ്ങൾക്ക് ഈയവസരത്തിൽ ദൈവത്തിന് നന്ദി പറയാം. ദൈവപിതാവിന്റെ കരുണയ്ക്കുമുമ്പിൽ മങ്കുഴിക്കരി പിതാവിനെ സമർപ്പിക്കുകയും ചെയ്യാം.

ചരമവാർഷികദിനമായ ജൂൺ 11-ാം തീയതി ചൊവ്വാഴ്ചയാണ് അഭിവന്ദ്യ പിതാവിനുവേണ്ടി രൂപതാതലത്തിൽ വി. കുർബാനയും മറ്റു ശുശ്രൂഷകളും നടക്കുന്നത്. അന്ന് രാവിലെ 10.30 ന് മേരിമാതാ കത്തീഡ്രൽ ദൈവാലയത്തിലെ അനുസ്മരണ ശുശ്രൂഷകളിൽ സാധിക്കുന്ന വൈദികരും സന്യസ്തരും മറ്റു വിശ്വാസികളും പങ്കുചേർന്നു പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും സന്യാസഭവനങ്ങളിലും ജൂൺ 11 നോ അതിനടുത്ത ദിവസങ്ങളിലോ മാർ മങ്കുഴിക്കരി അനുസ്മരണദിനമായി ആചരിക്കുമല്ലോ. ഇക്കാര്യം ദൈവജനത്തെ മുൻകൂട്ടി അറിയിക്കുകയും അന്നേദിവസം പള്ളിച്ചെലവിൽ വി. കുർബാനയും ഒപ്പീസും നടത്തുകയും ചെയ്യ ണം. കഴിയുന്നത്ര ആളുകളെ ഇടവകതലത്തിലുള്ള ഈ ഓർമയാചരണത്തിൽ സംബന്ധിക്കുവാൻ ബഹു. വികാരിയച്ചന്മാർ പ്രോൽസാഹിപ്പിക്കുമല്ലോ.

അഭിവന്ദ്യ മങ്കുഴിക്കരി പിതാവിന്റെ മങ്ങാത്ത ഓർമകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും ദൈവസന്നിധിയിൽ പിതാവിനു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടും,

സ്നേഹപൂർവം,

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2024 ജൂൺ 9-ാം തീയതി വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.

# അമ്പത്തിയെട്ടാമത് ആഗോള മാധ്യമ ദിനം സംബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പ നൽകുന്ന സന്ദേശം

**“നിർമിതബുദ്ധിയും ഹൃദയത്തിന്റെ ജ്ഞാനവും : സമ്പൂർണമായ മാനുഷിക ആശയവിനിമയത്തിലേക്ക്”**

പ്രിയ സഹോദരീ സഹോദരന്മാരെ,

ലോകസമാധാനദിനത്തോടനുബന്ധിച്ച് നിർമിത ബുദ്ധിയെക്കു റിച്ചും അതിന്റെ സംവിധാനങ്ങളുടെ വികാസത്തെക്കുറിച്ചും ഒരു സന്ദേശം ഞാൻ നല്കിയിരുന്നു. അറിവിന്റെയും ആശയവിനിമയത്തി ന്റെയും മേഖലയെ സമൂലമായി ബാധിക്കുന്ന സങ്കേതമാണത്. ഇത് സാമൂഹികജീവിതത്തിന്റെ അടിസ്ഥാനശിലകളെത്തന്നെ സ്വാധീനി ക്കാൻ പോന്നതാണ്. ഈ മേഖലയിലെ വിദഗ്ധരെ മാത്രമല്ല ഈ മാറ്റങ്ങൾ ബാധിക്കുക, പ്രത്യുത, നാം ഓരോരുത്തരെയുമത്രേ. അദ്ഭു തകരമായ ഈ നൂതന ആവിഷ്കാരങ്ങളുടെ ത്വരിതഗതിയിലുള്ള വ്യാപനവും അവയുടെ പ്രവർത്തനശൈലിയും സാധ്യതകളും സമഗ്രമായി മനസ്സിലാക്കാനും അംഗീകരിച്ചാസ്വദിക്കാനും ഉള്ള കഴിവ് നമ്മിൽ ഭൂരിഭാഗം ആളുകൾക്കും ഇല്ല. ഒരേസമയം അത് അതിശയിപ്പിക്കുന്നതും വഴിതെറ്റിക്കുന്നതുമത്രേ! മനുഷ്യ സ്വഭാവ ത്തെക്കുറിച്ചും മനുഷ്യന്റെ അനന്യതയെക്കുറിച്ചും മനുഷ്യകുലത്തിന്റെ ഭാവിയെക്കുറിച്ചും ആഴത്തിലുള്ള ചില ചോദ്യങ്ങൾ, സ്വാഭാവിക മായും ഉന്നയിക്കാൻ നിർമിതബുദ്ധിയുടെ ഇക്കാലം നമ്മെ പ്രേരിപ്പി ക്കുന്നുണ്ട്. ഉദാത്തമായ ഒരു ലക്ഷ്യത്തിനുവേണ്ടി ഈ സാംസ്കാരിക പരിണാമത്തെ സമുചിതമായി നയിക്കാനും പൂർണമനുഷ്യനായി വ്യാപാരിക്കാനും എങ്ങനെയാണ് നമുക്ക് സാധിക്കുക?

**ആരംഭം ഹൃദയത്തിൽ നിന്നാകട്ടെ!**

എല്ലാറ്റിനും ഉപരിയായി, കൊടിയ ദുരന്തത്തെക്കുറിച്ചുള്ള പ്രവചനത്തെയും മരവിപ്പ് ഉണ്ടാക്കുന്ന അതിന്റെ പ്രത്യാഘാത ങ്ങളെയും നമുക്കു തള്ളിക്കളയാം. ഒരു നൂറ്റാണ്ടിനു മുൻപ്, റൊമാനോ ഗ്വർദീനി (Romano Guardini) സാങ്കേതികവിദ്യയെക്കുറിച്ചും മനുഷ്യ കുലത്തെക്കുറിച്ചും വിചിന്തനം നടത്തി. ‘അപ്രത്യക്ഷമാകാൻ വിധിക്കപ്പെട്ട മനോഹരമായ ഒരു ലോകത്തെ പരിരക്ഷിക്കാനുള്ള ‘ഉദ്യമത്തിൽ നവമായതിനെ’ തിരസ്കരിക്കരുത് എന്നായിരുന്നു ഗ്വർദീനി നമ്മോടാഹ്വാനം ചെയ്തത്.

അതേസമയം പ്രവാചക ധീരതയോടെ അദ്ദേഹം നല്കുന്ന മുന്നറിയിപ്പ് ഏറെ ശ്രദ്ധേയമായത്രേ!' നാം ആയിരിക്കുന്നത്, നിരന്തരം ആയിത്തീരാനുള്ള പ്രക്രിയ യിലാണ്' (We are constantly in the process of becoming). ഓരോ വ്യക്തിയും തങ്ങളുടേതായ രീതിയിൽ തുറന്ന മനസ്സോടും, മനുഷ്യ ത്വരഹിതവും നശീകരണ സ്വഭാവമുള്ള സകലതിനെയും കുറിച്ചുള്ള തികഞ്ഞ സംവേദനക്ഷമതയോടും ഈ പ്രക്രിയയിലേക്ക് പ്രവേശി ക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ ഉപസംഹാരം ഇങ്ങനെ: 'ഇവയെല്ലാം സാങ്കേതികവും ശാസ്ത്രീയവും രാഷ്ട്രീയവുമായ സമസ്യകളാണ്. എന്നാൽ, അവയ്ക്കുള്ള പരിഹാരം, സമാധാനം, ആരംഭിക്കേണ്ടത് നമ്മുടെ മനുഷ്യസ്വഭാവത്തിൽ നിന്നു തന്നെയാ കണം ആഴമായ ആത്മീയതയും നവമായ സ്വാതന്ത്ര്യവും ആന്തരി കതയും കൊണ്ട് അനുഗൃഹീതമായ പുതിയൊരു മനുഷ്യൻ രൂപപ്പെ ടേണ്ടതുണ്ട്.' [1]

ചരിത്രത്തിലെ ഈ നിർണായകഘട്ടത്തിൽ, സാങ്കേതിക വിദ്യയിൽ സമ്പന്നരായിരിക്കുമ്പോൾ തന്നെ മനുഷ്യത്വത്തിൽ ദരിദ്രരായിരിക്കുന്നതിൽ വലിയ അപകടസാധ്യതയുണ്ട്. അപ്പോൾ നമ്മുടെ പരിചിന്തനങ്ങൾ ആരംഭിക്കേണ്ടത് മനുഷ്യ ഹൃദയത്തിൽ നിന്നു തന്നെയാകണം. [2] സത്യദർശനത്തിൽ ഒരു ആത്മീയ വീക്ഷണം സ്വീകരിക്കുന്നതിലൂടെ, ഹൃദയജ്ഞാനം വീണ്ടെടുക്കുന്ന തിലൂടെ മാത്രമേ നമ്മുടെ കാലഘട്ടത്തിന്റെ നൂതനത്വത്തെ അഭിമുഖീ കരിക്കാനും വ്യാഖ്യാനിക്കാനും സാധ്യമാവൂ! സമ്പൂർണമായ മാനുഷിക ആശയവിനിമയവും അങ്ങനെ മാത്രമേ സാക്ഷാത് കരിക്കാനാവൂ. ബൈബിളിൽ സ്വാതന്ത്ര്യത്തിന്റെയും തീരുമാനങ്ങളെ ടുക്കുന്നതിന്റെയും ഇടമായിക്കാണുന്നത് ഹൃദയത്തെയത്രേ! അത് പ്രതീകവത്കരിക്കുന്നത് ഉദ്ഗ്രഥനവും ഐക്യവുമാണ്. അതേസമയം അത് നമ്മുടെ വികാരവിചാരങ്ങളെയും സ്വപ്നങ്ങളെയും ഉൾക്കൊ ള്ളുന്നുമുണ്ട്. സർവോപരി, ദൈവവുമായി കണ്ടുമുട്ടുന്ന ഒരു ആന്തരിക തലം കൂടി അതിനുണ്ട്. ഹൃദയജ്ഞാനം സാകല്യത്തെ അതിന്റെ വിവിധ ഘടകങ്ങളുമായി സംയോജിപ്പിക്കുന്നതിനുള്ള സവിശേഷ സിദ്ധി നമുക്കു സമ്മാനിക്കാൻ പോന്നതാണ്. നമ്മുടെ തീരുമാനങ്ങളും അവയുടെ പ്രത്യാഘാതങ്ങളും കുലീനതയും രോഗാതുരതയും ഭൂതവും ഭാവിയും വ്യക്തിത്വവും വലിയൊരു സമുദായത്തിലെ അംഗത്വവും എല്ലാം ആശ്ലേഷിക്കുന്ന ഒന്നാണത്.

ഹൃദയത്തിന്റെ ജ്ഞാനം അതിനെ തീക്ഷ്ണതയോടെ അന്വേ ഷിക്കുന്നവർക്ക് സംലഭ്യമാണ്. അതിനെ സ്നേഹിക്കുന്നവർക്ക് അത് ദർശിക്കാനും, അതിനെ ആശ്രയിക്കുന്നവർക്ക് അതു മുൻകൂട്ടിത്തന്നെ

ആർജിക്കാനും കഴിയും. അതിനു യോഗ്യരായവരെ തേടിപ്പോകുന്ന ഒന്നാണത് (ജ്ഞാനം 6:12-16) ഉപദേശം സ്വീകരിക്കുന്നവരുടെ കൂടെയാണ് വിവേകം. (സുഭാഷിതങ്ങൾ 13:10) ശ്രവിക്കാനുള്ള ഹൃദയമുള്ളവനെയും ശിക്ഷണം വേണ്ടവനെയും അത് അനുഗമിക്കും. (1 രാജാ 3:9) പരിശുദ്ധാത്മാവിന്റെ ദാനമായ അത് ദൈവത്തിന്റെ കണ്ണുകളോടെ എല്ലാം ദർശിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു. പാരസ് പര്യത്തെയും സാഹചര്യങ്ങളെയും സംഭവങ്ങളെയും അവയുടെ മൂടുപടം നീക്കി, അവയുടെ യഥാർഥ അർഥതലങ്ങൾ മനസ്സിലാക്കി ത്തരാൻ പോന്നതാണത്. ഇത്തരമൊരു ജ്ഞാനമില്ലാതെ ജീവിതം രുചിയും രൂക്ഷതയുമില്ലാത്തതാകുന്നു. ജ്ഞാനം എന്ന പദത്തിന്റെ കൃത്യമായ അർഥം അതിന്റെ ലത്തീൻ മൂലമായ സപ്പേരെ (sapere) എന്ന പദവും അതിന്റെ നാമം നാമരൂപമായ സപ്പോർ (sapor) എന്ന പദവുമായി ബന്ധപ്പെട്ടാണ് നില്ക്കുന്നത്. 'സപ്പോർ' എന്ന ലത്തീൻ പദത്തിന്റെ അർഥം 'രുചി പകരുക' എന്നർഥം വരുന്ന 'Savour' എന്ന ഇംഗ്ലീഷ് പദവുമായി ബന്ധപ്പെട്ടണ് നില്ക്കുന്നത്.

### അവസരവും അപകടവും

ഇത്തരം ജ്ഞാനം യന്ത്രങ്ങളിൽനിന്നു ലഭ്യമല്ല. നിർമിത ബുദ്ധിയെ ഇന്നു വിളിക്കുന്ന ഓമനപ്പേരാണ് യന്ത്ര പഠനം അഥവാ മെഷീൻ ലേണിങ് (Machine learning). ശാസ്ത്രസാഹിത്യത്തിൽ ഇന്ന് ഉപയോഗിക്കുന്ന സംജ്ഞയാണത്. ഇവിടെ ഉപയോഗിക്കപ്പെടുന്ന ബുദ്ധി (Intelligence) എന്ന പദത്തിന്, മനുഷ്യരെ വഴിതെറ്റിച്ചുനയി ക്കാനുള്ള സ്വഭാവമുണ്ട്. സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് വയ്ക്കുന്നതിനും പരസ്പരം സ്ഥിതിവിവരണ കണക്കുകൾ ബന്ധ പ്പെടുത്തി താരതമ്യം ചെയ്യുന്നതിനും അപഗ്രഥിക്കുന്നതിനും മനുഷ്യ നെക്കാൾ കഴിവ് യന്ത്രത്തിനുണ്ട് എന്ന കാര്യം അവിതർക്കിതമാണ്. എന്നാൽ അവയുടെ അർഥതലങ്ങൾ മനസ്സിലാക്കാൻ മനുഷ്യന് മാത്രമേ സാധിക്കൂ. മനുഷ്യനെപ്പോലെ കാണപ്പെടുന്ന രീതിയിൽ യന്ത്രത്തെ നിർമിക്കുക എന്ന കർമമായി ഇതിനെ ലഘൂകരിച്ചു കാണാനാവില്ല. തങ്ങൾ സർവശക്തരാണെന്ന മിഥ്യാധാരണയുടെ അടിസ്ഥാനം തങ്ങൾ പരിപൂർണമായ സ്വയംഭരണാധികാരം ഉള്ളവ രാണെന്നും കൂടിയാലോചനകൾ ഒന്നും കൂടാതെ തീരുമാനങ്ങൾ കൈക്കൊള്ളാൻ പോന്നവരാണെന്നും ഉള്ള താൻപോരിമയാണ്. സാമൂഹികമായ ഉത്തരവാദിത്വങ്ങളും കടപ്പാടും തങ്ങൾക്കില്ലായെന്നുമാണ് ഈ ചിന്താഗതിക്കാരുടെ അഭിപ്രായം. തങ്ങൾ ദൈവത്തിന്റെ സൃഷ്ടികളാണെന്ന അന്തസ്സും യാഥാർഥ്യവും ഇക്കൂട്ടർ സൗകര്യ പൂർവം മറക്കുകയാണ്.

സർവവും തികഞ്ഞവരല്ല തങ്ങൾ എന്ന യാഥാർത്ഥ്യം എല്ലാ കാലത്തും മനുഷ്യർ തിരിച്ചറിഞ്ഞിട്ടുള്ള ഒരു വസ്തുതയത്രേ. സാധ്യ മായ എല്ലാ

മാർഗങ്ങളും ഉപയോഗിച്ച് ഈ പരിമിതികളെയും രോഗാ തുരതയെയും മുറിവേൽക്കപ്പെടാനുള്ള സാധ്യതയെയും മറികട ക്കാനും തരണം ചെയ്യാനും മനുഷ്യർ യത്നിച്ചിട്ടുണ്ട്. ചരിത്രാതീത കാലം മുതലുള്ള മനുഷ്യന്റെ കലയുടെയും കരകൗശലത്തി ന്റെയും ഉൽപന്നങ്ങളെല്ലാം മനുഷ്യകരങ്ങളുടെ ഒരു വികസിതരൂപം അല്ലെ ങ്കിൽ കൂട്ടിച്ചേർപ്പ് (Extention) അത്രേ. അതുപോലെ, മാധ്യമം (Media) മനുഷ്യർ ഉരുവിട്ട വാക്കുകളുടെ വികസിതരൂപമായി പരിണമിച്ചു. നവസാങ്കേതികവിദ്യ ഉപയോഗിച്ചിട്ടുള്ള അതിസങ്കീർണങ്ങളായ യന്ത്രങ്ങളുടെ സഹായത്താൽ ഇന്ന് മനുഷ്യന്റെ ചിന്തകളെത്തന്നെ സഹായിക്കാമെന്ന അവസ്ഥയാണുള്ളത്. കമ്പ്യൂട്ടർ എന്ന പദത്തിന്റെ ഉല്പത്തി 'കൂടെ ചിന്തിക്കുക' യെന്ന അർഥം വരുന്ന 'Com-puto' (കം - പൂത്തോ) എന്ന ലത്തീൻ പദത്തിൽ നിന്നത്രേ. ഓരോ ഉപകര ണവും ദുരുപയോഗം ചെയ്യാനുള്ള സാധ്യത നിലനില്ക്കുന്നുണ്ട്. ദൈവത്തെ കൂടാതെ ദൈവമാകാനുള്ള ആദിമകാലം തൊട്ടുള്ള, മനുഷ്യന്റെ പ്രലോഭനം തന്നെയാണ് അതിനുള്ള കാരണം (നോക്കുക ഉല്പത്തി 3). ദൈവകൃപപോലെ സൗജന്യമായി ലഭിക്കേണ്ടതും സമ്മാനമായി സ്വീകരിച്ച് സർവരും കൂട്ടായ്മയിൽ ആസ്വദിക്കേണ്ട തുമായതിനെ സ്വന്തം പ്രയത്നത്താൽ നേടിയെടുക്കാം എന്ന ചിന്തയും ഇതിനു പിറകിലുണ്ട്. ഹൃദയത്തിന്റെ ആഭിമുഖ്യവും ചായ്‌വും അനുസരിച്ച്, കരഗതമായിട്ടുള്ളവയെല്ലാം ഒരേ സമയം ഒരവസരവും ഭീഷണിയുമത്രേ. ആശയവിനിമയത്തിനും കൂട്ടാ യ്മയ്ക്കും ആയി സൃഷ്ടിക്കപ്പെട്ട മനുഷ്യശരീരംതന്നെ ഹിംസയു ടെയും കൊടിയ ആക്രമത്തിന്റെയും ഉപകരണമായി മാറാം. അതു പോലെതന്നെ, മനുഷ്യന്റെ സാങ്കേതികമായ കൂട്ടിച്ചേർക്കലുകൾ മനുഷ്യരുടെ സ്നേഹസേവനത്തിനായും ശത്രുതാപരമായ പ്രാമാണ്യ ത്തിനായും അധിനിവേശത്തിനായും ഉള്ള ഉപകരണങ്ങളായി ഉപയോഗിക്കപ്പെടാം. ആർട്ടിഫിഷൽ ഇന്റലിജൻസ് സംവിധാ നങ്ങൾക്ക് അജ്ഞതയെ അകറ്റി, വിവിധ ജനങ്ങൾക്കിടയിലും തലമുറകൾക്കിടയിലും അറിവ് കൈമാറ്റം ചെയ്യുന്നതിനും സഹായ കരമായി വർത്തിക്കാം. ഉദാഹരണത്തിന്, പുരാതനയുഗത്തിലെ രേഖപ്പെടുത്തപ്പെട്ട അറിവിന്റെ ബൃഹത്തായ പൈതൃകത്തെ സംലഭ്യമാക്കാനും മനസ്സിലാക്കിക്കൊടുക്കാനും നിർമ്മിതബുദ്ധിക്കു സാധിക്കും. പൊതുവായ ഒരു ഭാഷയില്ലാത്ത വ്യക്തികൾക്കിടയിലും ആശയവിനിമയം സാധ്യമാക്കാൻ പോന്നതാണത്. എന്നിരുന്നാലും അതേസമയം, വൈജ്ഞാനികമായ മലിനീകരണത്തിന്റെ (Cognitive pollution) ഒരു സ്രോതസായി അതു മാറാം. സത്യത്തെ വക്രീകരിച്ച് ഭാഗികമോ സമ്പൂർണമോ ആയ തെറ്റായ ആഖ്യാനങ്ങളിലൂടെ, അതാണ് സത്യം എന്ന് പ്രചരിപ്പിക്കാനും പ്രക്ഷേപണം ചെയ്തു ജനങ്ങളെ വിശ്വസിപ്പിക്കാനും ഉള്ള സാധ്യത ഏറെയാണ്. വ്യാജ വാർത്തകൾ പ്രചരിപ്പിച്ച് തെറ്റായ വിവരം മനപ്പൂർവം നല്കുക (Disinformation)

എന്നത് ദീർഘകാലമായുള്ള പ്രശ്നമത്രേ. [3] ആഴമായ വ്യാജം (Deep fake) ഉപയോഗിച്ച്, തികച്ചും വിശ്വസ നീയമായ രീതിയിൽ സചിത്രമായി അവതരിപ്പിച്ചുകൊണ്ടുള്ള അസ ത്യപ്രസ്താവനകൾ ഇന്ന് സാധ്യമാണ് [ഞാനും ഇങ്ങനെ ഇരയാ ക്കപ്പെട്ടിട്ടുണ്ട്]. ഒരു വ്യക്തി ഒരിക്കലും പറയാത്ത കാര്യങ്ങൾ പോ ലും, അയാളുടെതന്നെ ശബ്ദവും വാക്കുകളും ഉപയോഗിച്ചു കൊണ്ടുള്ള ശബ്ദ സന്ദേശങ്ങൾ (Audio messages) ഇന്ന് പ്രചരിപ്പി ക്കാനാവും! ഇത്തരം പ്രോഗ്രാമുകളുടെ പുറകിലുള്ള കൃത്രിമ മാതൃ കയും അനുകരണ സാങ്കേതിക വിദ്യയും (Technology of simulation) ചില സാഹചര്യങ്ങളിൽ, മേഖലകളിൽ, ഉപയോഗപ്രദമാണ്. മനുഷ്യ ബന്ധങ്ങളെ വക്രീകരിച്ചു ശിഥിലമാക്കുകയും സത്യത്തെ വളച്ചൊ ടിക്കുകയും ചെയ്യുമ്പോൾ അത് വികൃതമായിത്തീരുന്നു.

നിർമിതബുദ്ധിയുടെ ആദ്യ തരംഗം ഉണ്ടായ സാമൂഹിക മാധ്യമ ങ്ങളിലെ ഈ അവ്യക്തതയും ധൈര്യവും നാം അനുഭവിച്ചറി ഞ്ഞതാണ്. സാമൂഹിക മാധ്യമത്തിന് ഏറെ സാധ്യതയുള്ളപ്പോൾ തന്നെ അപകട സാധ്യതകളും അതുമായി ബന്ധപ്പെട്ട രോഗലക്ഷണ ങ്ങളുമുണ്ട്. നിർമിതബുദ്ധിയുടെ രണ്ടാമത്തെ ലെവലായ, ഉപമേഖ ലയായ ജനറേറ്റിവ് ആർട്ടിഫിഷൽ ഇന്റലിജൻസ് പ്രതിനിധികരി ക്കുന്നത് ഉചിതമായ ഒരു കുതിച്ചുചാട്ടം തന്നെയാണെന്നത് അവിതർ ക്കിതമാണ്. എന്നാൽ ഇവിടെയും വേണ്ട നിയന്ത്രണങ്ങൾ ആവശ്യ മാണ്. അവയെ വേണ്ടവിധം മനസ്സിലാക്കുകയും അംഗീകരിച്ചാദരി ക്കുകയും ചെയ്യുമ്പോൾത്തന്നെ അവ തെറ്റായ കരങ്ങളിൽ എത്ത പ്പെട്ട് ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. മനു ഷ്യധിഷണയുടെയും നൈപുണ്യത്തിന്റെയും ഏത് ഉൽപ്പന്നം പോലെത്തന്നെ അൽഗോരിതങ്ങളും നിഷ്പക്ഷമല്ല. അക്കാരണ ത്താൽ, അവയുടെ ദുരുപയോഗം തടയുന്നതിനുള്ള സത്വരനടപ ടികൾ ആവശ്യമാണ്. ധാർമിക നിയന്ത്രണങ്ങളെ സമാദരിക്കുന്ന മാതൃകകളാണ് നിർദേശിക്കേണ്ടത്. സാമൂഹികനീതിക്കു നിരക്കാ ത്തതും മനുഷ്യർക്കിടയിൽ വിഭാഗീയതയും ശത്രുതയും സൃഷ്ടി ക്കുന്ന തരത്തിൽ അവ ഉപയോഗിക്കപ്പെടാതെ നോക്കേണ്ടതുണ്ട്. ബഹുസ്വരതയെ ഹനിക്കുന്നതിനും പൊതുജനാഭിപ്രായത്തെ ഒരു പ്രത്യേക വിഭാഗത്തിന് വേണ്ടി മാത്രം അട്ടിമറിക്കുന്നതിനും അവസരമൊരുക്കാൻ പാടില്ല. അന്തർദേശീയ സമൂഹത്തോട് എനിക്ക് അഭ്യർഥിക്കാനുള്ളത് 'നിർമ്മിതബുദ്ധിയുടെ വികസനവും വിവിധ രീതിയിലുള്ള ഉപയോഗവും സംബന്ധിച്ച് ഏവർക്കും ബാധകമായ ഒരു അന്തർദേശീയ ഉടമ്പടി രൂപപ്പെടുത്തുന്നതിൽ സഹകരിച്ച് പ്രവർത്തിക്കണമെന്നത്രേ.'[4] അതേസമയം ഏതൊരു മാനുഷിക സാഹചര്യത്തിലുമുള്ളതുപോലെ നിയന്ത്രണങ്ങൾ മാത്രം മതിയാവും എന്നു ധരിക്കരുത്.

## മനുഷ്യത്വത്തിൽ ഉള്ള വളർച്ച

കൂട്ടായ വളർച്ചയിലേക്കാണു നാമേവരും വിളിക്കപ്പെട്ടിരിക്കു ന്നത്. ഈ വളർച്ച മനുഷ്യത്വത്തിലേക്കുള്ള വളർച്ചയും മനുഷ്യ മഹാകുടുംബത്തിന്റെ വളർച്ചയുമത്രേ. ബഹുസ്വരവും വിവിധ വർഗങ്ങ ളെയും ജനത്തിനെയും ഉൾക്കൊള്ളുന്നതും വിവിധ മതങ്ങളെയും സംസ്കാരങ്ങളെയും ആശ്ലേഷിക്കുന്നതുമായ ഒരു സങ്കീർണമായ സമൂഹത്തിന്റെ സംരചനയിൽ ഗുണപരമായ ഒരു കുതിപ്പ് നടത്താൻ നാം വെല്ലുവിളിക്കപ്പെട്ടിരിക്കുകയാണ്. ആശയവിനിമയത്തിന്റെയും വിജ്ഞാനത്തിന്റെയും ഈ പുതിയ ഉപകരണങ്ങളുടെ സൈദ്ധാന്തി കമായ വികാസത്തെക്കുറിച്ചും അവയുടെ ദൈനംദിന ജീവിതത്തിലെ ഉപയോഗത്തെക്കുറിച്ചും ശ്രദ്ധയോടെ വിചിന്തനം നടത്താനും നാം വിളിക്കപ്പെട്ടിരിക്കുന്നു. നന്മയ്ക്കായുള്ള അവയുടെ ബൃഹത്തായ സാധ്യതകളോടൊപ്പം ചില അപകടസാധ്യതകളും അവയെ പിന്തുടരുന്നുണ്ട്. എല്ലാറ്റിനെയും അമൂർത്തമായ കണക്കുകൂട്ടലു കളായി മാറ്റിമറിക്കാനും വ്യക്തികളെ സ്ഥിതിവിവരണ കണക്കായി (Data) മാത്രം ലഘൂകരിച്ച് കാണാനുമുള്ള സാധ്യതയുണ്ട്. ചിന്തയെ ന്നത്, ഒരു യാന്ത്രിക പ്രക്രിയ മാത്രമാണെന്നും അനുഭവജ്ഞാ നമെന്നത്, ഒറ്റപ്പെട്ട കേസാണെന്നും, കരുതാനും നന്മയെ ലാഭമായി മാത്രം നോക്കിക്കാണാനും, സർവോപരി, ഓരോ വ്യക്തിയുടെയും തനിമയും അനന്യതയും നിക്ഷേധിക്കുകയും ചെയ്തുകൊണ്ട് അവന്റെയും അവളുടെയും കഥകളെ നിഷേധിക്കാനും ഉള്ള സാധ്യതയും നിലനില്ക്കുന്നുണ്ട്. സത്യത്തിന്റെയും ഉൺമയുടെയും മൂർത്തഭാവങ്ങൾ, അപ്രകാരം സ്ഥിതിവിവരക്കണക്കുകളുടെയും 'ഡാറ്റ'യുടെയും ബാഹുല്യത്തിന്റെ കോലാഹലങ്ങളിൽ അലിഞ്ഞില്ലാ താവുന്നുവെന്നതാണ്, യാഥാർത്ഥ്യം.

ഡിജിറ്റൽ വിപ്ലവത്തിന് (Digital Revolution) കൂടുതൽ സ്വാത ന്ത്ര്യം നമുക്ക് പ്രദാനം ചെയ്യാനാകുമെങ്കിലും, നമ്മെ ചില മാതൃകക ളുടെ അടിമകളാക്കിത്തീരാൻ അനുവദിച്ചു കൂടാ. 'എക്കോ ചേംബറു കളുടെ തടവുകാരായി തീരുന്നത് ഒട്ടും ആശാസ്യമല്ല. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്, നമ്മുടേതിൽനിന്നും വ്യത്യസ്തമായ വിശ്വാസപ്രമാ ണങ്ങളെയും ചിന്താഗതികളെയും ബദൽ ചിന്തകളെയും പാടെ നിരസിക്കുകയെന്ന ഇടുങ്ങിയ മനോഭാവമത്രേ! ഈ സാഹചര്യ ത്തിൽ, അറിവിന്റെ ബഹുസ്വരത വർധിക്കാതിരിക്കു ന്നതിനു പകരം, ആശയക്കുഴപ്പത്തിന്റെ ചെളിക്കുണ്ടിൽ ഒഴുകി നടക്കാനാവും നമ്മുടെ വിധി. വിപണിയുടെയും അധികാരത്തിൽ വാഴുന്നവരുടെയും ഇരകളായിത്തീരാനും അതുവഴിവയ്ക്കുന്നതാണ്. നിർമ്മിതബുദ്ധി ഉപയോഗപ്പെടുത്തി വിഭാഗീയചിന്ത വളർത്തണമെന്നും സ്ഥിരീകരി ക്കാത്ത വാർത്തകളും കണക്കുകളും അവതരിപ്പിക്കാമെന്നും എഡിറ്റർമാർക്ക് കൂട്ടായി നിന്നുകൊണ്ട് കൃത്യനിർവഹണത്തിൽ വീഴ്ച വരുത്താമെന്നും ഉള്ള ചിന്തകൾ നമുക്ക് സ്വീകാര്യമല്ല. യന്ത്രങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ബൃഹത്തായ സ്ഥിതി വിവരണ കണക്കുകൾ (Big Data) എത്ര തന്നെ അത്യന്താപേക്ഷിത മാണെങ്കിലും വസ്തുതകളുടെ നിജസ്ഥിതി നഷ്ടപ്പെടാനുള്ള വലിയ സാധ്യത അന്തിമവിശലനത്തിൽ നിലനില് ക്കുന്നതായി കാണാം. വ്യക്തികൾക്കിടയിലെ ആശയവിനിമയത്തിന് വിഘാതമായിത്തീരുന്ന ഈ സാഹചര്യം നമ്മുടെ മാനവികതയ് ക്കുതന്നെ ഭീഷണിയത്രേ. അറിവിനെ

സജീവമായ, ഊഷ്മളമായ മനുഷ്യബന്ധത്തിൽ നിന്നു വേർപെടുത്താനാവില്ല. മനുഷ്യ ശരീരവും യഥാർഥജീവിതത്തിലെ ഇടപെടലും മുഴുകലും അതിലുൾപ്പെടുന്നുണ്ട്. സ്ഥിതിവിവരണ കണക്കുകളും ഡാറ്റയുമായി മാത്രമല്ല അത് ബന്ധപ്പെട്ടിരിക്കുന്നത്, പ്രത്യുത മനുഷ്യന്റെ അനുഭവജ്ഞാനവു മായിട്ട് കൂടിയാണ്. അതിനു വേണ്ടത്, സംവേദന ക്ഷമതയും അനുകമ്പയും പങ്കുവെക്കലുമാണ്. ഇതര മനുഷ്യരുടെ മുഖവും മുഖഭാവങ്ങളും തിരിച്ചറിയാൻ നമുക്ക് സാധിക്കണം.

ഇവിടെ യുദ്ധകാര്യങ്ങൾ റിപ്പോർട്ടു ചെയ്യുന്നതിനെക്കുറിച്ചു ചിന്തിച്ചു പോകുന്നു, ഒപ്പം ഒരു സമാന്തര യുദ്ധത്തെക്കുറിച്ചും. ഈ സമാന്തര യുദ്ധം നടക്കുന്നത് വ്യാജ പ്രചരണങ്ങൾ വഴിയത്രെ. യുദ്ധം റിപ്പോർട്ട് ചെയ്യുന്നതിനിടയിൽ മുറിവേൽക്കപ്പെടുകയും കൊല്ലപ്പെ ടുകയും ചെയ്യുന്നവരെയും ഞാൻ അനുസ്മരിക്കുന്നു. അവർ കണ്ട കാര്യങ്ങൾ നമ്മെ കാണിക്കാനുള്ള ശ്രമത്തിലാണ് അവർക്കിങ്ങനെ സംഭവിച്ചത്. യുദ്ധത്തിന്റെ അർത്ഥമില്ലായ്മയിലേക്കാണ് യുദ്ധം മൂലം സഹിക്കേണ്ടിവരുന്ന കുഞ്ഞുങ്ങളുടെയും സ്ത്രീകളുടെയും പുരുഷന്മാരുടെയും തീവ്രമായ അനുഭവം നമ്മെ പഠിപ്പിക്കുന്നത്. ആശയവിനിമയമേഖലയിൽ ആശ്വാസമായ, സർഗാത്മകമായ സംഭാ വനകൾ നൽകാൻ നിർമ്മിതബുദ്ധിയുടെ ഉപയോഗം വഴി സാധിക്കും. പ്രഫഷ്ണൽ ജേണലിസത്തെ അത് തുടച്ചുനീക്കാതി രുന്നാൽ മാത്രം മതി. ജേണലിസത്തെ സഹായിക്കുന്നവിധമാവണം അതിന്റെ പ്രവർ ത്തനശൈലി. ആശയവിനിമയത്തിന്റെ പ്രഫഷ്ണൽ സ്വഭാവത്തെ അംഗീകരിക്കുന്നതുമായിരിക്കണം അത്. തന്റെ ഉത്തരവാദിത്തങ്ങളെ കുറിച്ച് കൂടുതൽ അവബോധമുള്ളവരായിരിക്കണം ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഓരോ വ്യക്തിയും. അപ്രകാരം അവരെല്ലാവരും വിവേക ബുദ്ധിയോടെ ആശയവിനിമയ മേഖലയിൽ പങ്കാളികളാവട്ടെ!

ഇന്നത്തെയും ഭാവിയിലെയും ചില ചോദ്യങ്ങൾ. ഈ വിഷയ ത്തിൽ സ്വാഭാവികമായി ഉയരുന്ന ഏതാനും ചോദ്യങ്ങളുണ്ട്. പ്രൊഫ ഷനലിസത്തെയും ഈ മേഖലയിൽ സേവനം ചെയ്യുന്നവരെയും എങ്ങനെയാണ് നാം പരീക്ഷി ക്കുക? ഒപ്പം, ലാകമാസകലമുള്ള, അറിവിന്റെയും ആശയവിനിമയത്തിന്റെയും ഉപഭോക്താക്കളുടെ സംരക്ഷണം എങ്ങനെ സാധ്യമാവും? വിവിധങ്ങളായ പ്ലാറ്റ്ഫോമുകൾ ക്കിടയിലെ പ്രവർത്തനങ്ങൾ എങ്ങനെ ഉറപ്പുവരുത്താം? എങ്ങനെ പരസ്പരപൂരകമായി പ്രവർത്തിക്കാനാകും? ഡിജിറ്റൽ പ്ലാറ്റ്ഫോ മുകൾ വികസിപ്പിച്ചെടുക്കുന്ന ബിസിനസുകാരെ ഉള്ളടക്കവും പരസ്യവും സംബന്ധിച്ച കാര്യങ്ങളിൽ, മറ്റുപരമ്പരാഗത മാധ്യമങ്ങ ളുടെ എഡിറ്റർമാരെപ്പോലെ തന്നെ എങ്ങനെ ഉത്തരവാദികളായി പരിഗണിക്കാം? അൽഗോരിതം ഉപയോഗിക്കുന്നതിന്റെ മാനദണ്ഡ ങ്ങൾ - ഇൻഡക്സിങ്ങിനും ഡീ-ഇൻഡക സിങ്ങിനുമായിട്ടുള്ള - എങ്ങനെ കൂടുതൽ സുതാര്യമാക്കിത്തീർക്കാം? വ്യക്തികൾ, അഭിപ്രാ യങ്ങൾ, ചരിത്രം, സംസ്കാരം എന്നിവ ആഘോഷിക്കാനും റദ്ദാ ക്കാനും സമൃദ്ധമായ സേർച്ച് എഞ്ചിനുകളുടെ കാര്യത്തിലും ഇത് പ്രസക്തമാണ്. വിവര പരിശോധന പ്രക്രിയയുടെ സുതാര്യത എങ്ങനെ നമുക്ക് ഉറപ്പിക്കാനാവും? എഴുത്തിന്റെ യഥാർത്ഥ സ്രോത സ്സും പിതൃത്വവും എങ്ങനെ കണ്ടെത്താനാവും? അജ്ഞാത നാമത്തിന്റെ രക്ഷാകവചത്തിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന സ്രോതസ്സ് എങ്ങനെ കണ്ടെത്താം? ഒരു സംഭവത്തെക്കുറിച്ചുള്ള

ചിത്രം (Image) അല്ലെ ങ്കിൽ വീഡിയോ (Video) യഥാർത്ഥമാണോ അല്ലെങ്കിൽ കൃത്രിമമായി സൃഷ്ടിച്ചതാണോ (Simulated) എന്ന് എങ്ങനെ വ്യക്തമാക്കാം? ഒറ്റ സ്രോതസ്സ് മാത്രമായി പരിമിതപ്പെടുത്താനുള്ള സാധ്യതയെ എങ്ങനെ നിരോധിക്കാനാവും? ഒരു അൽഗോരിതം മാത്രമുപയോഗിച്ച് ഒരു സമീപനം (രീതിശാസ്ത്രം) മാത്രം ഇവിടെ ഉപയോഗിക്കപ്പെടുന്നു. ഇതിനുപകരം, ബഹുത്വാത്മകത (Pluralism) നിലനിർത്തിക്കൊണ്ട് യാഥാർത്ഥ്യത്തിന്റെ സങ്കീർണ്ണതകളെ മുഴുവൻ ചിത്രീകരിക്കുന്ന രീതിയിൽ ഒരു അന്തരീക്ഷം എങ്ങനെ നിലനിർത്താനാവും? സാങ്കേതികവിദ്യയെ എങ്ങനെ സുസ്ഥിരമാക്കാം? (Sustainable). അത്രമേൽ ശക്തവും ഭാരിച്ച ചെലവുള്ളതും ഊർജ്ജത്തിന്റെ ഉപയോഗം ഏറിയതോതിലുമുള്ളതുമായ ഒന്നാണീ സാങ്കേതിക വിദ്യ എന്നോർക്കണം. വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളിൽകൂടി ഇവയുടെ ലഭ്യത എങ്ങനെ നേടിയെടുക്കാം?

ഈ വിധത്തിലുള്ള ചോദ്യങ്ങൾക്കും മറ്റു ചോദ്യങ്ങൾക്കും നാം നൽകുന്ന ഉത്തരം ഏറെ പ്രസക്തമത്രേ. നിർമ്മിതബുദ്ധി പുതിയ വർഗ്ഗങ്ങളെ (new castes) അതിന്റെ ലഭ്യതയനുസരിച്ച് സൃഷ്ടിക്കുമോ? പുതിയ രീതിയിലുള്ള ചൂഷണങ്ങൾക്കും അവസരമില്ലായ്മയ്ക്കും ആസന്തുലിതാവസ്ഥയ്ക്കും നിർമ്മിതബുദ്ധി വഴിയൊരുക്കുമോ? മറിച്ച് ശരിയായ വിവരങ്ങൾ നല്കിക്കൊണ്ട് അതിന് കൂടുതലായി സമത്വം സൃഷ്ടിക്കാൻ സാധിക്കുമോ? അതിനു വേണ്ടത് നാം അനുഭവിക്കുന്ന ഐതിഹാസികമായ ഈ മാറ്റത്തെ കുറിച്ചുള്ള കൂടിയതോതിലുള്ള അവബോധമത്രേ. കൂട്ടായ്മയിലൂടെ മാത്രമേ നമ്മുടെ വിവേചന ശക്തിയെ നമുക്ക് വർദ്ധിപ്പിക്കാനും ജാഗ്രതയെ കൂടുതൽ സൂക്ഷ്മമാക്കാനും സാധിക്കുകയുള്ളൂ. അവയുടെ സാക്ഷാത്കാര ത്തിന്റെ പ്രകാശത്തിൽ വേണം നാം കാര്യങ്ങളെ കാണാൻ. അല്ലെങ്കിൽ നമ്മുടെ മനുഷ്യത്വത്തിന്റെ ദിശാബോധം തന്നെ നഷ്ടപ്പെടാം. എല്ലാറ്റിനും മുമ്പ് സൃഷ്ടിക്കപ്പെട്ട ജ്ഞാനം നമുക്കു തേടാം. (നോക്കുക, പ്രഭാഷകൻ 1:4) നിർമിതബുദ്ധിയുടെ സംവിധാന ങ്ങൾ മനുഷ്യത്വ സമ്പൂർണ്ണമായ ആശയവിനിമയത്തിന്റെ ശുശ്രൂഷയ് ക്കും സേവനത്തിനുമായി നമ്മെ സഹായിക്കുന്നതാണ്.

**ഫ്രാൻസിസ് മാർപാപ്പ**

റോം : സെന്റ് ജോൺ ലാറ്ററൻ,24 ജനുവരി, 2024

1. *Letters from Lake Como.*
2. *The 2024 Message for the World Day of Social Communications takes up the preceding Messages devoted to encountering persons where and how they are (2021), to hearing with the ear of the heart (2022) and speaking to the heart (2023).*
3. *Cf. "The Truth Will Make You Free" (Jn 8:32). Fake News and Journalism for Peace, Message for the 2018 World Day of Social Communications.*
4. *Message for the 57th World Day of Peace, 1 January 2024, 8.00154-EN.01[Original test: Italian]*

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ ഇടവക വൈദികർക്ക് നൽകുന്ന കത്ത്

പ്രിയ സഹോദരവൈദികരേ,

'സിനഡിനുവേണ്ടി ഇടവകവൈദികർ' (Parish Priests for the Synod') എന്ന അന്താരാഷ്ട്ര സമ്മേളനവും നിങ്ങളെല്ലാവരോടുമാ യുള്ള സംവാദവും കഴിഞ്ഞിരിക്കുന്ന പശ്ചാത്തലത്തിൽ ലോകം മുഴുവനു മുള്ള ഇടവകവൈദികർക്കുവേണ്ടി പ്രാർഥിക്കാൻ എനിക്ക് ഒരു അവസരം ലഭിച്ചിരിക്കുന്നു.നിങ്ങളെ എല്ലാവരെയും ഈ വാക്കുകളാൽ ഞാൻ സ്നേഹപൂർവം അഭിസംബോധന ചെയ്യുന്നു.

ഇക്കാര്യം വ്യക്തവും അതേസമയം വളരെ സാധാരണവും ആണെന്ന് തോന്നുന്നെങ്കിലും, ഇത് അതിനെ ഒട്ടും അയാഥാർത്ഥ്യമാ ക്കുന്നില്ല: നിങ്ങളുടെ സമർപ്പണവും അജപാലന ശുശ്രൂഷയും കൂടാതെ സഭയ്ക്ക് മുന്നോട്ടു പോകാനാവില്ല. അതിനാൽ സർ വോപരി, എല്ലാത്തരം നിലത്തും സുവിശേഷത്തിന്റെ വിത്തുകൾ വിതച്ചുകൊണ്ട് (മർക്കോ 4:1-25) ഓരോ ദിവസവും നിങ്ങൾ ചെയ്യുന്ന ഉദാരമായ ജോലിക്കു ഞാൻ നിങ്ങളെ അഭിനന്ദിക്കുകയും നിങ്ങൾക്ക് നന്ദിപറയുകയും ചെയ്യുന്നു.

പങ്കുവയ്ക്കലിന്റെ ഈ ദിവസങ്ങളിൽ നിങ്ങൾ അനുഭവിച്ചറി ഞ്ഞതുപോലെ, നിങ്ങൾ ശുശ്രൂഷ നടത്തിവരുന്ന ഇടവകകൾ വളരെ വ്യത്യസ്തങ്ങളായ തലങ്ങളിലുള്ളവയാണ്: വലിയ നഗരങ്ങളുടെ പിന്നാമ്പുറങ്ങൾ തുടങ്ങി - ബോയ്നോസ് ഐറസിൽ എനിക്കത് വ്യക്തിപരമായി അറിയാവുന്നതാണ് - വളരെ കുറച്ചുമാത്രം ജനസാന്ദ്രതയുള്ള ഒരു പ്രോവിൻസിന്റെതന്നെ എന്നു പറയാവുന്ന വളരെ വിശാലമായ ഭൂപ്രദേശങ്ങൾവരെയുള്ളവ; പല യൂറോപ്യൻ രാജ്യങ്ങളിലെയും നഗര കേന്ദ്രങ്ങൾ തുടങ്ങി, അതായത്, വളരെ വലിയ പുരാതന ബസിലിക്കകൾ ഉള്ളവയിൽ എന്നാൽ ശോഷിക്കു ന്നതും പ്രായമാകുന്നതുമായ ഇടങ്ങൾ തുടങ്ങി, വലിയ വൃക്ഷങ്ങ ളുടെ ശാഖകളുടെകീഴിൽ ആരാധനാചരണങ്ങൾ നടത്തേണ്ടിവരുന്ന ഇടങ്ങൾ വരെയുള്ളവ; ഈ ഇടങ്ങളിൽ പക്ഷികളുടെ പാട്ട് ചെറിയ കുട്ടികളുടെ സ്വരങ്ങളുമായി കലർന്നുപോകാറുണ്ട്.

ഇടവകവൈദികർക്ക് ഇക്കാര്യം നന്നായി അറിയാം. എന്തെ ന്നാൽ, ദൈവജനത്തിന്റെ ജീവിതത്തിലെ സന്തോഷങ്ങളും ബുദ്ധി മുട്ടുകളും അവരുടെ വിഭവങ്ങളും അവരുടെ ആവശ്യങ്ങളും അവർ ക്കറിയാം. ഇക്കാരണത്താൽ, ഒരു സിനഡാത്മകസഭയ്ക്ക് അതിന്റെ ഇടവക വൈദികരെകൊണ്ട് ആവശ്യമുണ്ട്. എപ്രകാരമാണ് ഒരുമിച്ച് സഞ്ചരിക്കേണ്ടതെന്നും എങ്ങനെയാണ്

സിനഡാത്മകതയുടെ പാതയിൽ മുന്നേറേണ്ടതെന്നും വൈദികരില്ലാതെ നമുക്കറിയാനാ വില്ല. സിനഡാത്മകപാതയാണ് മൂന്നാം സഹസ്രാബ്ദത്തിലെ സഭയിൽ നിന്ന് ദൈവം പ്രതീക്ഷിക്കുന്നത്"[1].

ജ്ഞാനസ്നാനം സ്വീകരിച്ചവർ എല്ലാവരും സുവിശേഷം പ്രഘോഷിക്കുക എന്ന ഏക ദൗത്യത്തിൽ പങ്കാളികളായികൊണ്ട് ഇടവക സമൂഹങ്ങൾ തിരിച്ചറിയപ്പെട്ടില്ലെങ്കിൽ നമ്മൾ ഒരിക്കലും സിനാഡാത്മകവും പ്രേഷിതപരവും ആയ ഒരു സഭയായി തീരുക യില്ല. ഇടവകകൾ സിനഡാത്മകവും പ്രേഷിതപരവും അല്ലെങ്കിൽ സഭ ഒരിക്കലും അപ്രകാരമായിത്തീരില്ല. മെത്രാന്മാരുടെ സാധാരണ സിനഡിന്റെ പതിനാറാമത് പൊതുസമ്മേളനത്തിന്റെ ആദ്യ സെഷ നിലെ സംഗ്രഹ റിപ്പോർട്ട് (TheSynthesis Report of the First Session of the XVI Ordinary General Assembly of the Synod of Bishops) ഇക്കാര്യത്തിൽ വളരെ വ്യക്തത ഉള്ളതാണ്. ഇടവകകൾ, അവയുടെ ഘടനയിൽ തുടങ്ങി ഇടവക സമൂഹത്തിന്റെ ജീവിതംമുഴുവൻ അവലോകനം ചെയ്യാൻ ക്ഷണിക്കപ്പെടുന്നു: പ്രഥമമായും പ്രേഷിതദൗത്യത്തിന്റെ ഭാഗമായി ചെയ്യുന്ന പ്രവൃത്തി, പ്രത്യേകിച്ച് കുടുംബജീവിതത്തിലും തൊഴിലിടത്തും ചെയ്യുന്നത്, അതും തങ്ങളുടെ സ്വന്തം പ്രവൃത്തി കളിലും ഘടനാപരമായ ആവശ്യങ്ങളിലും മാത്രം ഊന്നിനിൽക്കാതെ ചെയ്യുന്നവ' (8.1). ജ്ഞാനസ്നാനം സ്വീകരിച്ചവർ പ്രേഷിത ശിഷ്യ രായി പുറപ്പെടുകയും, തങ്ങളുടെ സാക്ഷ്യംവഴിയായി കർത്താവ് ചെയ്ത അദ്ഭുതകൃത്യങ്ങൾ വിവരിക്കാനായി സന്തോഷപൂർവ്വം തിരികെവരികയും ചെയ്യുന്ന ഇടങ്ങളായി ഇടവകസമൂഹങ്ങൾ വർധിതമാംവിധം പരിണമിക്കേിയിരിക്കുന്നു (ലൂക്കാ 10:17 കാണുക).

ഇടയന്മാർ എന്ന നിലയിൽ, നമ്മൾ ശുശ്രൂഷചെയ്യുന്ന സമൂഹ ങ്ങളെ ഈ പ്രക്രിയയിൽ അനുഗമനം ചെയ്യാൻ നാം ക്ഷണിക്കപ്പെട്ടി രിക്കുന്നു; അതേസമയംതന്നെ പ്രാർഥന, വിവേചിച്ചറിയൽ, അപ്പസ് തോലിക തീക്ഷ്ണതഎന്നിവകൊണ്ട് പ്രതിജ്ഞാബദ്ധരായിരി ക്കാനും നമ്മുടെ ശുശ്രൂഷ സിനഡാത്മകവും പ്രേഷിതപരവുമായ ഒരു സഭയ്ക്ക് ചേർന്നവിധം ആയിരിക്കുന്നതിനും നാം ക്ഷണിക്കപ്പെ ട്ടിരിക്കുന്നു. ഈ വെല്ലുവിളി പാപ്പായുടെയും മെത്രാൻമാരുടെയും റോമൻ കൂരിയായുടെയും ഇടവക വൈദികർ എന്ന നിലയിൽ നിങ്ങ ളുടെ ഓരോരുത്തരുടെയും മുമ്പിൽ പ്രതിഷ്ഠിക്കപ്പെടുന്നു. നമ്മെ വിളിക്കുകയും നമ്മെ അഭിഷേചിക്കുകയും ചെയ്ത കർത്താവ് ഇന്ന് നാം അവിടത്തെ ആത്മാവിന്റെ സ്വരം ശ്രവിക്കാനും അവിടന്ന് നമുക്ക് ചൂണ്ടിക്കാണിച്ചുതരുന്ന ദിശയിലേക്ക് മുന്നേറാനും ആഹ്വാനം ചെയ്യുന്നു. ഒരു കാര്യത്തെക്കുറിച്ച് നമുക്ക് നിശ്ചയമുണ്ട്: തന്റെ കൃപ നൽകാതെ അവിടന്ന നമ്മെ ഒരിക്കലും വിട്ടുകളയുകയില്ല. നമ്മുടെ പാതയിൽ, നമ്മുടെ ശുശ്രൂഷയിൽ, നമ്മെ ക്ഷീണിതരാക്കുന്ന കാര്യ ങ്ങളിൽനിന്ന് എങ്ങനെ നമുക്ക് സ്വതന്ത്രരാകാൻ ആകുമെന്ന് നാം കണ്ടെത്തും, അതോടൊപ്പംതന്നെ അതിന്റെ ഏറ്റവും ആധികാരി കമായ അന്തസത്തെയും വീണ്ടും തിരിച്ചറിയും; അതായത്,

ദൈവവചനത്തിന്റെ പ്രഘോഷണവും സമൂഹത്തെ അപ്പം മുറിക്കലിനായി ഒന്നിച്ചു ചേർക്കുന്നതും.

ആകയാൽ, ഇടവകവൈദികർ എന്ന കർത്താവിന്റെ വിളി സ്വീകരിക്കാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു, അതായത്, സിനഡാത്മകവും പ്രേഷിതപരവുമായ ഒരു സഭയെ പടുത്തുയർ ത്തുന്നവരും ആ ലക്ഷ്യം പ്രാപിക്കുന്നതിനായി താല്പര്യപൂർവ്വം ഇറങ്ങിത്തിരിക്കുന്നവരും ആയിരിക്കാൻ. ഈ ലക്ഷ്യപ്രാപ്തിക്കായി, ഇടയന്മാർ എന്ന നിലയിൽ നിങ്ങളുടെ ജീവിത ശൈലിയെയും പ്രവർത്തനത്തെയും പ്രചോദിപ്പിക്കാനായി ഞാൻ മൂന്ന് നിർദ്ദേശങ്ങൾ നൽകട്ടെ:

1. നിങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന സവിശേഷമായ ശുശ്രൂഷാസിദ്ധി (ministerial charism) ഊർജ്ജിതമായ രീതിയിൽ ദൈവജനത്തിന്റെ ഇടയിൽ ആത്മാവ് വിതയ്ക്കുന്ന വ്യത്യസ്തങ്ങളായ ദാനങ്ങളുടെ ശുശ്രൂഷ എന്നവിധം ചെയ്തു തീർക്കുവിൻ. അല്മായരുടെ ഉന്ന തവും താഴ്ന്നതുമായ വിവിധതരത്തിലുള്ള സിദ്ധികൾ വിശ്വാസ ത്തിന്റെ ചൈതന്യത്തിൽ കണ്ടുപിടിക്കുക' (വൈദിക ശുശ്രൂഷയും ജീവിതവും സംബന്ധിച്ച രണ്ടാം കൗൺസിലിന്റെ ഡിക്രി: Presbyterorum Ordinis), എന്നത് അടിയന്തരമായി ചെയ്യേണ്ടതാണ്. പ്രസ്തുത സിദ്ധികൾ എല്ലാത്തരം മാനുഷിക ചുറ്റുപാടുകളെയും സാഹചര്യങ്ങളെയും സുവിശേഷവൽക്കരിക്കുന്നതിന് അനിവാര്യ മായിരിക്കും. അതുവഴിയായി, മറഞ്ഞിരിക്കുന്ന ധാരാളം നിധികൾ നിങ്ങൾ വെളിച്ചത്തുകൊണ്ടുവരികയും സുവിശേഷവൽക്കരണം എന്ന ശ്രമകരമായ പ്രവർത്തനത്തിൽ നിങ്ങൾ ഏകാകികൾ അല്ലെന്ന് നിങ്ങൾക്ക് ബോധ്യപ്പെടുകയും ചെയ്യുമെന്ന് ഞാൻ നിശ്ചയമായും വിശ്വസിക്കുന്നു. അപ്പോൾ നിങ്ങൾ മറ്റുള്ളവരുടെ മേൽ ആധിപത്യം പുലർത്തുന്നവരല്ല, മറിച്ച് സ്ത്രീപുരുഷന്മാരിൽ നിന്ന് മഹത്തരവും അമൂല്യവുമായ സാധ്യതകൾ പുറത്തുകൊണ്ടു വരുന്ന യഥാർഥ പിതാക്കന്മാരുടെ ആനന്ദം നിങ്ങൾ അനുഭവിക്കു കയും ചെയ്യും.

2. സാമൂഹ്യവിവേചിച്ചറിയലിന്റെ കല നിങ്ങൾ അഭ്യസിക്കണമെന്ന് (learn the art of communal discernment) ഞാൻ ഹൃദയപൂർവം ആഗ്ര ഹിക്കുന്നു. അതിനായി നിങ്ങൾ 'ആത്മാവിലുള്ള സംഭാഷണം' ('conversation in the Spirit') എന്ന രീതി അവലംബിക്കുന്നത് നന്നായി രിക്കും; സിനഡാത്മക സഞ്ചാരത്തിലും സിനഡാത്മക സമ്മേളന ത്തിന്റെ പ്രക്രിയയിൽത്തന്നെയും അത് വളരെ ഉപകാരപ്രദമായി രുന്നു. അതുവഴിയായി, നിങ്ങൾ അനേകം സത്ഫലങ്ങൾ നേടു മെന്ന് എനിക്ക് തീർച്ചയുണ്ട്; അത് ഇടവകസമിതികൾ (parish councils) എന്ന കൂട്ടായ്മയുടെ ഘടനകളിൽ മാത്രമായിരിക്കുക യില്ല ഒതുങ്ങുന്നത്, മറിച്ച് മറ്റെല്ലാ രംഗങ്ങളിലും അതിന്റെ പ്രതിഫലനമുാകും. സമഗ്ര റിപ്പോർട്ട് (Synthesis Report) വ്യക്തമാക്കു ന്നതുപോലെ വിവേചിച്ചറിയൽ എന്നത് ഒരു സിനഡാത്മക സഭയുടെ പ്രവൃത്തിയുടെ ഒരു മുഖ്യ അംശമാണ്: അജപാലന സാഹചര്യങ്ങളിൽ വിവേചിച്ചറിയൽ അഭ്യസിക്കുന്നത് വളരെ

പ്രധാനപ്പെട്ടതാണ്; സഭാത്മകജീവിതത്തിന്റെ മൂർത്തഭാവങ്ങൾ പ്രകാശിപ്പിക്കുന്നതിനായി അത് വ്യത്യസ്തങ്ങളായ സാഹചര്യ ങ്ങൾ അനുസരിച്ച് രൂപപ്പെടുത്തിയിരിക്കുന്നു. സമൂഹത്തിൽ സന്നി ഹിതമായിരിക്കുന്ന സിദ്ധികൾ നന്നായി തിരിച്ചറിയുന്നതിന് ഇത് സഹായകമാകും; അതായത്, യുക്തിപൂർവം ഉത്തരവാദിത്വങ്ങളും ശുശ്രൂഷകളും വിഭജിച്ചുകൊടുക്കുന്നതിനും ആത്മാവിന്റെ പ്രകാശ ത്താൽ അജപാലനപദ്ധതികൾ കരുപ്പിടിപ്പിക്കുന്നതിനും അത് കേവലം സാധാരണയുള്ള പ്രവർത്തനപദ്ധതികളുടെ നിവർത്തി യാക്കൽ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽനിന്ന് വ്യത്യസ്തമാണെന്ന് മനസ്സിലാക്കു ന്നതിനുമാണ്' (2.1).

3. അവസാനമായി, നിങ്ങളുടെ എല്ലാ പ്രവൃത്തികളും നിങ്ങൾ തമ്മിലും നിങ്ങളുടെ മെത്രാന്മാരുമായി പങ്കുവെയ്ക്കലിന്റെയും സാഹോദര്യത്തിന്റെയും ചൈതന്യത്തിൽ നിർവഹിക്കണമെന്നു ഞാൻ ആഹ്വാനം ചെയ്യുന്നു. നിനക്ക് ലഭിച്ച ദൈവദാനം ഉജ്വലി പ്പിക്കുക' (2 തിമോ 1:6) എന്ന വിഷയവുമായി സംഘടിപ്പിച്ച വൈദി കരുടെ സ്ഥിരം രൂപവൽക്കരണത്തിനായുള്ള അന്താരാഷ്ട്ര സമ്മേള നത്തിൽ' (International Conference for the Permanent Formation of Priests) നിന്നുവന്ന ശക്തമായ ഒരു സന്ദേശമാണിത്. ഇക്കഴിഞ്ഞ ഫെബ്രു വരി മാസത്തിൽ ഇവിടെ റോമിൽ നടന്ന ഈ സമ്മേളനത്തിൽ 18 രാഷ്ട്രങ്ങളെ പ്രതിനിധീകരിച്ച് ഈ രംഗത്ത് പ്രവർത്തിക്കുന്ന എണ്ണൂറിൽപരംപേർ, അതായത്, മെത്രാന്മാർ, വൈദികർ സമർപ്പിതസ്ത്രീപുരുഷന്മാർ, അല്മായർ എന്നിവർ, പങ്കെടുക്കുക യുണ്ടായി. ആദ്യം നമ്മൾ പുത്രന്മാരും സഹോദരരും ആയെങ്കിൽ മാത്രമേ തുടർന്ന് നമുക്ക് യഥാർഥ പിതാക്കന്മാർ ആയിത്തീരാ നാവൂ. നമ്മുടെ കരങ്ങളിൽ ഭരമേൽപ്പിക്കപ്പെട്ട സമൂഹങ്ങളിൽ കൂട്ടായ്മയും പങ്കാളിത്തവും വളർത്തണമെങ്കിൽ എല്ലാറ്റിനും ഉപരിയായി ആദ്യം ആ യാഥാർഥ്യങ്ങൾ നമ്മുടെ ഇടയിൽത്തന്നെ വളർത്തിയെടുക്കണം. നമ്മുടെ അജപാലന പരമായ ഉത്തര വാദിത്വങ്ങളുടെ സ്ഥിരമായ സമ്മർദത്തിന്റെ പശ്ചാത്തലത്തിൽ ഇക്കാര്യം അത്ര എളുപ്പമുള്ളതല്ലെന്ന് ഞാൻ മനസ്സിലാക്കുന്നു; ഒരുപക്ഷേ, ഇത് സമയം പാഴാക്കുന്നതായും തോന്നിയേക്കാം; എന്നാൽ സത്യം മറിച്ചാണ്. യഥാർഥത്തിൽ ഈ രീതിയിൽ മാത്രമേ നാം വിശ്വസനീയർ ആവുകയുള്ളൂ; അപ്പോൾ നമ്മുടെ പ്രവർത്തനം മറ്റുള്ളവർ മുമ്പേതന്നെ ഒരുമിച്ചു കൂട്ടിയത് ചിതറി ക്കുന്നതായി ഭവിക്കുകയില്ല.

സിനഡാത്മകവും പ്രേഷിത പരവുമായ സഭയ്ക്കു മാത്രമല്ല ഇടവക വൈദികരെക്കൊണ്ട് ആവശ്യം. ഒരു സിനഡാത്മക സഭയ്ക്കു വേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിത ദൗത്യം' എന്ന വിഷയവു മായി 2021 മുതൽ 2024 വരെ മുന്നേറുന്ന സിനഡിന്റെ തുടർപ്രക്രിയ യിലും നിങ്ങളെക്കൊണ്ട് ആവശ്യമുണ്ട്.

വരുന്ന ഒക്ടോബർ മാസ ത്തിൽ അതിന്റെ രണ്ടാം സെഷൻ നടക്കുന്നതിലേക്ക് നാം ഉറ്റുനോക്കി കൊണ്ടിരിക്കുകയാണ്; അതിനുവേണ്ടി ഒരുങ്ങാനായി, നിങ്ങളുടെ സ്വരം കേൾക്കേണ്ടതായുണ്ട്.

അക്കാരണത്താൽ സിനഡിനുവേണ്ടി ഇടവക വൈദികർ' എന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവരെയും സിനഡാ ത്മകതയുടെ പ്രേഷിതരായി രിക്കാൻ ഞാൻ ക്ഷണിക്കുന്നു. നിങ്ങൾ പരസ്പരവും, തുടർന്ന് നിങ്ങൾ നിങ്ങളുടെ കർമരംഗങ്ങളിൽ എത്തു മ്പോൾ നിങ്ങളുടെ സഹ ഇടവകവൈദികരുമായും സിനഡാത്മക തയുടെ പ്രേഷിതരായിരിക്കുവിൻ. ഇടവക വൈദികരുടെ ശുശ്രൂഷ യുടെ നവീകരണം ലക്ഷ്യം വെച്ചുകൊണ്ട് സിനഡാത്മകവും പ്രേഷിതപരവുമായ ഒരു മനോഭാവത്തോടെ നിങ്ങൾ വിചിന്തനം നടത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെ സിനഡിന്റെ ജനറൽ സെക്രട്ടറിയേറ്റിന് നിങ്ങളുടെ സവിശേഷമായ സംഭാവനകൾ സ്വീകരിച്ചുകൊണ്ട് അടുത്ത സെഷനുവേണ്ടിയുള്ള പ്രവർത്തന രേഖ (Instrumentum Laboris) തയ്യാറാക്കാൻ ഇടവരട്ടെ. ഈ അന്താ രാഷ്ട്ര സമ്മേളനത്തിന്റെ ലക്ഷ്യം ഇടവക വൈദികരെ ശ്രവിക്കുക എന്നതായിരുന്നു; എന്നാൽ അത് ഇന്ന് അവസാനിക്കാൻ പാടില്ല; ഞങ്ങൾക്ക് തുടർന്നും നിങ്ങളെ കേൾക്കണം.

പ്രിയ സഹോദരരേ, ഈ പ്രക്രിയയിൽ ഞാൻ നിങ്ങളുടെ കൂടെയുണ്ട്; ഇതിൽ ഞാൻ തന്നെയും പങ്കുചേരുന്നുണ്ട്. എന്റെ ഹൃദയത്തിൽനിന്ന് ഞാൻ നിങ്ങളെ ആശീർവദിക്കുന്നു; അതോ ടൊപ്പം നിങ്ങളുടെ സാമീപ്യം എനിക്ക് അനുഭവപ്പെടേണ്ടതായുണ്ട്; നിങ്ങളുടെ പ്രാർഥനാ സഹായവും എനിക്ക് ആവശ്യമുണ്ട്. വഴി കാട്ടിയായ (Hodegetria), വഴിയുടെ രാജ്ഞിയായ (Our Lady of the Way), പരിശുദ്ധ കന്യക മറിയത്തിനു നമുക്ക് നമ്മെ ഭരമേൽപ്പിക്കാം. അവൾ നമുക്ക് വഴി കാണിച്ചു തരുന്നു; വഴിയും സത്യവും ജീവനുമായ യേശുവിലേക്ക് അവൾ നമ്മെ നയിക്കുന്നു.

റോം, വിശുദ്ധ ജോൺ ലാറ്ററൻ ദേവാലയം, 2 മെയ് 2024

**ഫ്രാൻസിസ് പാപ്പാ**

Parish Priests for the Synod എന്ന International Meeting-ൽ പങ്കെ ടുത്ത 300 വൈദികരോടു സംസാരിച്ചുകൊണ്ട് ലോകം മുഴുവനുമുള്ള ഇടവകവൈദികരെ അഭിസംബോധന ചെയ്തത്.

[1] Address for the Commemoration of the Fiftieth Anniversary of the Establishment of the Synod of Bishops, 17 October 2015.

(പരിഭാഷ : റവ. ഡോ. ജേക്കബ് പ്രസാദ്)

*സർക്കുലർ 04/2024*

# പന്തക്കുസ്താ തിരുനാൾ

മിശിഹായിൽ പ്രിയപ്പെട്ടവരെ,

ശിഷ്യന്മാരുടെമേലും ആദിമസഭയിലുമുള്ള പരിശുദ്ധാത്മാവിന്റെ ആഗമനത്തെ അനുസ്മരിപ്പിക്കുന്ന പന്തക്കുസ്താ തിരുനാൾ ഈ വർഷം മെയ് 19 നാണല്ലോ ആചരിക്കുന്നത്. മിശിഹായുടെ രക്ഷാകരസംഭവങ്ങളുടെ പാരമ്യമായ പ്രസ്തുത തിരുനാളിനു പ്രാർത്ഥനാപൂർവ്വം നമുക്കൊരുങ്ങാം.

അപ്പസ്തോല പ്രവർത്തനങ്ങളിൽ നാം വായിക്കുന്നു: “പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കുകയും ചെയ്യും” (1, 8). ആദിമസഭാഗംങ്ങളെപ്പോലെ പരിശുദ്ധാത്മാവിന്റെ കൃപയാലും വരങ്ങളാലും ശക്തിപ്പെടുമ്പോൾ ക്രിസ്തുവിന്റെ സുവിശേഷത്തിന് സാക്ഷ്യമാകാൻ നമുക്ക് സാധിക്കും. പരിശുദ്ധാത്മാവിന്റെ ആഗമനത്തോടെ സഭ ജറുസലേമിൽ പിറവിയെടുത്തു. ആത്മാവാണ് ചിതറിക്കിടന്ന സഭാഗാത്രത്തെ ഒന്നിപ്പിച്ചത്. മിശിഹായുടെ മൗതികശരീരമായ സഭയെ വളർത്തുന്നതും പരിപോഷിപ്പിക്കുന്നതും ഇതേ ആത്മാവ് തന്നെ. ശക്തമായ പരിശുദ്ധാത്മാഭിഷേകം നമ്മുടെ ജീവിതത്തിലും കുടുംബത്തിലും ഇടവക കൂട്ടായ്മകളിലും ലഭിക്കുവാൻ ഈ ദിവസങ്ങളിൽ നാം പ്രാർത്ഥിക്കേണ്ടതുണ്ട്.

പ്രാരംഭകൂദാശകളിലൂടെ ലഭിച്ചിരിക്കുന്ന ആത്മാവിന്റെ കൃപാവരത്തെ പന്തക്കുസ്താ തിരുനാൾ ആചരണത്തിൽ ഉജ്ജ്വലിപ്പിക്കുവാനുള്ള ക്രൈസ്തവരായ നമ്മുടെ കടമ നമുക്ക് വിസ്മരിക്കാതിരിക്കാം. അതിനായി വ്യക്തിപരമായി തയ്യാറാകുന്നതിനോടൊപ്പം പന്തക്കുസ്താ തിരുനാളിനു ദൈവജനത്തെയും പ്രാർത്ഥനാപൂർവ്വം ഒരുക്കുവാൻ ബഹു. വൈദികരെ ഞാൻ ക്ഷണിക്കുന്നു. ഈ തിരുനാളിന് ഒരുക്കമായി എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും കുടുംബങ്ങളിലും 9 ദിവസത്തെ നൊവേന നടത്തുവാൻ പരിശ്രമിക്കുമല്ലോ. നമ്മുടെ ജീവിതത്തോടും കുടുംബത്തോടുമൊപ്പം രൂപതയിലെ എല്ലാ അജപാലന ശുശ്രൂഷകളെയും സമർപ്പിതരെയും സ്ഥാപനങ്ങളെയും അരൂപിയുടെ പ്രവർത്തനത്തിനായി പ്രതിഷ്ഠിക്കാം. വിശ്വാസത്തോടെ വിശുദ്ധിയോടെ ഈ തിരുനാളിനായി നമുക്കൊരുങ്ങാം. സമാഗതമാകുന്ന രൂപത അസംബ്ലിയുടെ വിജയത്തിനായും നൊവേനയുടെ ദിവസങ്ങളിലും പ്രാർത്ഥിക്കണം.

എല്ലാവർക്കും സമാഗതമാകുന്ന പന്തക്കുസ്താ തിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. ദൈവം എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,

**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

# കച്ചേരിക്കാര്യം

**1. പുതിയ നിയമനങ്ങളും സ്ഥലം മാറ്റവും**

Rev. Fathers

| | | |
|---|---|---|
| Kiliyanparambil Joseph | : | Vicar, Kallurutty |
| Koonanickal Joseph | : | Vicar, Kalikavu |
| Mattappally Mathew CMI | : | Asst. Vicar, Devagiri |
| Muttathukudiyil Dominic | : | Vicar, Chempanoda |
| Vadakkel Sebastian | : | Pastoral Collaborator, Mariyapuram |

**2. തിരുഹൃദയമാസം**

ജൂൺ മാസം ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമായ മാസമാണല്ലോ. ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി പ്രചരിപ്പിക്കുകയും തിരുഹൃദയ തിരുനാൾ ദിനമായ ജൂൺ 7-ാം തീയതി സമുചിതമായി ആചരിക്കുകയും ചെയ്യുമല്ലോ.

**3. മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ ചരമവാർഷികദിനം**

നമ്മുടെ രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ 30-ാം ചരമവാർഷിക ദിനമായ ജൂൺ 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 ന് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയും മറ്റു ശുശ്രൂഷകളും നടക്കുന്നു. സാധിക്കുന്ന എല്ലാവരും ചടങ്ങുകളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ചരമദിനം നേരത്തെ ഇടവകയിൽ അറിയിക്കുകയും ഇടവകകളിൽ പിതാവിനുവേണ്ടി അർപ്പിക്കപ്പെടുന്ന വി. കുർബാനയിൽ പങ്കെടുക്കുവാൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ.

**4. വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ - ജൂൺ 29 കടമുള്ള ദിവസം**

സീറോ മലബാർ സഭയുടെ പ്രത്യേക നിയമപ്രകാരം, വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിവസമായ ജൂൺ 29 കടമുള്ള ദിവസമാണെന്ന് ഓർമ്മിപ്പിക്കുന്നു. ഇക്കാര്യം ദൈവജനത്തെ അറിയിക്കേണ്ടതും അതനുസരിച്ച് വി. കുർബാനയുടെ സമയം ക്രമീകരിക്കേണ്ടതുമാണ്.

**5. പത്രോസിന്റെ കാശ് പിരിവ്**

ആഗോളസഭയുടെ പ്രവർത്തനങ്ങളിൽ വിശ്വാസികൾ എല്ലാവരും പങ്കാളികളാകുന്നതിന്റെ ഭാഗമായി വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിനത്തോടനുബന്ധിച്ച് അന്നേദിവസമോ അതിനടുത്തുള്ള ഞായറാഴ്ചയോ വി. കുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

**6. ദുക്റാനത്തിരുനാൾ, സീറോ മലബാർ സഭാദിനം**

നമ്മുടെ വിശ്വാസ പൈതൃകത്തിന്റെ പിതാവായ മാർ തോമാശ്ലീഹായുടെ മരണത്തിരുനാളായ ജൂലൈ 3 കടമുള്ള ദിവസമായി നാം ആചരിക്കുന്നു. ദുക്റാനത്തിരുനാളിന് ഒരുക്കമായി വിശുദ്ധനോടുള്ള നൊവേന ചൊല്ലുന്നത് ഉചിതമായിരിക്കും. നമ്മുടെ വിശ്വാസ ത്തിന്റെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാളിന്റെ പ്രാധാന്യം വിശ്വാസികൾക്ക് പകർന്നുകൊടുക്കുവാൻ ഇത് സഹാ യിക്കും.

വി. തോമാശ്ലീഹായുടെ തിരുനാൾ സീറോ മലബാർ സഭാദിനമായും ആചരിക്കുന്നു. സഭയ്ക്കുവേണ്ടിയും സഭയുടെ പ്രവർത്തനങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുവാനും ഈ ദിവസം മാറ്റിവെച്ചിരിക്കുന്നു. അന്നേദിവസം വി. കുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച സഭയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി സീറോ മലബാർ സഭാകേന്ദ്രത്തിലേക്ക് അയച്ചുകൊടുക്കുന്നതാണ്. ആളൊന്നിന് 2 രൂപ പ്രകാരമാണ് ഓരോ ഇടവകയിൽ നിന്ന് സഭാദിനപ്പിരിവായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടത്.

**9. വൈദികരുടെ വാർഷിക ധ്യാനം**

ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് 2024 ജൂലൈ 7-ാം തീയതി വൈകുന്നരം ആരംഭിച്ച് 12-ാം തീയതി രാവിലെ സമാപിക്കുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. ധ്യാനം നയിക്കുന്നത് പാലാ രൂപതാംഗം ബഹു. ഫാ. ജോസഫ് കടുപ്പിൽ ആണ്. ധ്യാനത്തിൽ സംബന്ധിക്കാൻ ആർക്കെങ്കിലും കാര്യമായ അസൗകര്യം ഉണ്ടെങ്കിൽ മുൻകൂട്ടി രൂപതാകാര്യാലയത്തിൽ അറിയിക്കുകയും അനുവാദം വാങ്ങുകയും ചെയ്യേണ്ടതാണ്. പിന്നീട് വാർഷികധ്യാനം നടത്തിയ വിവരം രൂപതാകാര്യാലയത്തെ അറിയിക്കേണ്ടതുമാണ്. ധ്യാനത്തിനു വരുമ്പോൾ കുർബാനക്കണക്കു പുസ്തകം പരിശോധനയ്ക്കായി കൊണ്ടുവരുവാൻ ഓർമ്മിക്കുമല്ലോ.

**10. സ്മരണാഞ്ജലി**

04-06-1985 - റവ. ഫാ. സിറിയക് ചെമ്മാഴം
08-06-1977 - റവ. ഫാ. തോമസ് കോട്ടൂർ
09-06-1986 - റവ. ഫാ. ജോൺ വിയാനി സി.എം.ഐ.
10-06-1994 - റവ. ഫാ. സെബാസ്റ്റ്യൻ പുളിയമ്മാക്കൽ
**11-06-1994 - മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി**
**11-06-2005 - റവ. ഫാ. ജോസഫ് അരഞ്ഞാണിപുത്തൻപുര**
**19-06-2006 - റവ. ഫാ. പോൾ മൂശാരിയേട്ട്**
21-06-2001 - മോൺ. ജേക്കബ് വാരിക്കാട്ട്
**21-06-2008 - റവ. ഫാ. ജോസഫ് അടിപുഴ**
24-06-1974 - റവ. ഫാ. സെബാസ്റ്റ്യൻ സി.എം.ഐ
**24-06-2009 - മോൺ. സി. ജെ. വർക്കി കുഴികുളം**
25-06-1970 - റവ. ഫാ. ഫുൾജെൻസിയൂസ് സി.എം.ഐ.

**പ്രോട്ടോസിഞ്ചെല്ലൂസ**

# സ്നേഹസ്മരണയ്ക്ക്



റവ. ഫാ. ജോസഫ്
അരഞ്ഞാണിപുത്തൻപുര
11 – 06 – 2005



റവ. ഫാ. പോൾ
മൂശാരിയേട്ട്
19 – 06 – 2006



റവ. ഫാ. ജോസഫ്
അടിപുഴ
21 – 06 – 2008



മോൺ. സി. ജെ. വർക്കി
കുഴികുളം
24 – 06 – 2009

# ഫാ. മാത്യു മാവേലി
# അവിസ്മരണീയ ഓർമ്മ



താമരശ്ശേരി രൂപത മുൻ വികാരി ജനറാളും, മുൻ കോർപ്പറേറ്റ് മാനേജരും, കല്ലുരുട്ടി സെന്റ് തോമസ് ഇടവകയുടെ വികാരിയുമായിരുന്ന ഫാ. മാത്യു മാവേലി (75) നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. സ്വഭവനമായ കൈനകരി യിലേ ക്കുള്ള യാത്രാമദ്ധ്യേ ട്രെയിനിൽ നിന്നും ദേഹാസ്വാസ്ഥ്യം ഉണ്ടാവുകയും തുടർന്ന്, ആലുവ യിലുള്ള രാജഗിരി ആശുപത്രിയിൽ വച്ച് 06.05.2024 രാവിലെ 07.41 ന് ഈ ലോകവാസം വെടിഞ്ഞു.

1949 ജൂൺ 19ന് ചങ്ങനാശ്ശേരി അതിരൂപതയിലെ കൈനകരി ഇടവക യിലെ പരേതരായ മാവേലിൽ മാത്യു – അന്നമ്മ ദമ്പതികളുടെ അഞ്ചു മക്കളിൽ നാലാമത്തെ മകനായി ജനിച്ചു. കൈനകരിയിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം 1964ൽ അഭിഭക്ത തലശ്ശേരി രൂപത മൈനർ സെമിനാരിയിൽ സെമിനാരി പഠനം ആരംഭിച്ചു. തുടർന്ന് ഉന്നത പഠനത്തിനായി കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ തത്വ ശാസ്ത്ര – ദൈവശാസ്ത്ര പഠനം നടത്തി. തലശ്ശേരി രൂപതയ്ക്കുവേണ്ടി 1973 ഡിസംബർ 18ന് കൈനകരി സെന്റ് ഏലിയാസ് ആശ്രമത്തിൽ അഭിവന്ദ്യ സെബാ സ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് വൈദികപട്ടം സ്വീകരിക്കുകയും പ്രഥമ ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

1974ൽ കൂടരഞ്ഞി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി അജപാലന ദൗത്യം ആരംഭിച്ചു. പേരാവൂർ, ആലക്കോട് എന്നിവിടങ്ങളിലും അസിസ്റ്റന്റ് വികാ രിയായി സേവനമനുഷ്ഠിച്ചു. തുടർന്ന് വാലില്ലാപ്പുഴ, തലയാട്-വയലിട, റയ റോം, വിളക്കാംതോട്, തേക്കുംകുറ്റി, കൂമുള്ളി, ആനക്കാംപൊയിൽ, കൂരാച്ചുണ്ട്, താമരശ്ശേരി എന്നിവിടങ്ങളിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ തലശ്ശേരി രൂപത മൈനർ സെമിനാരിയിൽ സ്പിരിച്ച്വൽ ഡയറക്ടറായും താമ രശ്ശേരി രൂപത മൈനർ സെമിനാരിയിൽ റെക്ടറായും സ്പിരിച്ച്വൽ ഡയറക്ട

റായും താമരശ്ശേരി രൂപത കോർപ്പറേറ്റ് മാനേജറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2013 മുതൽ 2018 വരെ താമരശ്ശേരി രൂപതയുടെ വികാരി ജനറാളായി സേവനം ചെയ്തു. 2022 മുതൽ കല്ലുരുട്ടി സെന്റ് തോമസ് ഇടവകയിലെ വികാരിയായി ശുശ്രൂഷ ചെയ്യുകയായിരുന്നു. അദ്ദേഹത്തിന്റെ സഹോദരങ്ങൾ ജോസഫ് മാത്യു (Late) കൈതവന, തോമസ് മാത്യു (Late) കൈനകരി, സഖറിയാസ് മാത്യു കൈനകരി, തങ്കമ്മ ജെയിംസ് കൂപ്ലിക്കാട് എന്നിവരാണ്.

പ്രിയപ്പെട്ട മാത്യു മാവേലി അച്ചന്റെ മൃതസംസ്ക്കാരം 07.05.2024 കൈനകരിയിലുള്ള സെന്റ് മേരീസ് ദൈവാലയ സെമിത്തേരിയിൽ, താമരശ്ശേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു.

ലളിതജീവിതം നയിച്ച് ഏവർക്കും മാതൃകയായി ജീവിച്ചിരുന്ന മാത്യു മാവേലിയച്ചൻ കുടിയേറ്റത്തിന്റെ ആദ്യനാളുകളിൽ അസൗകര്യങ്ങൾ മാത്രം കൈമുതലുണ്ടായിരുന്ന ഇടവകകളിൽ തന്റെ ശക്തമായ നേതൃത്വവും കഠിനാദ്ധ്വാനവും കൊണ്ട് ഇടവകജനത്തെ മുന്നോട്ട് നയിച്ച അജപാലകനായിരുന്നു. തന്റെ പിതാവിന്റെ സന്നിധി യിലേക്ക് യാത്രയായ ബഹു. മാത്യു അച്ചന് താമരശ്ശേരി രൂപതയുടെ അശ്രുപൂജ.

# മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി റിപ്പോർട്ട്

2026 ൽ താമരശ്ശേരി രൂപത സ്ഥാപിതമായിട്ട് 40 വർഷങ്ങൾ പൂർത്തിയാകുന്നു. റൂബി ജൂബിലിയുടെ പശ്ചാത്തലത്തിൽ രൂപതയ്ക്ക് നവ ചൈതന്യം പ്രദാനം ചെയ്യാനും പ്രശ്നങ്ങളും പ്രതീക്ഷകളും പ്രാർത്ഥനാപൂർവ്വം പരിചിന്തനത്തിന് വിധേയമാക്കാനുമായി മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി 2024 മെയ് 20 മുതൽ 22 വരെ നടത്തപ്പെട്ടു. രൂപത വികാരി ജനറാൾ പ്രസിഡന്റും രൂപത ചാൻസലർ ജനറൽ സെക്രട്ടറിയും ഫാ. തോമസ് ചിലമ്പിക്കുന്നേൽ ജനറൽ കൺവീനറുമായ 20 അംഗ സെൻട്രൽ കമ്മറ്റി അസംബ്ലിക്ക് നേതൃത്വം നൽകി.

വിവിധ തലങ്ങളിൽ നടന്ന ചർച്ചകളിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളേയും ശുപാർശകളേയും അടിസ്ഥാനപ്പെടുത്തി എപ്പാർക്കിയൽ അസംബ്ലിയിൽ വിഷയാവതരണ രേഖ തയ്യാറാക്കിയത് സെൻട്രൽ കമ്മറ്റി അംഗം ഫാ. ഡോ. മാത്യു കുളത്തിങ്കൽ ചെയർമാനായ ഡ്രാഫ്റ്റ് കമ്മറ്റിയായിരുന്നു. വിഷയാവതരണ രേഖയെ അടിസ്ഥാനമാക്കി മൂന്നാമത് എപ്പാർക്കിയൽ അസംബ്ലിയിൽ വിചിന്തനവും ചർച്ചയും നടന്നു.

പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ വച്ചാണ് മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി നടന്നത്. കൂരിയ അംഗങ്ങൾ, ഫൊറോന വികാരിമാർ, സ്ഥാപനങ്ങളുടേയും സംഘടനകളുടേയും ഡയറക്ടർമാർ, സന്ന്യാസ സഭ വൈദീകർ, സന്ന്യസ്തർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, പ്രവാസി പ്രതിനിധികൾ , നാമനിർദ്ദേശംചെയ്യപ്പെട്ടവർ ഉൾപ്പെടെ 120 അംഗങ്ങൾ ഈ അസംബ്ലിയിൽ പങ്കെടുത്തു. പ്രഭാത പ്രാർത്ഥനക്ക് ശേഷം അഭിവന്ദ്യ റെമീജിയോസ് പിതാവ് അർപ്പിച്ച വിശുദ്ധ കുർബാനയോടെയാണ് ചൊവ്വ, ബുധൻ ദിവസങ്ങളിൽ അസംബ്ലി ആരംഭിച്ചത്.

മെയ് 20 തിങ്കളാഴ്ച രാവിലെ അംഗങ്ങളുടെ രജിസ്ട്രേഷന് ശേഷം ഫാ. ജോർജ് വെള്ളാരംകാലായിൽ അസംബ്ലി ആരംഭ പ്രാർത്ഥനക്ക് നേതൃത്വം നൽകി. പുല്ലൂരാംപാറ ഇടവകയിലെ കുട്ടികളുടെ പ്രയർ ഡാൻസിനെ തുടർന്ന് രൂപത വികാരി ജനറാൾ മോൺ. അബ്രാഹം വയലിൽ സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ റെമീജിയോസ് പിതാവ് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ തലശ്ശേരി അതിരൂപത മുൻമെത്രാപ്പോലിത്ത മാർ ജോർജ് ഞരളക്കാട്ട് എപ്പാർക്കിയൽ അസംബ്ലി ഉദ്ഘാടനം ചെയ്തു. റൂബി ജൂബിലി കോർഡിനേറ്റർ ഫാ. ജോൺ ഒറവുംകര, SKD സുപ്പീരിയർ ജനറൽ സി. ടീന, മാതൃവേദി രൂപത പ്രസിഡന്റ് സ്വപ്ന ഗിരീഷ്, SMYM സംസ്ഥാന പ്രസിഡന്റ് വിശാഖ് തോമസ് എന്നിവർ

ആശംസകൾ നേർന്നു. അസംബ്ലി നടപടിക്രമങ്ങളും സെഷനുകളും അവതരിപ്പിച്ചുകൊണ്ട് ജനറൽ കൺവീനർ ഫാ. തോമസ് ചിലമ്പിക്കുന്നേൽ സംസാരിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ബെന്നി ലൂക്കോസ് ഉദ്ഘാടന സമ്മേളനത്തിന് കൃതജ്ഞയർപ്പിച്ചു.

ഉച്ചഭക്ഷണത്തെ തുടർന്ന് നടന്ന ആദ്യ സെഷനിൽ ഫാ. മാത്യു ഓലിക്കൽ MCBS, വിശ്വാസം എന്ന വിഷയം അവതരിപ്പിച്ചു. ജീവിത സാഹചര്യങ്ങളിലെ വിശ്വാസ അനുഭവങ്ങൾ പങ്ക് വെച്ച്കൊണ്ട് ഫാ. ജോസഫ് വടക്കേൽ, ശ്രീ. പി .ഡി. അബ്രാഹം പിണക്കാട്ട്, ഡോ. ഷാന്റി ജോസ് എന്നിവർ സംസാരിച്ചു. മുൻകൂട്ടി നിശ്ചയിച്ച ഏഴ്അടിസ്ഥാന ഗ്രൂപ്പുകളിൽ അസംബ്ലി അംഗങ്ങൾ ഒത്ത് ചേരുകയും വിശ്വാസവുമായി ബന്ധപ്പെട്ട് ഗ്രൂപ്പുകൾക്ക് നിർദ്ദേശിച്ച ചോദ്യങ്ങൾ ചർച്ച ചെയ്ത് നിഗമനങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തി. ഓരോ സെഷനിലും ഗ്രൂപ്പ് ചർച്ച നിയന്ത്രിക്കുന്നതിന് ചെയർമാൻമാരും ചർച്ചാ നിർദ്ദേശങ്ങൾ രേഖപ്പെടുത്തി അവതരിപ്പിക്കുന്നതിന് സെക്രട്ടറിമാരും മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിരുന്നു. ചായയ്ക്കും കൊന്തയ്ക്കും റംശാ പ്രാർത്ഥനക്കും ശേഷമുള്ള ഒത്തിരിപ്പിൽ ഫാ. ജോൺ പള്ളിക്കാവയലിൽ മതബോധന പ്രവർത്തനങ്ങളേക്കുറിച്ചും ശ്രീ. സന്തോഷ് മാത്യു യുവജനങ്ങളുടെ വിശ്വാസം എന്ന വിഷയത്തിൽ ഭാവി സാധ്യതകളേക്കുറിച്ചും അവതരണം നടത്തി. പ്രഥമ ഗ്രൂപ്പ് ചർച്ചകളുടെ അവതരണ സെഷനിൽ ഫാ. തോമസ് തെക്കേൽ CMI മോഡറേറ്ററായിരുന്നു. ഏഴ് ഗ്രൂപ്പുകളുടെ അവതരണത്തെ തുടർന്ന് വിശ്വാസം എന്ന വിഷയത്തിൽ പൊതു ചർച്ച നടന്നു. അത്താഴത്തിന് ശേഷലലിയ പ്രാർത്ഥനയോടെ ഒന്നാം ദിവസത്തെ അസംബ്ലി പൂർത്തിയായി.

കുടുംബം എന്ന വിഷയത്തിൽ ഡോ. KV ചാക്കോ കാളംപറമ്പിലിന്റെ അവതരണത്തോടെ രണ്ടാം ദിവസത്തെ സെഷൻ ആരംഭിച്ചു. ശ്രീ. സജീവ് പുരയിടത്തിൽ, കുമാരി സിസ എം. ജോർജ് എന്നിവരുടെ ഷെയറിംഗിനെ തുടർന്ന് കുടുംബം എന്ന വിഷയത്തിൽ ഗ്രൂപ്പ് ചർച്ച നടന്നു. തുടർന്ന് എജ്യൂക്കേറ്റ്, എലവേറ്റ് ആന്റ് എംപവർ എന്ന വിഷയത്തിൽ ശ്രീ. റ്റി.ജെ. വിൽസണും ജെറിയാട്രിക് കെയർ എന്ന വിഷയത്തിൽ ഫാ. ഡോ. മാത്യു കുളത്തിങ്കലും ഭാവി സാധ്യതകൾ അവതരിപ്പിച്ചു. ശ്രീ. ഷിബു എടാട്ട്, വിശ്വാസം എന്ന വിഷയത്തിൽ ഗ്രൂപ്പ് അവതരണത്തിനും പൊതുചർച്ചക്കും മോഡറേറ്ററായി.

ഉച്ചഭക്ഷണത്തെ തുടർന്ന് സമുദായം എന്ന വിഷയത്തിൽ ഫാ. ജോർജ് മുണ്ടനാട്ട് വിഷയാവതരണം നടത്തി. ഡോ. ജോൺ ജോസഫ് താമരക്കാട്ട്, ശ്രീ. റിച്ചാർഡ് ജോൺ എന്നിവർ അനുബന്ധ അവതരണങ്ങൾ നടത്തി. തുടർന്ന് ഗ്രൂപ്പ് ചർച്ചക്കും ജപമാലക്കും റംശായ്ക്കും ശേഷം അസംബ്ലി അംഗങ്ങൾ ഒത്തുചേർന്നു. രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുമായി ബന്ധപ്പെട്ട

റിപ്പോർട്ടിംഗ് കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട് നടത്തി. പ്രവാസി അപ്പസ്തോലേറ്റുമായി ബന്ധപ്പെട്ട സ്വപ്നങ്ങളും സാധ്യതകളും വിശദീകരിച്ചു കൊണ്ട് ശ്രീ. ബെന്നി പുളിക്കേക്കര സംസാരിച്ചു. സമുദായം എന്ന വിഷയത്തിൽ ഗ്രൂപ്പ് ചർച്ചകളുടെ അവതരണത്തിനും പൊതുചർച്ചക്കും CMC പ്രൊവിൻഷ്യൽ സി. പവിത്ര മോഡറേറ്ററായിരുന്നു. എപ്പാർക്കിയൽ അസംബ്ലിയിൽ ചർച്ചക്ക് നിർദ്ദേശിച്ച എല്ലാ വിഷയങ്ങളും അതോടെ പൂർത്തിയായി. തുടർന്ന് അത്താഴത്തിനും ലെലിയ പ്രാർത്ഥനയ്ക്കും ശേഷം രണ്ടാം ദിവസത്തെ അസംബ്ലി നടപടിക്രമങ്ങൾ പൂർത്തിയായി.

ഫാ. ഡോ. അബ്രാഹം കാവിൽപുരയിടത്തിൽ മോഡറേറ്റ് ചെയ്ത നാലാമത്തെ സെഷനിൽ മൂന്നാമത് എപ്പാർക്കിയൽ അസംബ്ലിയുടെ സമ്പൂർണ്ണ പ്രസ്താവന ജനറൽ കൺവീനർ ഫാ. തോമസ് ചിലമ്പിക്കുന്നേൽ അവതരിപ്പിച്ചു. സീറോ അവറിൽ അസംബ്ലി അംഗങ്ങൾ പൊതു വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് സംസാരിച്ചു.

സമാപന സമ്മേളനം പുല്ലൂരാംപാറ ഇടവകയിലെ കുട്ടികളുടെ പ്രയർ ഡാൻസോടെ ആരംഭിച്ചു. മൂന്ന് ദിവസം നീണ്ട് നിന്ന മൂന്നാമത് എപ്പാർക്കിയൽ അസംബ്ലിയുടെ സമാപന സമ്മളനം അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. സമാപന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തിക്കൊണ്ട്ക്രൈസ്തവരുടെ ഐക്യം കാലഘട്ടത്തിന്റെ അനിവാര്യതയാണെന്നും സാഹോദര്യവും മതസൗഹാർദ്ദതയും ക്രൈസ്തവ ജീവിത മുഖമുദ്രയാണെന്നും തലശ്ശേരി അതിരൂപത മെത്രാപ്പോലിത്ത മാർ ജോസഫ് പാംപ്ലാനിൽ പ്രസ്താവിച്ചു. മലങ്കര ഓർത്തഡോക്സ് സഭ മലബാർ ഭദ്രാസന മെത്രാപ്പോലിത്ത ഗീവർഗ്ഗീസ് മാർ പക്കോമിയോസ് അനുഗ്രഹ പ്രഭാഷണം നടത്തി. ഡ്രാഫ്റ്റ് കമ്മറ്റി ചെയർമാൻ ഫാ. ഡോ. മാത്യു കുളത്തിങ്കൽ അസംബ്ലിയുടെ കരട് രേഖയുടെ അവതരണം നിർവ്വഹിച്ചു. CMI കോഴിക്കോട് പ്രൊവിൻഷ്യൽ ഫാ. ബിജു ജോൺ വെള്ളക്കട, തിരുഹൃദയ സന്ന്യാസിനി സഭ പ്രൊവിൻഷ്യൽ സി. എൽസീന ജോൺ, ട്രീസ ഞരളക്കാട്ട് എന്നിവർ സമാപന സമ്മേളനത്തിൽ ആശംസകൾ നേർന്നു. അസംബ്ലി സമാപന സമ്മേളനത്തിന് രൂപത വികാരി ജനറാൾ മോൺ. അബ്രാഹം വയലിൽ സ്വാഗതവും ജനറൽ കൺവീനർ ഫാ. തോമസ് ചിലമ്പിക്കുന്നേൽ നന്ദിയും അർപ്പിച്ചു.

**ഫാ. തോമസ് ചിലമ്പിക്കുന്നേൽ**
ജനറൽ കൺവീനർ

# വിശ്വാസപരിശീലനം

## HM മേഖലാ സംഗമങ്ങൾ

2024 - 2025 വിശ്വാസ പരിശീലനവർഷത്തിന് ഒരുക്കമായി മെയ് മാസത്തിൽ താമരശ്ശേരി രൂപതയിലെ പ്രധാനാധ്യാപകരുടെ 4 മേഖല സംഗമങ്ങൾ മരുതോങ്കര, താമരശ്ശേരി, പെരിന്തൽമണ്ണ, കൂടരഞ്ഞി, എന്നീ റീജിയനുകളിൽ വച്ച് യഥാക്രമം നടന്നു. പുതിയ വിശ്വാസ പരിശീലന വർഷത്തെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളും വിലയിരു ത്തലും നൽകുകയും, വിവിധ ഫോമുകളും, കലണ്ടറുകളും വിതര ണം ചെയ്യുകയും ചെയ്തു.

## HCC സർട്ടിഫിക്കറ്റ് & മാർക്ക്ലിസ്റ്റ്

2023-2024 വർഷത്തെ HCC I, HCC II പരീക്ഷകളുടെ യൂണിവേഴ് സിറ്റി സർട്ടിഫിക്കറ്റുകളും മാർക്ക്ലിസ്റ്റുകളും HCC II ന്റെ രൂപതാ സർട്ടിഫിക്കറ്റുകളും പ്രധാനാധ്യാപക റീജിയണൽ സംഗമങ്ങളിൽ വിതരണം ചെയ്തു.

## എമ്മാവൂസ് മീറ്റ് (മതാധ്യാപക സംഗമം)

2024-2025 വിശ്വാസ പരിശീലന വർഷത്തിലെ മതാധ്യാപക സംഗമം പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് മെയ് 18 ശനിയാഴ്ച്ച രാവിലെ 8.30 ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ചു. രൂപത മതബോധന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ വി. ബലി അർപ്പിച്ചു. മഞ്ഞക്കുന്ന് ഇടവക അൽഫോൻസ കൊയറിന്റെ മ്യൂസിക്കൽ പ്രയ്സ് ആൻഡ് വർഷിപ്പോടുകൂടി നന്ദു ജോൺ ചാലക്കുടി അധ്യാപകർക്ക് 'വിശ്വാസപരിശീലന മേഖലകൾ നേരിടുന്ന വെല്ലുവിളികളെ' കുറിച്ച് ക്ലാസ്സ് നൽകി. തുടർന്ന് ബഥാനിയ ടീം ദിവ്യകാരുണ്യ ആരാധന നടത്തി.

ഉച്ചകഴിഞ്ഞുള്ള പൊതുസമ്മേളനത്തിൽ ഫാ. ജോൺ പള്ളിക്കാ വയലിൽ എല്ലാവരേയും സ്വാഗതം ചെയ്തു. താമരശ്ശേരി രൂപതാധ്യ ക്ഷൻ മാർ. റെമീജിയോസ് ഇഞ്ചനാനിയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും, മതബോധന ഡയറി പ്രകാശനം ചെയ്യു കയും ചെയ്തു. 2023 - 2024 വിശ്വാസ പരിശീലന വർഷത്തിൽ 25ഉം, 40 ഉം അതിൽകൂടുതലും വർഷം പൂർത്തിയാക്കിയ അധ്യാപകരെ ആദരിച്ചു. അനുഗ്രഹീത കലാകാരി മാർട്ടീന ചാൾസിന്റെ വയലിൻ ഫ്യൂഷൻ പെർഫോമൽസിനുശേഷം താമരശ്ശേരി രൂപത ജനറാൾ മോൺ. അബ്രാഹം വയലിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ബഥാനിയ ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുളിക്കൽ ആശംസകളറിയിച്ചു. ഫ്ളവേഴ്സ് ടോപ് സിംഗർ ഫേയിം കേദാർനാഥിന്റെയും കാത്തുകുട്ടിയുടെയും സംഗീത വിരുന്ന് നടന്നു. വിവിധ ക്ലാസ്സുകളിൽ സമ്മാനാർഹരായ കുട്ടികളെ അനുമോദിച്ചു. മാർ. റെമീജിയോസ് ഇഞ്ചനാനിയിൽ

എല്ലാ മതാധ്യാപകരേയും ആശീർവദിച്ചു പ്രാർത്ഥിച്ചു. ACC 13 ന്റെ ഇ-ബുക്ക് റിലീസിങ് മോൺ. അബ്രാഹം വയലിൽ നിർവ്വഹിച്ചു. രൂപത മതബോധന സെക്രട്ടറി മി. സെബാസ്റ്റ്യൻ കൈതാരത്ത് സമ്മേളനത്തിൽ പങ്കെ ടുത്ത എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് സമ്മേളനം അവസാനിച്ചു.

**ACC 13, 14 പരീക്ഷ വിജയികൾ**

*ACC 13*

1st Rank : Michela Christy Tom Padathukadavu

2nd Rank : Golda Theresa Sani Kodanchery

3rd Rank : Ann Mary Mulloor Koodaranji

*ACC 14*

1st Rank : Anntheresa Thomas Karikunnel Thamarassery

1st Rank : Alviya Elavunkal Malaparamba

2nd Rank : Esther Christy Tom Elavunkal Padathukadavu

3rd Rank : Jacob Kanjamala Tirur

**ASPCT പരീക്ഷ വിജയികൾ**

1st Rank : Sr. Amal Grace CMC Mukkom

2nd Rank : Jeeja Joseph Chirayilparampil Koodaranji

3rd Rank : Manju Francis Elenjickal Thenjipalam

**സീറോ മലബാർ സഭാതല പ്രതിഭാസംഗമം**

മെയ് 16,17,18 തിയതികളിൽ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നടന്ന ഏഴാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായുള്ള പ്രതിഭാ സംഗമത്തിൽ താമരശ്ശേരി രൂപതയിൽ നിന്നും 4 കുട്ടികൾ പങ്കെ ടുത്തു. 2 കുട്ടികൾ സഭാതല പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടു.

**സീറോ മലബാർ സഭാതല പ്രതിഭകൾ**

Ivin Roby Chakkalayil Pullurampara

Elizabeth Manoj Kandankeril Karuvarakundu

വിജയികൾക്ക് അഭിനന്ദനങ്ങൾ...

**പുസ്തക വിതരണം**

ഈ വിശ്വാസപരിശീലന വർഷത്തിലെ പാഠപുസ്തകം, ഉപപാഠം, മറ്റു പുസ്തകങ്ങൾ, എന്നിവയുടെ വിതരണം മെയ് അവ സാന ആഴ്ച ആരംഭിച്ചു.

**മാധ്യമ വിശ്വാസ പരിശീലനം**

എമ്മാവൂസ് മീറ്റിലെ മുഴുവൻ പ്രോഗ്രാമുകളും കാറ്റക്കേസിസ് താമരശ്ശേരി എന്ന യൂട്യൂബ് ചാനലിലൂടെ സംപ്രേക്ഷണം ചെയ്യുകയും ആയിര ക്കണക്കിനാളുകൾ വീഡിയോകൾ കാണുകയും ചെയ്തു.

## CHRISTOS

വിശ്വാസപരിശീലകരുടെ ദ്വിദിന റീജിയണൽ ധ്യാനം കോട ഞ്ചേരി, താമരശ്ശേരി, പാറോപ്പടി മേഖലകളിലെ വിശ്വാസ പരിശീ ലകരെ ഒരുമിച്ചുകൂട്ടി 2024 മെയ് 27, 28 തിയതികളിൽ കോടഞ്ചേരി മേഖലാ സമിതിയുടെ നേതൃത്വത്തിൽ കോടഞ്ചേരി യിൽ വച്ച് നടന്നു.

## C.CON 2024

കോടഞ്ചേരി ഫൊറോനയിലെ 12 വർഷത്തെ വിശ്വാസപരി ശീലനം പൂർത്തിയാക്കിയ 51 വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റ് നൽകുന്ന Convocation Ceremony കോടഞ്ചേരി ഫൊറോന ദൈവാലയത്തിൽ മെയ് 19 ഞായറാഴ്ച നടന്നു. രൂപത ഡയറക്ടർ അച്ചനും, മേഖല ഡയറക്ടർ അച്ചനും ഭാഗഭാക്കുകളായ പ്രോഗ്രാമിൽ കുട്ടികളുടെ മാതാപിതാക്കളും പങ്കെടുത്തു. C.CON (Catechesis Convocation) എന്നാണ് പ്രോഗ്രാമിന് പേര് നൽകിയത്.

## JUNE 2024

| | | |
|---|---|---|
| 02 ഞായർ | - | ശ്ലീഹാക്കാലം 3-ാം ഞായർ<br>സൺഡേസ്കൂൾ വർഷാരംഭം, വിശ്വാസ പരിശീലന വർഷ ഉദ്ഘാടനം, എഴുത്തിനിരുത്ത് (ഈ ദിവസം സായാഹ്നത്തിൽ കുടുംബങ്ങളിൽ തിരി തെളിച്ച് മാതാപിതാക്കൾ കുട്ടികൾക്കായി പ്രാർഥന നടത്തുകയും മാതാവിന്റെ വിമല ഹൃദയ പ്രതിഷ്ഠ നടത്തുകയും ചെയ്യേണ്ടതാണ്) |
| 08 ശനി | - | മാതാവിന്റെ വിമലഹൃദയ തിരുനാൾ |
| 09 ഞായർ | - | ശ്ലീഹാക്കാലം 4-ാം ഞായർ<br>ACC 13, 14, 15 Online Class 1 |
| 16 ഞായർ | - | ശ്ലീഹാക്കാലം 5-ാം ഞായർ<br>ലൂമിന 1 : വിലങ്ങാട് മേഖല @ വിലങ്ങാട് |
| 23 ഞായർ | | ശ്ലീഹാക്കാലം 6-ാം ഞായർ<br>ACC 13, 14, 15 Online Class 2<br>ലൂമിന 2 : തിരുവമ്പാടി മേഖല - 1 @ കൂടരഞ്ഞി<br>(കൂടരഞ്ഞി, മഞ്ഞക്കടവ്, കുളിരാമുട്ടി, പൂവാറൻതോട്, മുക്കം, തേക്കുംകുറ്റി, വിളക്കാംതോട്) |
| 28 വെള്ളി | - | ആമുഖസെമിനാർ (പി.എം.ഒ.സി) |
| 29 ശനി | - | ആമുഖസെമിനാർ (പി.എം.ഒ.സി) |
| 30 ഞായർ | - | ആമുഖസെമിനാർ (പി.എം.ഒ.സി) |

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# ബൈബിൾ അപ്പോസ്തോലേറ്റ്

## ലോഗോസ് ക്വിസ് 2024

ലോഗോസ് ക്വിസ് 2024 പരീക്ഷയെക്കുറിച്ചുള്ള വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

### 1. പ്രായവിഭാഗങ്ങൾ

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E, F എന്നീ വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

A വിഭാഗം : 1-1-2013-നും അതിനുശേഷവും ജനിച്ചവർ
B വിഭാഗം : 1-1-2008-നും 31-12-2012-നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം : 1-1-1993-നും 31-12-2007-നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം : 1-1-1973-നും 31-12-1992-നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം : 1-1-1960-നും 31-12-1972-നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം : 31-12-1959-നും അതിനു മുമ്പും ജനിച്ചവർ

### 2. പഠനഭാഗങ്ങൾ

നായാധിപന്മാർ 1-10, പ്രഭാഷകൻ 34-40, ലൂക്ക 9-16, 2 കോറിന്തോസ് 7-13

### 3. പഠനത്തിനായി ഉപയോഗിക്കേണ്ട ബൈബിൾ

മലയാളത്തിന്: പി.ഒ.സി. ബൈബിൾ : ഇംഗ്ലീഷിന് : NRSV Catholic Edition

### 4. രജിസ്ട്രേഷൻ:

ഓൺലൈൻ രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്യേണ്ടതാണെന്ന് ഓർ മിപ്പിക്കുന്നു. രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2024 ജൂൺ 1 നും, രജിസ്ട്രേഷൻ അവസാനിക്കുന്നത് 2024 ജൂലൈ 31 നും ആയിരിക്കും. രജിസ്ട്രേഷൻ ഫീസ് 20 രൂപ ആണ്.

### 5. പരീക്ഷ തീയതികൾ:

രൂപതതലത്തിലുള്ള പൊതുപരീക്ഷ 2024 സെപ്റ്റംബർ 29 ഞായ റാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ നടത്തപ്പെടുന്നു. തുടർന്ന് സെമിഫൈനൽ പരീക്ഷകൾ മൂന്ന് മേഖലകളായി (കോഴിക്കോട്, എറണാകുളം, കൊല്ലം) 2024 നവംബർ 10 നും, മെഗാഫൈനൽ പരീക്ഷ പി.ഒ.സി.യിൽ വച്ച് 2024 നവംബർ 2324 തീയതികളിലും നടത്തപ്പെടുന്നു. ബൈബിൾ പഠിക്കാനുള്ള അവസരം ഏവരും പ്രയോജനപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**ഫാ. മാറ്റസ് കോരംകോട്ട്**
ഡയറക്ടർ, ബൈബിൾ അപ്പോസ്തലേറ്റ്

# സെമിനാരി വാർത്ത

## WORK CAMP

വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദിക വിദ്യാർത്ഥികൾക്കായി ഏപ്രിൽ 29, 30, മെയ് 1 തീയതികളിൽ കല്ലാനോട് ഇടവകയിൽ വച്ച് Work camp നടത്തി. ഇടവകജനത്തിന്റെയും, വികാരിയച്ചന്റെയും സാന്നിധ്യവും സഹകരണവും ക്യാമ്പിനെ വിജയത്തിലേക്ക് നയിച്ചു. അഭിവന്ദ്യ പിതാവ് ക്യാമ്പ് സന്ദർശിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

## വൈദികവസ്ത്ര സ്വീകരണം

താമരശ്ശേരി രൂപതയ്ക്കുവേണ്ടി തത്വശാസ്ത്ര പഠനവും, റീജൻസി കാലഘട്ടവും പൂർത്തിയാക്കിയ ജെറിൻ കിളിയമ്പ്രയിൽ (കുണ്ടുതോട്), അലൻ തെങ്ങുംപള്ളി (ചക്കിട്ടപ്പാറ) എന്നിവർ മെയ് 2 ന് അഭിവന്ദ്യ റെമീജിയോസ് പിതാവിൽനിന്നും വൈദിക വസ്ത്രം സ്വീകരിച്ചു.

## മേജർ സെമിനാരികളിലേക്ക്

*വിവിധ മേജർ സെമിനാരികളിലേക്ക് പോകുന്നവർ*

### 1) ആലുവ പൊന്തിഫിക്കൽ സെമിനാരി

**Philosophy**

Bro. Denny Painumbra (പരിയാപുരം)

Bro. Alex kallarakkal (കല്ലാനോട്)

### 2) വടവാതൂർ സെമിനാരി

**Philosophy**

Bro. Cyril Mandapathil (തിരുവമ്പാടി)

**Theology**

Bro. Allen Thengumpallil (ചക്കിട്ടപ്പാറ)

### 3) കുന്നോത്ത് സെമിനാരി

**Philosophy**

Edwin Plathottathil (കൂരാച്ചുണ്ട്)

**Theology**

Jerin Kiliyambrayil (കുണ്ടുതോട്)

## THANK YOU & WELCOME

കഴിഞ്ഞ നാല് വർഷക്കാലം അൽഫോൻസ മൈനർ സെമിനാരിയുടെ റെക്ടറായി സേവനം ചെയ്ത് മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ മേജർ സെമിനാരിയിലേക്ക് ആത്മീയ പിതാവായി പോകുന്ന ബഹു. ജേക്കബ് അരീത്തറയച്ചനും, സെമിനാരിയുടെ ഉന്നമനത്തിനായി കൂടെ നിന്ന് പുതിയ ചുമതലകളിലേക്ക് ചുവടുവെച്ച ബഹു. ജോസഫ് പുത്തൻപുരക്കൽ അച്ചനും സെമിനാരി കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ. പുതിയതായി മെയ് 11ന് ചാർജ് എടുത്ത ബഹു. കുര്യൻ താന്നിക്കൽ അച്ചന് സെമിനാരി ഭവനത്തിന്റെ സ്നേഹാശംസകൾ.

## COME & SEE

2024-25 ഒന്നാംവർഷ സെമിനാരി പരിശീലനത്തിനായി തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കായുള്ള ഇംഗ്ലീഷ് ക്ലാസും Come and See പ്രോഗ്രാമും മെയ് 12, 13, 14 തീയതികളിൽ സെമിനാരിയിൽ വച്ച് നടത്തി. ക്ലാസുകൾക്ക് നേതൃത്വം നൽകിയത് ശ്രീ. ഷാജൻ കിഴക്കയിലാണ്.

## MAJOR SEMINARY GATHERING & CONFERENCE

വിവിധ സെമിനാരികളിൽ പഠിക്കുന്ന വൈദിക വിദ്യാർത്ഥികൾ മെയ് 16, 17, 18 തീയതികളിൽ സെമിനാരിയിൽ ഒത്തുചേരുകയും, വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ചചെയ്യുകയും, അഭിവന്ദ്യ പിതാവുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു. ആദ്യ ദിനം നടത്തിയ FATHER'S V/S MAJOR SEMINARIANS ബാസ്കറ്റ് ബോൾ മത്സരത്തിൽ മേജർ സെമിനാരി ടീം വിജയിച്ചു.

## RE OPENING

2024-25 വർഷത്തെ സെമിനാരി പരിശീലനം മെയ് 31ന് ആരംഭിക്കും.

**ഫാ. കുര്യൻ താന്നിക്കൽ**
റെക്ടർ, അൽഫോൻസ സെമിനാരി

# ചെറുപുഷ്പ മിഷൻലീഗ്

**സംസ്ഥാന ഡയറക്ട്ടേഴ്സ് വൈസ് ഡയറക്ട്ടേഴ്സ് മീറ്റും, മാനേജിംഗ് കമ്മിറ്റിയും**

ചെറുപുഷ്പ മിഷൻലീഗ് സംഘടനയുടെ തുടർ പ്രവർത്തനങ്ങ ളെക്കുറിച്ച് ആലോചിക്കുന്നതിനും 2024-25 വർഷത്തെ പ്രവർത്തന മാർഗരേഖയുടെ കരട് അവതരിപ്പിക്കുന്നതിനുമായി മെയ് 2 ന് നടന്ന ഡയറക്ട്ടേഴ്സ് വൈസ് ഡയറക്ട്ടേഴ്സ് മീറ്റിലും, മെയ് 10 ന് നടന്ന ഓൺലൈൻ മാനേജിംഗ് കമ്മിറ്റിയിലും രൂപത ഭാരവാഹികൾ പങ്കെടുത്തു.

**പന്തക്കുസ്താ തിരുനാൾ**

പന്തക്കുസ്താ തിരുനാളിന് ഒരുക്കമായി പ്രാർത്ഥിച്ചൊരുങ്ങുന്ന തിന് ഒൻപതു ദിവസവും പരിശുദ്ധാത്മാവിന്റെ നൊവേന വാട്സ് ആപ്പ് ഗ്രൂപ്പുകളിൽ പങ്കുവച്ചു.

**കൈയ്യെഴുത്തു മാസിക തയ്യാറാക്കൽ മത്സരം**

ഈ വർഷത്തെ പഠന വിഷയം അടിസ്ഥാനമാക്കിയുള്ള കൈ യെഴുത്തു മാസിക തയ്യാറാക്കൽ മത്സരത്തിൽ വിവിധ ശാഖകൾ പങ്കെടുത്തു.

**എസ് എസ് എൽ സി, ഹയർ സെക്കൻഡറി പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ എല്ലാ കുഞ്ഞു മിഷനറിമാർക്കും അഭിനന്ദനങ്ങൾ.**

**മിസ്സിയോ ദൈവവിളി പ്രസംഗ മത്സരം വിജയികൾ**

1st എൽസ നിയ ജോൺ ചെറിയമ്പുറത്ത് ചക്കിട്ടപാറ

2nd അയിന സന്തോഷ് ചാമപ്പറമ്പിൽ തിരുവമ്പാടി

3rd മെറിൻ റോയ് മുണ്ടത്താനത്ത് മാലാപറമ്പ്

**ചെറുപുഷ്പ മിഷൻലീഗ്- 2024-27 പ്രവർത്തനവർഷത്തെ പുതിയ ഭാരവാഹികൾ**

**സീനിയർ ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡൻറ് | : | ജിനോ മാത്യു തറപ്പുതൊട്ടിയിൽ (തോട്ടുമുക്കം മേഖല) |

| | | |
|---|---|---|
| വൈസ് പ്രസിഡന്റ് | : | ആൻമേരി കൊച്ചുതൊട്ടിയിൽ (താമരശ്ശേരി മേഖല) |
| സെക്രട്ടറി | : | അരുൺ ജോസഫ് കണ്ടത്തിൽ (കോടഞ്ചേരി മേഖല) |
| ജനറൽ ഓർഗനൈസർ | : | അനുപ് ചീരമറ്റത്തിൽ (മരുതോങ്കര മേഖല) |

**റീജിയണൽ ഓർഗനൈസർമാർ**

1. മലപ്പുറം ബെന്നി മൈക്കിൾ പുളിക്കൽ (പെരിന്തൽമണ്ണ മേഖല)
2. തിരുവമ്പാടി സോണിമോൻ സേവ്യർ കരിവേലിക്കൽ (തിരുവാടി മേഖല)
3. താമരശ്ശേരി അബിൻ ജിയോ ആക്കാട്ട് (താമരശ്ശേരി മേഖല)
4. കൂരാച്ചുണ്ട് സീനോ കറുകപ്പള്ളിൽ (കൂരാച്ചുണ്ട് മേഖല)

**സംസ്ഥാന പ്രതിനിധികൾ**

1. ജോയ്സി ഇടമണ്ണ (കൂരാച്ചുണ്ട് മേഖല)
2. ജോയ് ജോർജ്പുതിയാപറമ്പിൽ (തോട്ടുമുക്കം മേഖല)
3. ജയ്മോൻ ജോർജ് മൂത്തേടത്ത് (തിരുവമ്പാടി മേഖല)

**ജൂനിയർ ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | : | റിച്ചാർഡ് പറപ്പള്ളിൽ, കല്ലാനോട് |
| വൈസ് പ്രസിഡന്റ് | : | ലിഷ തോമസ് കൊച്ചുവീട്ടിൽ, കട്ടിപ്പാറ |
| സെക്രട്ടറി | : | ഡെലൻ എം ബി മൂലമുറിയിൽ, മരിയാപുരം |
| ജോയിന്റ് സെക്രട്ടറി | : | ആൻ തോമസ് കരിവേലിക്കൽ, പുല്ലൂരാംപാറ |

**എക്സിക്യൂട്ടീവ് അംഗങ്ങൾ**

1. അലൻ ഷാജി പൂവത്തിങ്കൽ, മാലാപറമ്പ്
2. ആൻ ട്രീസ കുഴിക്കാട്ടുകുന്നേൽ, കണ്ണോത്ത്
3. ജെന്നിഫർ വിൻസന്റ് പരുന്തുവീട്ടിൽ, മരുതോങ്കര

## അറിയിപ്പുകൾ

### കുഞ്ഞേട്ടൻ സ്കോളർഷിപ്പ് അപേക്ഷ

2023-2024 അധ്യയനവർഷത്തിലെ വാർഷിക പരീക്ഷയ്ക്ക് പത്താംക്ലാസിൽ എല്ലാ വിഷയങ്ങൾക്കും A+ നേടുകയും മിഷൻ ലീഗിൽ സജീവമായി

പ്രവർത്തിക്കുകയും ചെയ്യുന്ന കുട്ടികൾക്കായി സംസ്ഥാനതലത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന കുഞ്ഞേട്ടൻ സ്കോളർഷിപ്പിന് അപേക്ഷകൾ ക്ഷണിക്കുന്നു. മേഖലകളിൽനിന്ന് ഓരോരുത്തരെ തെരഞ്ഞെടുത്ത ശേഷം അവരുടെ പേര്, വീട്ടുപേര്, മാതാ പിതാക്കളുടെ പേര്, ഇടവക എന്നിവയടക്കം A4 പേപ്പറിൽ അപേക്ഷ എഴുതുക. മാർക്ക് ലിസ്റ്റിന്റെ ഒരു കോപ്പിയും ബഹു. വികാരിയച്ചന്റെ ശുപാർശ കത്തും അടക്കം ജൂൺ 17 ന് മുൻപ് മേഖല ഭാരവാഹികൾ രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്ന മൂന്നു പേർക്ക് രൂപത സ്കോളർഷിപ്പ് നൽകുന്നതാണ്. അതിൽ ഒരാൾക്ക് സംസ്ഥാന സ്കോളർഷിപ്പ് ലഭിക്കുന്നു.

2024-25 പ്രവർത്തന വർഷത്തെ ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് മീറ്റും മാനേജിംഗ് കമ്മിറ്റിയും ജൂൺ 17ന് താമരശ്ശേരി ബിഷപ്പ് ഹൗസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നതാണ്.

### പ്രേഷിത കൂടാരം

താമരശ്ശേരി രൂപത വിശ്വാസ പരിശീലന കേന്ദ്രവും, ചെറുപുഷ്പ മിഷൻ ലീഗും, തിരുബാലസഖ്യവും ഇടവകകളിൽ ഒരുമിച്ച് നടത്തുന്ന ഏകദിന പ്രോഗ്രാമാണ് പ്രേഷിത കൂടാരം. നാല് പരിശീലകർ ഉൾക്കൊള്ളുന്ന ടീമിന്റെ നേതൃത്വത്തിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ രണ്ട് ഗ്രൂപ്പുകളാക്കി തിരിച്ച് നടത്തുന്ന പ്രോഗ്രാം. ഈ പ്രോഗ്രാമിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന കാര്യങ്ങൾ വിശുദ്ധ കുർബാന, പതാക ഉയർത്തൽ, പ്രേക്ഷിത റാലി, ഫെയ്ത്ത് ടിപ്സ് (ക്ലാസ്സുകൾ), ഗെയിംസ്, ആക്ഷൻ സോങ്സ്, ആരാധന, മിഷൻ ആന്തം എന്നിവയാണ്. 2 വർഷത്തിനിടയിൽ എല്ലാ ഇടവകകളിലും നടത്തണമെന്ന് ആഗ്രഹിക്കുന്ന ഈ പ്രോഗ്രാം ഇടവകയുടെ സൗകര്യ പ്രകാരം ഞായറാഴ്ചകളിൽ നടത്താവുന്നതാണ്.

ബന്ധപ്പെടേണ്ട നമ്പർ: 7902510633

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്

ALPHA
Inspire to illumine
Managed by Diocese of Thamarassery

# ആൽഫ മരിയ അക്കാദമി

**ആൽഫാ മരിയ അക്കാദമി കുന്നമംഗലത്ത് പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

- എട്ട് മാസം കൊണ്ട് B2 ലെവൽ പൂർത്തിയാകുന്ന ജർമ്മൻ ഭാഷ പരിശീലനം . പരിചയസമ്പന്നരായ അധ്യാപകർക്ക് ഒപ്പം താമസിച്ച് പഠിക്കാം. ഒപ്പം ജർമ്മനിയിൽ പഠിക്കാനുള്ള ഏല്ലാ സഹായവും ചെയ്തു കൊടുക്കുന്നു.
- നഴ്സിംഗ് കഴിഞ്ഞവർക്ക് ഫ്രീ ആയി ജർമൻ പഠിക്കാനും ഫ്രീ ആയി ജർമ്മനിയിൽ പോകാനും ഉള്ള സംവിധാനം. ഓൺലൈൻ ആയും ഓഫ്ലൈൻ ആയും ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്.
- ആൽഫാ മരിയ അക്കാദമി തിരുവമ്പാടിയിലും കുന്നമംഗലത്തും പ്ലസ് വൺ വിദ്യാർത്ഥികൾക്ക് പരിചയസമ്പന്നരായ അധ്യാപകരുടെ ട്യൂഷൻ ക്ലാസുകൾ ആരംഭിച്ചിരിക്കുന്നു.
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

ഫാ അനീഷ് പുളിച്ചമാക്കൽ 9497567689
ഫാ ജിതിൻ പന്തലാടിക്കൽ 8157044071

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# വിദ്യാഭ്യാസരംഗം

## എസ്.എസ്. എൽ.സി. പരീക്ഷാഫലം

ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ താമരശ്ശേരി കോർപ്പറേറ്റിലെ 20 ഹൈസ്കൂളുകളും 100% വിജയംനേടി ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ്. മുഴുവൻ വിഷയങ്ങൾക്കും A+ നേടിയ വരുടെ എണ്ണത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പരീക്ഷയെഴുതി വിജയിച്ച 2467 കുട്ടികളിൽ 547 പേർ ഫുൾ A+ നേടിയവരാണ്. മികച്ച വിജയം നേടിയവർക്കും അതിനുപിന്നിൽ അദ്ധ്വാനിച്ചവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

| *Sl. No.* | *Name of School* | *No. of Students Appeared* | *EHS* | *Full A+* | *Total %* |
|---|---|---|---|---|---|
| 1 | St. Joseph's HS Chempanoda | 110 | 110 | 32 | 100% |
| 2 | St. Mary's HS Kakkadampoil | 27 | 27 | 3 | 100% |
| 3 | St. Mary's HS Kallanode | 121 | 121 | 36 | 100% |
| 4 | St. Antony's HS Kannoth | 182 | 182 | 26 | 100% |
| 5 | Holy Family HS Kattippara | 186 | 186 | 23 | 100% |
| 6 | St. Joseph's HS Kodanchery | 163 | 163 | 39 | 100% |
| 7 | St. Sebastian's HS Koodaranhi | 200 | 200 | 43 | 100% |
| 8 | St. Thomas HS Koorachundu | 201 | 201 | 56 | 100% |
| 9 | St. George's HS Kulathuvayal | 185 | 185 | 36 | 100% |
| 10 | PTCM HS Kunduthode | 72 | 72 | 22 | 100% |
| 11 | Marygiri HS Maramchtty | 21 | 21 | 6 | 100% |
| 12 | St. Mary's HS Maruthonkara | 74 | 74 | 26 | 100% |
| 13 | St. John's HS Nellipoyil | 75 | 75 | 14 | 100% |
| 14 | Holy Family HS Padathukadave | 74 | 74 | 23 | 100% |
| 15 | St. Sebastian's HS Punnackal | 39 | 39 | 7 | 100% |
| 16 | St. Joseph's HS Pullurampara | 183 | 183 | 57 | 100% |
| 17 | Sacred Heart HS Thiruvambady | 278 | 278 | 48 | 100% |
| 18 | Holy Family HS Venappara | 84 | 84 | 12 | 100% |
| 19 | St. George's HS Vilangad | 81 | 81 | 17 | 100% |
| 20 | St. Thomas HS Thottumukkam | 111 | 111 | 21 | 100% |
| | **TOTAL** | **2467** | **2467** | **547** | **100%** |

## പ്രധാനധ്യാപക യോഗം

കോർപ്പറേറ്റ് സ്കൂളുകളിലെ പ്രധാനധ്യാപകരുടെ യോഗം 13/05/2023 ന് രൂപതാഭവൻ ഓഡിറ്റോറിയത്തിൽ നടന്നു. സ്കൂൾ തുറക്കുന്നതിനുമുന്നോടിയായി

നടത്തേണ്ട മുന്നൊരുക്കങ്ങൾ ചർച്ച ചെയ്തു. കുട്ടികളുടെ പ്രവേശന നടപടികൾ, സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, മുതലായവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കോർപ്പറേറ്റ് മാനേജർ നിർദ്ദേശം നൽകി. ഈ വർഷം കുട്ടികളുടെ കുറവുമൂലം ഡിവിഷൻ നഷ്ടപ്പെടാനുള്ള സാധ്യത നിലനിൽക്കുന്നതായി പ്രധാനധ്യാപകർ റിപ്പോർട്ട് ചെയ്തു. ഈ പ്രത്യേക സാഹചര്യത്തിൽ കോർപ്പറേറ്റ് സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപക-അനധ്യാപക ജീവനക്കാർ തങ്ങളുടെ മക്കളെ പൊതുവിദ്യാലയങ്ങളിൽ ചേർത്ത് പഠിപ്പിക്കേണ്ടതിന്റെ അനിവാര്യതയും യോഗത്തിൽ ചർച്ച ചെയ്തു. കോർപ്പറേറ്റുതല വേദപാഠ-സന്മാർഗ്ഗശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷാവിജയികൾക്കുള്ള ക്യാഷ് അവാർഡും സർട്ടിഫിക്കറ്റുകളും യോഗത്തിൽ വിതരണം ചെയ്തു. എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയ സ്കൂളുകളിലെ പ്രധാനധ്യാപകരെയും അധ്യാപകരെയും കോർപ്പറേറ്റ് മാനേജർ അനുമോദനം അറിയിച്ചു.

### പ്ലസ് ടൂ കുട്ടികളുടെ ധ്യാനം

കോർപ്പറേറ്റിനു കിഴിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്ലസ് വൺ പഠനം പൂർത്തീകരിച്ച കത്തോലിക്ക കുട്ടികൾക്കായി 4 ദിവസത്തെ ധ്യാനം സംഘടിപ്പിച്ചു. ബഥാനിയ റിന്യൂവൽ സെന്ററിൽവെച്ച് 2 ബാച്ചുകളിലായി നടന്ന ധ്യാനത്തിന് ഫാ. സെബാസ്റ്റ്യൻ പുളിക്കലിന്റെ നേതൃത്വത്തിലുള്ള ബഥാനിയ ടീം നേതൃത്വം നൽകി.

### ആദരാഞ്ജലികൾ

**ഫാ. മാത്യു മാവേലി:-** താമരശ്ശേരി രൂപതയുടെ മുൻവികാരി ജനറാളും കോർപ്പറേറ്റ് മാനേജരുമായിരുന്ന ബഹു. മാത്യു മാവേലി അച്ചന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും അദ്ദേഹത്തിന്റെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**എം.ജെ. മറിയാമ്മ ടീച്ചർ:-** സ്തുത്യർഹ സേവനത്തിന് ശേഷം വിരമിച്ച് വിശ്രമജീവിതത്തിലായിരുന്ന ശ്രീമതി എം.ജെ. മറിയാമ്മ ടീച്ചർ (റിട്ട. യു.പി.എസ്.ടി., സെന്റ് ജോസഫ് യു.പി.സ്കൂൾ ചെമ്പനോട) നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. ടീച്ചറിനെയും പ്രാർത്ഥനയിൽ സ്മരിക്കുകയും ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് വർഗീസ്**
കോർപ്പറേറ്റ് മാനേജർ

# PLUS TWO RESULT - 2024

| SL. NO. | NAME OF SCHOOL | | SCIENCE | | | | | | COMMERCE | | | | | | HUMANITIES | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | No. Appeared | EHS | NHS | % | FULL A+ | 5 A+ 1A | No. Appeared | EHS | NHS | % | FULL A+ | 5 A+ 1A | No. Appeared | EHS | NHS | % | FULL A+ | 5A+ 1A |
| 1 | SM HSS KALLANODE | | 58 | 55 | 3 | 94.8% | 7 | 4 | 36 | 25 | 11 | 69.4% | 1 | 1 | 56 | 43 | 13 | 76.8% | 2 | 1 |
| 2 | HFHSS KATTIPPARA | | 113 | 99 | 14 | 87.6% | 14 | 8 | | | | | | | 57 | 50 | 7 | 87.7% | — | — |
| 3 | SJHSS KODENCHERY | | 116 | 111 | 5 | 95.7% | 18 | 8 | 58 | 38 | 20 | 65.5% | 1 | 1 | 59 | 40 | 19 | 67.8% | — | — |
| 4 | SSHSS KOODARANHI | 01 | 109 | 95 | 14 | 87.2% | 25 | 5 | 59 | 43 | 16 | 72.9% | — | 4 | 60 | 48 | 12 | 80.0% | 1 | — |
| | | 05 | 54 | 50 | 4 | 92.6% | 8 | 2 | | | | | | | | | | | | |
| 5 | STHSS KOORACHUNDU | | 59 | 59 | 0 | 100.0% | 10 | 5 | 58 | 49 | 9 | 84.5% | 1 | 5 | | | | | | |
| 6 | SGHSS KULATHUVAYAL | | 120 | 117 | 3 | 97.5% | 32 | 9 | 58 | 49 | 9 | 84.5% | 1 | 3 | 58 | 49 | 9 | 84.5% | 2 | 3 |
| 7 | SMHSS MARUTHOMKARA | | 60 | 59 | 1 | 98.3% | 18 | 6 | 60 | 52 | 8 | 86.7% | — | 3 | 59 | 43 | 16 | 72.9% | 4 | 2 |
| 8 | HFHSS PADATHUKADAVU | | 60 | 60 | 0 | 100.0% | 21 | 4 | 58 | 52 | 6 | 89.7% | — | — | | | | | | |
| 9 | SJHSS PULLURAMPARA | 01 | 57 | 56 | 1 | 98.2% | 27 | 5 | 56 | 53 | 3 | 94.6% | 8 | 4 | 59 | 35 | 24 | 59.3% | 1 | — |
| | | 05 | 54 | 52 | 2 | 96.3% | 18 | 2 | | | | | | | | | | | | |
| 10 | SHHSS THIRUVAMPADY | | 116 | 115 | 1 | 99.1% | 50 | — | 60 | 55 | 5 | 91.7% | 9 | — | 63 | 56 | 7 | 88.9% | 7 | — |
| 11 | HFHSS VENAPPARA | | 54 | 47 | 7 | 87.0% | 4 | 6 | 58 | 40 | 18 | 69.0% | 1 | 1 | | | | | | |
| 12 | STHSS THOTTUMUKKAM | | 54 | 51 | 3 | 94.4% | 7 | 7 | | | | | | | 58 | 42 | 16 | 72.4% | — | 1 |
| Total | | | 1084 | 1026 | 58 | 94.6% | 259 | 66 | 561 | 456 | 105 | 81.3% | 22 | 22 | 529 | 406 | 123 | 76.7% | 17 | 7 |

**Corporate Level Result at a Glance**

| Subject | No. Appeared | EHS | NHS | % | Full A+ | 5A+1A |
|---|---|---|---|---|---|---|
| Science (Biology) | 976 | 924 | 52 | 94.70% | 233 | 62 |
| Science (Comp.Science) | 108 | 102 | 6 | 94% | 26 | 4 |
| Commerce | 561 | 456 | 105 | 81.3% | 22 | 22 |
| Humanities | 529 | 406 | 123 | 76.7% | 17 | 7 |

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

കോഴിക്കോട് മേരിക്കുന്നിലുള്ള പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ ഡയറക്ടർ ഫാദർ കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ ദിവസേന കൗൺസിലിങ്ങും കൗൺസിലിംഗ് ക്ലാസ്സുകളും ഓഫ് ലൈനായും ഓൺലൈനായും നടക്കുന്നു. വർദ്ധിച്ചു വരുന്ന മാനസിക സംഘർ ഷങ്ങളെ ക്രിയാത്മകമായി സമീപിക്കുവാനും മാനസിക പിരിമുറു ക്കത്തിൽ നിന്നും ആനന്ദകരമായ ഒരു ജീവിതത്തിലേക്ക് നടന്നടുക്കുവാനും വളരെ സഹായകമാകുന്ന ഈ കൗൺസലിംഗ് സേവനം, ജാതിമത ഭേദമെന്യേ കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ളവർക്ക് ഇവിടെ സംലഭ്യമാണ്. സൗജന്യ കൗൺസലിംഗ് സേവനവും ഇവിടെ നല്കപ്പെടുന്നു.

കൗൺസലിംഗിനായി കപ്പുച്ചിൻ സഭാംഗമായ ഫാദർ ജോജി പെരുംപ്പെട്ടിക്കുന്നേൽ OFM CAP (അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് സൈക്കോതെറാപ്പിസ്റ്റ്) ന്റെ സേവനവും JPI യിൽ ലഭ്യമാണ്.

## അറിയിപ്പുകൾ

### 1. വ്യക്തിത്വ വികസന ക്യാമ്പ്

കുട്ടികളുടെ ഭാവി നശിപ്പിക്കുന്ന അലസത, ലക്ഷ്യബോധമി ല്ലായ്മ, മൊബൈൽ ഫോണിന്റെ അമിത ഉപയോഗം, തെറ്റായ കൂട്ടു കെട്ടുകളിലും സ്നേഹ ബന്ധങ്ങളിലും പെട്ടുള്ള അപകടങ്ങൾ, ലഹരി വസ്തുക്കളുടെ ഉപയോഗം, മാതാപിതാക്കളോടുള്ള ബന്ധങ്ങളിലെ വിള്ളൽ, മറ്റ് വ്യക്തിത്വ വൈകല്യങ്ങൾ തുടങ്ങിയവ മാറ്റി ജീവി തത്തിന് പുതിയ കാഴ്ചപ്പാടും ലക്ഷ്യബോധവും നൽകി, സ്വന്തം കഴിവുകൾ കണ്ടെത്തി അവ വളർത്തി ഉത്തമ പൗരന്മാരായി മാറുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ 10, 11, 12 ക്ലാസുകളിൽ പഠി ക്കുന്ന കുട്ടികൾക്കായി, 2024 മേയ് 17, 18 തീയതികളിൽ, കോഴിക്കോട് പി. എം. ഒ. സി. യിൽ വച്ച് പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട്, വ്യക്തിത്വ വികസന ക്യാമ്പ് സംഘടിപ്പിച്ചു. കുട്ടികൾക്ക് വ്യക്തി പരമായി കൗൺസിലിംഗ് സൗകര്യവും ഉണ്ടായിരുന്നു.

### 2. കോഴ്സുകൾ

പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തപ്പെടുന്ന, മാസ് റ്റേഴ്സ് (ഓൺലൈൻ / ഓഫ് ലൈൻ) പ്രോഗ്രാമിന്റെ 6 വേ (2024-25) ബാച്ചിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

1. എം.എസ്.സി . ഇൻ കൗൺസിലിംഗ് സൈക്കോളജി,
2. എം.എസ്.സി. ഇൻ ഗൈഡൻസ് & കൗൺസലിംഗ്.
3. യൂണിവേഴ്സിറ്റി എക്സാമിനേഷൻ

2023-24 അധ്യയന വർഷത്തെ ക്ലാസ്സുകൾ പൂർത്തിയാക്കി, എം.എസ്. സി. ഇൻ കൗൺസിലിംഗ് സൈക്കോളജി, എം.എസ്.സി. ഇൻ ഗൈഡൻസ് & കൗൺസലിംഗ് ഒന്നാം വർഷ, രണ്ടാം വർഷ വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി പരീക്ഷയ്ക്കായി തയ്യാറെടുക്കുന്നു.

കൗൺസിലിംഗ് കോഴ്സ് പഠക്കാൻ താത്പര്യമുള്ളവരും കൗൺ സലിംഗ് സേവനം ആവശ്യമുള്ളവരും താഴെ കൊടുത്തിരിക്കുന്ന നമ്പ റിൽ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

Contact No: 9037379180 / 9496575018

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

---

# സ്റ്റാർട്ട്

## FUTURE ORIENTATION ONLINE WORKSHOP

പത്താം ക്ലാസ് കഴിഞ്ഞ വിദ്യാർത്ഥികൾക്കും അവരുടെ മാതാപിതാക്കൾ ക്കും ആയി സ്റ്റാർട്ടിന്റെ നേതൃത്വത്തിൽ സൗജന്യമായി 'Future Orientation Online Workshops' മെയ് ഒമ്പതാം തീയതി സംഘടിപ്പിച്ചു. പ്രമുഖ വിദ്യാഭ്യാസ കൺ സൾട്ടന്റ് പ്രൊഫസർ എബ്രഹാം പി.ടി. ക്ലാസുകൾക്ക് നേതൃത്വം നൽകി. വി ദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസൃതമായി കോഴ്സുകൾ എങ്ങനെ തിരഞ്ഞെടുക്കാം എന്ന ലക്ഷ്യത്തോടെയായിരുന്നു സ്റ്റാർട്ട് ഫ്യൂച്ചർ ഓറിയന് റേഷൻ ഓൺലൈൻ വർക്ക്ഷോപ്പ് സംഘടിപ്പിച്ചത്. സയൻസ്, കൊമേഴ്സ്, ഹി മാനിറ്റീസ് എന്നീ മേഖലകളിലെ വിദ്യാഭ്യാസ സാധ്യതകളും തൊഴിൽ സാധ്യതകളും ഓൺലൈൻ വർക്ക്ഷോപ്പിന്റെ ഭാഗമായിരുന്നു. സ്റ്റാർട്ട് ഡയറക്ടർ ഫാ. ഡോ. സു ബിൻ കിഴക്കേവീട്ടിൽ യോഗത്തിന് സ്വാഗതമരുളി. ജില്ലയ്ക്കകത്തുനിന്നും പുറ ത്തുനിന്നുമായി നൂറോളം വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും ഓൺലൈൻ വർക്ക്ഷോപ്പിൽ പങ്കെടുത്തു.

## START CAREER DRIVE WORKSHOP

പ്ലസ്ടുവിന് ശേഷം എന്ത്? എങ്ങനെ? എന്ന് ചോദ്യത്തിനുത്തരവുമായി സ്റ്റാർട്ടിന്റെ നേതൃത്വത്തിൽ പ്ലസ്ടു കഴിഞ്ഞ വിദ്യാർഥികൾക്കും അവരുടെ രക്ഷിതാക്കൾക്കുമായി 'Career Drive Workshop' മെയ് 15 ന് സ്റ്റാർട്ടിൽവെച്ച് സംഘടിപ്പിച്ചു. ശ്രീ. ജോസഫ് ജോർജ് (IIT M & START Alumnus) ക്ലാസുകൾക്ക് നേതൃത്വം നൽകി. കാലാനുസൃതമായി വിദ്യാഭ്യാസ തൊഴിൽ മേഖലകളിൽ വന്ന നൂതന പരിഷ്കാരങ്ങൾ വിദ്യാർത്ഥികളിൽ എത്തിക്കുകയും അവരെ അതിന് പ്രാപ്തരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയായിരുന്നു സ്റ്റാർട്ട് കരിയർ ഡ്രൈവ് സംഘടിപ്പിച്ചത്. വിദേശ പഠനത്തിന് പ്രാധാ ന്യമേറി വരുന്ന ഈ കാലഘട്ടത്തിൽ, അതിന്റെ അവസരങ്ങളും വിവിധ സ്കോളർഷിപ്പ് സാധ്യതകളും വിദ്യാർഥികൾക്കായി അവതരിപ്പിച്ചു. രാജ്യത്തിനകത്തുള്ള വിവിധ വിദ്യാഭ്യാസ തൊഴിൽ മേഖലകളെ പറ്റിയും ക്ലാസുകൾ എടുത്തു. വിദ്യാർത്ഥികളുടെ അഭിരുചി മനസ്സിലാക്കുന്നതിനായി കോഴ്സ് മാപ്പിംഗ്, കരിയർ മാപ്പിംഗ് തുടങ്ങിയവയുടെ സഹായത്തോടെ അഭിരുചി പരീക്ഷ വിദ്യാർത്ഥികൾക്കായി പരിചയപ്പെടുത്തി. സ്റ്റാർട്ട് ഡയറക്ടർ റവ. ഡോ. സുബിൻ കിഴക്കേവീട്ടിൽ യോഗത്തിന് ആമുഖ പ്രഭാഷണം നടത്തി.

## TEENQUIP'24

വിനോദത്തോടൊപ്പം വിജ്ഞാനവും എന്ന ആശയം മുന്നിൽവെച്ചുകൊണ്ട് START, QUETZAL SOCIETY, EIKON (SKD Sisters) എന്നിവരുടെ നേതൃത്വത്തിൽ 8, 9, 10,11, 12 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായുള്ള അവധിക്കാല ക്യാമ്പായ TeenQuip'24 മെയ് 7 മുതൽ 11 വരെ സ്റ്റാർട്ടിൽ വച്ച് നടത്തപ്പെടുകയുണ്ടായി . സ്റ്റാർട്ട് ഡയറക്ടർ ഫാ. ഡോ സുബിൻ കിഴക്കേവീട്ടിൽ TeenQuip'24 ഉദ്ഘാടനം ചെയ്തു. സി. ടിജി SKD, ശ്രീ ജ്യോതിസ് പോൾ, ശ്രീ ഷാർലറ്റ്, ശ്രീ പ്രതാപൻ, സി. റോസ് SKD എന്നിവർ നേതൃത്വം നൽകി. എഫക്ടീവ് പബ്ലിക് സ്പീക്കിംഗ്, ലേണിംഗ് സ്കിൽസ്, ലൈഫ് സ്കിൽസ്, നാടൻപാട്ട് നാടകക്കളരി, കരിയർ ഗൈഡൻസ് തുടങ്ങിയ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്കായി ക്ലാസുകളെടുത്തു.

## പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾക്കായുള്ള ഏകവത്സര കോഴ്സ് (MTC)

സ്വഭാവ വൈശിഷ്ട്യവും സാമൂഹിക പ്രതിബദ്ധതയും ഉയർന്ന ധാർമിക നിലവാരവുമുള്ള നേതാക്കളെയും ഉദ്യോഗസ്ഥരെയും നിയമപാലകരെയും നമ്മുടെ സമുദായത്തിൽ നിന്ന് ദേശീയ അന്തർ ദേശീയ തലങ്ങളിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന ഏകവത്സര കോഴ്സായ MTC മാസ്റ്റർ ട്രെയിനിങ് കോഴ്സിന്റെ (Pre Professional Foundation Course) പത്തൊൻപതാമത്തെ

ബാച്ചി ലേക്കുള്ള ക്ലാസുകൾ 2024 ജൂൺ 22ന് ആരംഭിക്കുകയാണ്. അഖിലേന്ത്യാ തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കേന്ദ്ര സർവ്വകലാശാലകളിലും മറ്റ് പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലും അഡ്മിഷൻ നേടി, മികവുറ്റ വിധം പഠനം പൂർത്തിയാക്കി, ഓരോ വിദ്യാർത്ഥിയിലും അന്തർലീനമായ കഴിവുകളും അഭിരുചികളും കണ്ടെത്തുവാനും അതിനു അനുയോജ്യമായി മാത്രം ഉപരി പഠനത്തിനുള്ള വിഷയങ്ങളും സ്ഥാപനങ്ങളും തെരഞ്ഞെടുക്കുവാനും MTC കുട്ടികളെ സഹായിക്കുന്നു.

Integrated Residential PLUS TWO Course begins on 22nd June 2024

താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ കോഴിക്കോടുള്ള (St Thomas Academy for Research and Training) കുട്ടികളിൽ അടുത്തകാലത്ത് വന്നിട്ടുള്ള വിദേശ പഠനം, ജോലി എന്ന പുതിയ ആവശ്യങ്ങൾക്ക് ശരിയായ ഉത്തരം നൽകാൻ ശ്രമിക്കുന്നതോടൊപ്പം നമ്മുടെ നാട്ടിലെ മികച്ച യുണിവേഴ്സിറ്റികളിലേക്കും, പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലേക്കും (IITs, IIMS, NITs etc.) പ്രവേശനം ലഭിക്കുന്നതിനും നമ്മുടെ കുട്ടികളെ കാലോചിതമായി ഒരുക്കുക എന്ന ലക്ഷ്യത്തോടെ റെസിഡൻഷ്യൽ പ്ലസ് ടു കോഴ്സ് 2024 ജൂൺ 22ന് ആരംഭിക്കുകയാണ്.

ഉന്നത മികവോടെ നാട്ടിലോ വിദേശത്തോ ജീവിതം കരുപ്പിടിപ്പിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾക്ക് അന്തരാഷ്ട്ര നിലവാരത്തോടെ പഠിക്കുവാനും അവരുടെ ഭാവിജീവിതം ശോഭനമാക്കുവാനും, പ്ലസ്റ്റു പഠനത്തോടൊപ്പം ഫ്രഞ്ച്, ജർമ്മൻ ഭാഷകളിൽ ബി 2 ഗ്രേഡ് പരീക്ഷ കൂടി പാസാകാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. ഈ ഭാഷകൾ സംസാരിക്കുന്ന വിദേശികളായ അദ്ധ്യാപകരുടെയും ക്ലാസുകൾ ഉണ്ടായിരിക്കും.

## AI COURSE

- Gain a solid understanding of the advantages of Al and Machine Learning.
- Increasing the professional value with the rare ability to connect this power technology with your profession.
- Learn Computer Programming with Python, Machine Learning, NLP, Chat GPT, and more….

**MS OFFICE AND TALLY + BCC COURSE PREPARATION**
**SOFT SKILL TRAINING, CAREER GUIDANCE AND MENTORING SERVICES**

- Instrumental Music Classes
- Training based on the Aptitude and Individual Differences

## ADMISSION PROCEDURE

- Apply on the prescribed form available from START office or via www.startindia.org
- An Entrance Exam based on the following:
  a) English b) Basic Maths c) Current affairs and general knowledge d) Interview

കൂടുതൽ വിവരങ്ങൾക്ക് :

+91 495 – 2357843, +91 9037107843, +91 97444458111

Email: office@startindia.org, startcalicut22@gmail.com
Visit: www.startindia.org

**ഫാ. സുബിൻ കിഴക്കേവീട്ടിൽ**
ഡയറക്ടർ സ്റ്റാർട്ട്

# അൽഫോൻസ കോളേജ്

• 2024 മെയ് 13 (തിങ്കൾ) മുതൽ 15 (ബുധൻ) വരെ കോളേജിലെ അദ്ധ്യാപകർക്ക് തുടർപരിശീലനപരിപാടികൾ സംഘടിപ്പിച്ചു. ആദ്യദിവസം കാലടി ശ്രീ. ശങ്കരാചാര്യ യൂണിവേഴ്സിറ്റിയിലെ സീനിയർ റിസേർച്ച് ഫെലോ ശ്രീ. ജെ.എസ് അനന്തകൃഷ്ണൻ ഗവേഷണത്തിലും പഠന/പരിശീലന മേഖലകളിലും നിർമ്മിതബുദ്ധി എങ്ങനെ കാര്യക്ഷമമായി ഉപയോഗിക്കാമെന്ന് പരിശീലിപ്പിച്ചു. രണ്ടാം ദിവസം മീഞ്ചന്ത ഗവ. ആർട്സ് & സയൻസ് കോളേജിലെ ഹിസ്റ്ററി വിഭാഗം തലവൻ പ്രൊ. വിൻസെന്റ് പി.ജെ നാലുവർഷ ഡിഗ്രി പ്രോഗ്രാമുകളുടെ സാധ്യതകളെ പരിചയപ്പെടുത്തുകയും OBE, Blooms Taxonomy എന്നിവ വിശദീകരിക്കുകയും ചെയ്തു. മൂന്നാം ദിവസം IIM, Kozhikode ലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റായ ശ്രീ. പ്രണവ് സി.പി Mentoring, Tutoring എന്നിവ കൂടുതൽ ഫലദായ കമാക്കേണ്ടതെങ്ങനെയെന്ന് വർക്ക്ഷോപ്പുകളിലൂടെ പരിശീലിപ്പിച്ചു.

• 2024 മെയ് 16 (വ്യാഴം), 17 (വെള്ളി) ദിവസങ്ങളിലായി 2023-24 അദ്ധ്യയനവർഷത്തേക്കുറിച്ചുള്ള അക്കാദമിക് & അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റ് (AAA) നടത്തുകയും 2024-25 വർഷത്തേക്കുറിച്ചുള്ള പ്രവർത്തനരൂപരേഖ തയ്യാറാക്കുകയും ചെയ്തു. വികാരി ജനറാളായ മോൺ. അബ്രാഹം വയലിൽ, അഡ്മിനിസ്ട്രേറ്റർ ഫാ. മനോജ് കൊല്ലംപറമ്പിൽ, സി. ഡോ. ഉദയ CMC എന്നിവർ അഡ്മിനിസ്ട്രേറ്റീവ്, അക്കാദമിക് വിഭാഗങ്ങൾ അവതരിപ്പിച്ച Self Study Reports (SSRs) വിലയിരുത്തുകയും ആവശ്യകമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

• മെയ് 16-ാം തിയ്യതി 2024-25 വർഷത്തേക്കുള്ള ക്ലബ്ബുകളുടേയും ഫോറങ്ങളുടേയും പുതിയ ഭാരവാഹികളെ ചുമതലപ്പെടുത്തി.

• 2024 മെയ് 22 (ബുധൻ)-ന് കോളേജിൽ വച്ച് എഡ്യുക്കേഷൻ ട്രസ്റ്റിന്റെ ഒരു വിശേഷാൽ യോഗം അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.

• 2024 മെയ് 28-ാം തിയ്യതി കോളേജ് കൗൺസിൽ യോഗം ചേർന്നു. നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കുന്നതിനുവേണ്ട മുന്നൊരു ക്കങ്ങളെ കൗൺസിൽ വിലയിരുത്തി.

• 2021-24 ഡിഗ്രി ബാച്ചുകളുടെ ആറാം സെമസ്റ്റർ റിസൾട്ട് പ്രഖ്യാപിച്ചു. 100 ശതമാനം വിജയത്തോടെ ഇംഗ്ലീഷ്, ജേണലിസം ഡിപ്പാർട്ടു മെന്റുകളും 86% ത്തോടെ കമ്പ്യൂട്ടർ അപ്ലിക്കേഷൻ പ്രോഗ്രാമും 75% ത്തിനുമുകളിൽ വിജയത്തോടെ സൈക്കോളജി ഡിപ്പാർട്ടുമെന്റും, ബി.ബി.എ, ബി. കോം ഫിനാൻസ് പ്രോഗ്രാമുകളും മികവു പുലർത്തി.

• 2024-25 അദ്ധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ നടപടികൾ ആരംഭിച്ചു. B Sc Psychology (Hon), BA English (Hon), BA Journalism and Mass Communication

(Hon), B Com Finance (Hon), B Com Computer Application (Hon), AICTE Approved BBA (Hon), MA English, M Com Finance കോഴ്സുകളിലേയ്ക്ക് ജൂൺ ഒന്ന് വരെ യൂണി വേഴ്സിറ്റിയുടെ ഏകജാലകസംവിധാനത്തിലൂടെ അപേക്ഷിക്കാവുന്ന താണ്. മാനേജ്മെന്റ് സീറ്റുകളിലേയ്ക്കുള്ള അഡ്മിഷന് കോളേജിൽ നേരിട്ടുവന്ന് ആപ്ലിക്കേഷൻ ഫോറം വാങ്ങാവുന്നതാണ്. മിടുക്കരായ കുട്ടികളെ നമ്മുടെ കോളേജിലേയ്ക്ക് പറഞ്ഞയക്കുവാൻ വികാരി യച്ചൻമാർ ശ്രദ്ധിക്കുമല്ലോ. നാലു വർഷ ഡിഗ്രി കോഴ്സിനേക്കുറിച്ചുള്ള സംശയനിവാരണങ്ങൾക്ക് നാലുവർഷ-ഡിഗ്രി പ്രോഗ്രാമിന്റെ കോഡിനേറ്റർ ഫാ. ജീയോ പുതുശ്ശേരിപുത്തൻപുരയെ വിളിക്കാവുന്ന താണ് (9946470550). രൂപതാംഗങ്ങളായ കുട്ടികൾക്ക് വിവിധങ്ങളായ സ്കോളർഷിപ്പുകളും ഫീസിളവും നൽകുന്നതാണ്. പെൺകുട്ടികൾക്ക് കാമ്പസിനുള്ളിൽത്തന്നെ ഹോസ്റ്റൽ സൗകര്യം നൽകുന്നതാണ്.

**നന്ദി:** കോളേജിന്റെ ആരംഭം മുതൽ വൈസ് പ്രിൻസിപ്പാളായും മറ്റനേകം ഉത്തരവാദിത്വങ്ങളുടെ നിർവ്വഹണത്തിലൂടെയും അൽഫോൻസാ കോളേജിന്റെ ഉയർച്ചയിലും വളർച്ചയിലും ചാലകശക്തിയായിരുന്ന് ബഹു. കുര്യൻ താന്നിക്കലച്ചന് ഹൃദയം നിറഞ്ഞ നന്ദി. യേശുവിന്റെ ഹൃദയത്തിനൊത്ത ഇടയൻമാരെ രൂപീകരിക്കുന്ന മൈനർ സെമിനാരി റെക്ടർ എന്ന വലിയ ഉത്തരവാദിത്വം ദൈവകൃപയോടെ നിർവ്വഹിക്കാൻ അങ്ങേയ്ക്ക് സാധിക്കട്ടെ.

**സ്വാഗതം:** അൽഫോൻസാ കോളേജ് കുടുംബത്തിലേയ്ക്ക് കടന്നുവരുന്ന ബഹു. മാത്യു (മനോജ്) കൊല്ലംപറമ്പിലച്ചന് ഹൃദ്യമായ സ്വാഗതം. കോളേജിനെ പുതിയ ഉയരങ്ങളിലേയ്ക്കെത്തിക്കുവാൻ അച്ചന്റെ നേതൃത്വത്തിന് സാധിക്കട്ടെ.

**ഫാ. സ്കറിയ മങ്കരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

# എയ്ഡർ എഡ്യൂക്കെയർ

## എയ്ഡർ എഡ്യുകെയർ ഔദ്യോഗിക ഉദ്ഘാടനം

എയ്ഡർ എഡ്യു കെയർ - ഫ്യൂച്ചറിസ്റ്റിക് എഡ്യൂക്കേഷൺ പ്രൊജക്ടിന്റെ ഔദ്യോഗിക ഉദ്ഘാടനം മെയ് 22 ന് രൂപത എപ്പാർക്കിയൽ അസംബ്ലി സമാപന സമ്മേളനത്തിൽ തലശ്ശേരി അതിരൂപത അധ്യക്ഷൻ മാർ ജോസഫ് പാംബ്ലാനിയിൽ നിർവ്വഹിച്ചു. പുല്ലൂരാംപാറ ഇടവകയിലെ നാല് ബാച്ചുകളിലെ വിദ്യാർത്ഥികൾക്ക് എഡ്യുകെയറിന്റെ ലോഗോ കൈമാറിക്കൊണ്ടാണ് ഉദ്ഘാടനം കർമ്മം നടത്തിയത്. താമരശ്ശേരി രൂപത മെത്രാൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, കട്ടാങ്ങൽ ഓർത്തഡോക്സ് സഭാ അധ്യക്ഷൻ ഗീവർഗ്ഗീസ് മാർ പക്കോമിയോസ് എന്നിവരും രൂപത വികാരി ജനറാൾ മോൺ അബ്രഹാം വയലിൽ, എയ്ഡർ ഫൗണ്ടേഷൻ ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ, എയ്ഡർ എഡ്യുകെയർ ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, ഫാ. അഭിലാഷ് ചിലമ്പിക്കുന്നേൽ എന്നിവർ സന്നിഹിതരായിരുന്നു. രൂപതയിലെ ഏഴ് കോൺഗ്രിഗേഷനുകളിൽ നിന്നായി എഡ്യുകെയർ മെന്റേഴ്സായി ശുശ്രൂഷ ചെയ്യുന്ന സി. സജിനി ജോർജ്ജ്, സി. റ്റിസി ജോസ്, സി. സ്നേഹ മെറിൻ, സി. സോന മരിയ, സി. റ്റെസ്ന ജോർജ്ജ്, സി. ക്രിസ്റ്റീന റോസ് എന്നിവരും വേദിയിൽ സന്നിഹിതരായിരുന്നു.

രൂപതയിലെ ഒൻപതാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള മുഴുവൻ കുട്ടികളെയും വരും വർഷങ്ങളിൽ വ്യക്തിപരമായി നേരിട്ടും ഓൺലൈൻ മുഖേനയും ബന്ധപ്പെടുകയും ഒരു വർഷത്തോളം അവരെ വ്യക്തിപരമായി പഠിച്ച് കഴിവുകൾ, അപ്റ്റിറ്റ്യൂഡ്, താത്പര്യം, ആനുകൂല്യങ്ങൾക്കുള്ള അർഹത, കുടുംബ പശ്ചാത്തലം, വ്യക്തിപരമായ പ്രശ്നങ്ങൾ എന്നിവ മനസിലാക്കി കുട്ടികൾക്ക് ഭാവിയിലേക്കുള്ള വഴിതെളിക്കുന്ന പദ്ധതിയാണിത്. നിലവിലെ തൊഴിൽ സാധ്യതകൾക്കനുസരിച്ചും വ്യക്തിഗുണങ്ങൾക്കനുസരിച്ചും വിദ്യാഭ്യാസമേഖലകൾ നിശ്ചയിക്കാനും മികച്ച സ്ഥാപനങ്ങൾ തിരഞ്ഞെടുക്കാനും പ്രവേശന പരീക്ഷകൾ എഴുതാനും കുട്ടികൾക്ക് നേരിട്ട് നിർദ്ദേശങ്ങളും സഹായങ്ങളും ഈ പദ്ധതിയിലൂടെ നൽകുന്നു. വിദ്യാപീഠം, എയ്ഡർ എഡ്യു കണക്ട് എന്നീ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഈ പ്രൊജക്ടിന്റെ  ഭാഗമായി ഉപയോഗപ്പെടുത്തി വരുന്നു. ചെറുപ്പത്തിൽ തന്നെ തൊഴിൽ ബന്ധിതമായ കരിക്കുലം വീത്തേ വിദ്യാപീഠം മുഖേന നിർമ്മിച്ച് സൂക്ഷിക്കാനും അഭിരുചികൾക്കനുസരിച്ച ആഡ് ഓൺ കോഴ്സുകൾ ചെയ്യാനും  കുട്ടികൾക്ക് സാധിക്കുന്നു. ഒൻപതാം ക്ലാസ് മുതൽ തൊഴിൽ നേടുന്നതുവരെ വിദ്യാർ ത്ഥികളെ വ്യക്തിപരമായി നയിക്കുന്ന ഈ ന്യൂജനറേഷൻ ശുശ്രൂഷയ്ക്ക് ഏവരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു.

**ദ്വിദിന എഡ്യു കണക്ട് ടീം ഫോർമേഷൻ - മാനന്തവാടി**

മെയ് 14, 15 തിയ്യതികളിൽഎയ്ഡർ എഡ്യു കണക്ട് ടീം മെമ്പേഴ്സ് മാനന്തവാടി രൂപതയ്ക്ക് കീഴിലുള്ള കാട്ടിക്കുളം ഫെഡാർ ഫൗണ്ടേഷൻ കാര്യാലയത്തിൽ രണ്ടു ദിവസത്തെ ഫോർമേഷനിൽ പങ്കെടുത്തു.

**എഡ്യു കണക്ട് ടീം ഫോർമേഷൻ- താമരശ്ശേരി**

താമരശ്ശേരി സനാതന മേജർ സെമിനാരിയിൽ വെച്ച് നാല് ദിവസത്തെ എഡ്യുകണക്ട് ടീം ഫോർമേഷൻ നടത്തി. ആയിരത്തി നാനൂറോളം കോഴ്സുകളെ സംബന്ധിച്ച് ടീമിലെ സിസ്റ്റേഴ്സ് നാല് ദിവസം പഠനം നടത്തുകയും നോട്ട് തയ്യാറാക്കുകയും ചെയ്തു. ഫോർമേഷൻ സെഷൻ റൂബി ജൂബിലി പ്രൊജക്ട് കോ - ഓർഡിനേറ്റർ ഫാ. ജോൺ ഒറവുംകര ഉദ്ഘാടനം ചെയ്തു. സനാതന സെമിനാരി റെക്ടർ ഫാ. ഡെന്നിസ് പട്ടരുപറമ്പിൽ അഭിസംബോധന ചെയ്ത് സംസാരിച്ചു. നാല് ദിവസത്തെ ഫോർമേഷൻ ടീമിലെ വിദ്യാഭ്യാസ സംബന്ധമായ ആഴമായ അറിവിലേക്ക് നയിച്ചു. സി. സജിനി ജോർജ്ജ് ടീം ലീഡറായി തുടരാൻ തീരുമാനിച്ചു.

**എഡ്യു കണക്ടിലേക്ക് സ്വാഗതം**

എം എസ് എം ഐ കോൺഗ്രിഗേഷനിൽ നിന്ന് എയ്ഡർ ടീമിലേക്ക് ശുശ്രൂഷക്കായി കടന്നു വന്നിരിക്കുന്ന സി. റ്റെസ്ന ജോർജ്ജ്, സി. ക്രിസ്റ്റീന റോസ് എന്നിവർക്ക് ഹൃദ്യമായ സ്വാഗതം.

**അറിയിപ്പുകൾ**

1. ജൂൺ 9 മുതൽ എയ്ഡർ ടീം അംഗങ്ങൾ ഇടവകകളിലൂടെ ആദ്യ വിസിറ്റ് ആരംഭിക്കുകയാണ്. ബഹുമാനപ്പെട്ട വികാരിയച്ചൻമാരും ഹെഡ്മാസ്റ്റർമാരും കുട്ടികളെ ക്ലാസുകളിൽ 7 മിനിറ്റ് സമയം പൊതുവായി കണ്ട് സംസാരിക്കാൻ വേണ്ട പ്രോത്സാഹനവും സൗകര്യങ്ങളും നൽകുമല്ലോ. ഓരോ കുട്ടികളെയും 5 മിനിറ്റ് സമയം വ്യക്തിപരമായി കണ്ട് സംസാരിക്കാനും ക്ലാസ് ടീച്ചർമാർക്ക് നിർദ്ദേശം നൽകണമെന്നും അഭ്യർത്ഥിക്കുന്നു. കുട്ടികളുടെ അടിസ്ഥാനവിവരങ്ങളുടെ ശേഖരണം, എഡ്യുക്കെയർ - വിദ്യാപീഠം പരിചയപ്പെടുത്തൽ, കുട്ടികളുമായി റാപ്പോ ബിൽഡിങ്, ഫസ്റ്റ് അസ്സസ്സ്മെന്റ് എന്നിവയാണ് ഈ ആദ്യവിസിറ്റിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ.

2. പി എം ഒ സി യിലും താമരശ്ശേരി എയ്ഡർ ഫൗണ്ടേഷൻ ഓഫീസ് സമുച്ചയത്തിലും എയ്ഡർ എഡ്യുകെയറിന്റെ ഓഫീസുകൾ പ്രവർത്തനം ആരംഭിക്കുന്നു.

3. എയ്ഡർ എഡ്യുകെയറിന്റെ സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകൾ ആരംഭിക്കുന്നു. കുട്ടികളിലേക്ക് വിവരങ്ങൾ എത്തിക്കാനും ശുശ്രൂഷയ്ക്ക് കൂടുതൽ അംഗീകാരം ലഭിക്കുന്നതിനും എല്ലാവരും പിന്തുണ നൽകുമല്ലോ.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
ഏയ്ഡർ എഡ്യൂകെയർ

# കെ.സി.വൈ.എം
# എസ്.എം.വൈ.എം

## മേഖല യൂത്ത് കോൺഫ്രൻസ് (MYC)

ആവേശവും ആരവങ്ങളുമായി നേതൃത്വത്തിന്റെ പാഠങ്ങൾനേടി, സഭയുടെ കാവലാളകാൻ യുവതയെ ഒരുക്കുന്ന മഹത് വേദിയായി മേഖല യൂത്ത് കോൺ ഫ്രൻസ് ആറാം ദിനം ഏപ്രിൽ 27 ന് പെരിന്തൽമണ്ണ മേഖലയിൽ പൊന്ന്യാകു റിശ്ശി സേക്രഡ് ഹാർട്ട് സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. പൊന്ന്യാ കുറിശ്ശി ഇടവക വികാരി ഫാ. ഡേവിഡ് തട്ടിൽ ഉദ്ഘാടനം ചെയ്തു.

MYC ഏഴാം ദിനം മെയ് 4 ന് താമരശേരി മേഖലയിൽ പുതുപ്പാടി സെന്റ് ജോർജ് പാരിഷ് ഹാളിൽ വെച്ച് നടത്തപ്പെട്ടു. കെ.സി.വൈ.എം. എസ്.എം. വൈ.എം. താമരശേരി രൂപത ഡയറക്ടർ ഫാ.ജോർജ് വെള്ളയ്ക്കാക്കുടിയിൽ ഉ ദ്ഘാടനം ചെയ്തു.

MYC എട്ടാം ദിനം മെയ് 11 ന് കരുവാരകുണ്ട് മേഖലയിൽ കരുവാരകുണ്ട് ഹോളി ഫാമിലി പള്ളി ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. ഫൊറോന വി കാരി ഫാ. തോമസ് പൊരിയത്ത് ഉദ്ഘാടനം ചെയ്തു.

MYC ഒൻപതാം ദിനം മെയ് 18 ന് മരുതോങ്കര മേഖലയിൽ പശുക്കട വ് സെന്റ് ബെനഡിക്ട് കോളജിൽ വെച്ച് നടത്തപ്പെട്ടു. ഫൊറോന വികാരി ഫാ . ആന്റോ മൂലയിൽ ഉദ്ഘാടനം ചെയ്തു.

## യാത്രയയപ്പ് സമ്മേളനം

ഒത്തിരി ഓർമകൾ അതാണ് ഓരോ വ്യക്തിയും ഓരോ കാലഘട്ടത്തിന് സമ്മാനിക്കുന്നത്. 2018 മെയ് 12 മുതൽ താമരശ്ശേരി രൂപതയുടെ യുവജന പ്ര സ്ഥാനത്തെ വഴിനടത്താൻ നിയോഗിക്കപ്പെട്ട് 6 വർഷങ്ങൾക്കിപ്പുറം ഏറ്റെടു ത്ത പ്രസ്ഥാനത്തിന് പുതുമുഖം സമ്മാനിച്ച് യുവജനങ്ങൾക്ക് പ്രിയങ്കരനായ മെൽവിനച്ചൻ എന്ന ആ വൈദിക ശ്രേഷ്ഠൻ പടിയിറങ്ങുമ്പോൾ, പിന്നിട്ട വഴി കളിൽ സഭയ്ക്കായി, സമുദായത്തിനായി, സമൂഹത്തിനായി അദ്ദേഹം സംഭാവ ന ചെയ്ത അനേകായിരം ക്രൈസ്തവ യുവനേതാക്കന്മാരുടെയും, അദ്ദേഹം വഴിക്കാട്ടിയായ 6 രൂപത സമിതികളുടെയും പ്രതിനിധികളായി 2024 പ്രവർത്ത ന വർഷത്തെ രൂപത സമിതി, പ്രിയപ്പെട്ട ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ അ ച്ചന് മെയ് 2 ന് വയലടയിൽ വെച്ച് യാത്രയയപ്പ് നൽകി.

## അത്‌ലറ്റിക്കോസ് 2K24 ബാസ്കറ്റ്ബോൾ ടൂർണമെന്റ്

താമരശ്ശേരി രൂപതയുടെ കായിക മാമാങ്കത്തിന് തുടക്കം കുറിച്ച് കൊണ്ട് 2024 മെയ് 9 ന് താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയുടെ ഇൻഡോർ ബാസ്കറ്റ് ബോൾ കോർട്ടിൽ വെച്ച് ഫാ. ജോസഫ് പുത്തൻപുരക്കൽ, സി.

സെലിസ്റ്റിൻ MSMI എന്നിവർ സംയുക്തമായി ബാസ്കറ്റ്ബോൾ ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. വീറും വാശിയും ഇടകലർത്തി കളിക്കളത്തിൽ തീ പടരുന്ന വീര്യത്തോടെ രൂപതയിലെ വിവിധ യൂണിറ്റുകളിൽ നിന്നുമായി സ്ത്രീ, പുരുഷ മത്സരങ്ങളിലായി ടീമുകൾ ഏറ്റുമുട്ടി. 11 ടീമുകൾ മാറ്റുരുച്ച വീറും വാശിയും നിറഞ്ഞ പുരുഷ വിഭാഗം ബാസ്കറ്റ്ബോൾ മത്സരത്തിൽ വിളക്കാംതോട് യൂണിറ്റ് ഒന്നാം സ്ഥാനവും,കോടഞ്ചേരി യൂണിറ്റ് A ടീം രണ്ടാം സ്ഥാനവും, കൂരാച്ചുണ്ട് യൂണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പോരാട്ടത്തിൽ ഒട്ടും പിന്നില്ല എന്ന് തെളിയിച്ചുകൊണ്ട് വനിതാ വിഭാഗം ബാസ്കറ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ പാറോപ്പടി യൂണിറ്റ് B ടീം ഒന്നാം സ്ഥാനവും, പാറോപ്പടി യൂണിറ്റ് A ടീം രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ഫാ. കുര്യാക്കോസ് മുകാലയിൽ, ഫാ. ബിജോ ചെമ്പരത്തിയിൽ, ഫാ. അബ്രഹാം കൊച്ചിലാത്ത് എന്നിവരുടെ മഹനീയ സാന്നിധ്യത്തിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

### ലീഡ് ഓൺ ക്യാംപ്

കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വത്തിനായി സംസ്ഥാന സമിതി നേതൃത്വം നൽകുന്ന LEAD ON: നേതൃത്വപരിശീലന ക്യാമ്പ് 2024 മെയ് 10,11,12 തിയതികളിലായി തിരുവനന്തപുരം ലാറ്റിൻ അതിരൂപതയുടെ ആതിഥേയത്വത്തിൽ വെള്ളയമ്പലം ജൂബിലി മെമ്മോറിയൽ ആനിമേഷൻ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായ അഭിലാഷ് കുടിപ്പാറ, ആഗി മരിയ, സംസ്ഥാന സെനറ്റ് അംഗങ്ങളായ ആൽബിൻ ജോസ്, അലീന ലെയ്സൺ, രൂപതാ വൈസ് പ്രസിഡന്റ് അലോണ ജോൺസൺ എന്നിവർ പങ്കെടുത്തു.

### നന്ദി

ഒരു പാതി വ്യാഴവട്ടക്കാലത്തെ നെടുനായകത്വത്തിന് ശേഷം താമരശ്ശേരി രൂപതയിലെ യുവജനങ്ങൾക്ക് കൃത്യമായ ക്രൈസ്തവ ബോധ്യങ്ങൾ പകർന്നുകൊണ്ട്, നീണ്ട ആറു വർഷത്തെ നേതൃത്വത്തിനൊടുവിൽ ഒരിക്കലും അവസാനിക്കാത്ത 'യുവജന സേവനങ്ങളുമായി' പുതിയ പ്രവർത്തന മണ്ഡലത്തിലേക്ക് പ്രവേശിക്കുന്ന പ്രിയപ്പെട്ട ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ അച്ചന് താമരശ്ശേരി രൂപതയിലെ യുവജനങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി.

### സ്വാഗതം

കെ.സി.വൈ.എം. എസ്.വൈ.എം. താമരശ്ശേരി രൂപതയുടെ അസിസ്റ്റന്റ് ഡയറക്ടർ പദവിയിൽ നിന്നും ഡയറക്ടർ ആയി നിയമിക്കപ്പെട്ട റവ. ഫാ. ജോബിൻ (മാത്യു) തെക്കേക്കരമറ്റത്തിൽ അച്ചന് താമരശേരി രൂപതയിലെ യുവജന പ്രസ്ഥാനത്തിലേക്ക് സ്വാഗതം.

താമരശ്ശേരി രൂപതയുടെ യുവജന പ്രസ്ഥാനത്തിന് വഴിക്കാട്ടിയായി നിയമിക്കപ്പെട്ട ജോബിൻ തെക്കേക്കരമറ്റത്തിൽ അച്ചൻ പ്രിയപ്പെട്ട ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ അച്ചന്റെയും രൂപത സമിതി നേതാക്കന്മാരുടെയും സാന്നിധ്യ

ത്തിൽ ഔദ്യോഗികമായി ചുമതലയേറ്റെടുത്തു. രൂപത പ്രസിഡന്റ് റിച്ചാൾഡ് ജോൺ ജനറൽ സെക്രട്ടറി അലീന മാത്യു എന്നിവർ നിയുക്ത ഡയറക്ടറെ രൂപത കാര്യാലയത്തിലേക്ക് സ്വാഗതം ചെയ്തു.

### ജീവധമനി രക്തദാന ക്യാംപ്

നമുക്ക് വേണ്ടി കാൽവരിയിൽ രക്തം ചിന്തിയ ദിവ്യരക്ഷകന്റെ ഓർമയിൽ സഹജീവിക്കായി രക്തം പങ്കുവെച്ചു കൊണ്ട് കെ.സി.വൈ.എം. എസ്.എം.വൈ എം. താമരശ്ശേരി രൂപതയും കോഴിക്കോട് എം.വി.ആർ. കാൻസർ സെന്ററും സംയുക്തമായി സംഘടിപ്പിക്കുന്ന രക്തദാന ക്യാംപ് മെയ് 12 ന് താമരശ്ശേരി മേഖലയുടെ ആതിഥേയത്വത്തിൽ കട്ടിപ്പാറ ഹോളി ഫാമിലി പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. കെ.സി.വൈ.എം. താമരശേരി രൂപത വൈസ് പ്രസിഡന്റ് അലൻ ബിജു മാലശ്ശേരിൽ അധ്യക്ഷത വഹിച്ച ക്യാംപ് ഇടവക വികാരി ഫാ. മിൽട്ടൺ മുളങ്ങാശ്ശേരി ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി അലീന മാത്യു ചെട്ടിപറമ്പിൽ, എം.വി.ആർ. ബ്ലഡ് ബാങ്ക് എച്ച്.ഒ.ഡി. ഡോ. നിതിൻ ഹെൻറി, യൂണിറ്റ് പ്രസിഡന്റ് നേവിസ് അഗസ്റ്റിൻ എന്നിവർ സംസാരിച്ചു. യൂണിറ്റ് ഭാരവാഹികളായ ആൻസ്റെജി, ഷെബിൻ ജോൺ, അലൻ ജോൺ, എലിസബത്ത് രാജു ജോസ്‌വിൻ ജോഷി, എന്നിവർ നേതൃത്വം നൽകി.

### +1 അപേക്ഷ സമർപ്പണം

മെയ് 16 ന് ആരംഭിച്ച +1 അപേക്ഷ സമർപ്പണത്തിന് ആവശ്യമായ നിർദ്ദേശങ്ങളും പ്രോസ്പെക്ടസും അപേക്ഷ സമർപ്പിക്കേണ്ടവെബ്സൈറ്റ് ലിങ്കും ഷെയർ ചെയ്തു.

### കോർ ടീം ഗെറ്റ് ടുഗദർ

മെയ് 17 ന് എംഎംപിസി യില് വച്ച് യൂത്ത് പ്രോജക്ടിന്റെ കോർ ടീം ഗെറ്റ് ടുഗെദർ നടത്തപ്പെട്ടു. പ്രതിനിധികളായി തിരഞ്ഞെടുത്ത വൈദികർ, സന്യസ്തർ, യുവജനങ്ങൾ എന്നിങ്ങനെ 30 ഓളം പേർ പങ്കെടുത്തു. ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ സെഷൻസിന്നേതൃത്വം നൽകി.

### സ്നേഹപൂർവ്വം കെ.സി.വൈ.എം.

പൊതിച്ചോറ് വിതരണത്തിന്റെ നാലാം അധ്യായം വിലങ്ങാട്മേഖലയുടെ നേതൃത്വത്തിൽ മെയ് 18 ന് കോഴിക്കോട് ഗവ. മെഡിക്കൽ കോളേജിലെ രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കുമായി പൊതിച്ചോറ് വിതരണം ചെയ്തു.

### പന്തകുസ്താ ദിനാചരണം

മെയ് 19 ന് ശ്ലീഹന്മാരെ ശക്തിപ്പെടുത്താനായി ഇറങ്ങി വന്ന പരിശുദ്ധാത്മാവിന്റെ ഓർമ്മപുതുക്കുന്ന പന്തകുസ്താ ദിനത്തിൽ കൂരാച്ചുണ്ട് സെന്റ് തോമസ് ഫൊറോന ദേവാലയത്തിൽ വെച്ച് ആരാധനയും വചനസന്ദേശവും നൽകി. തൽസമയം ഗൂഗിൾ മീറ്റ് വഴിയായി യുവജനങ്ങൾക്ക് വേണ്ടി യുവജനവർഷ പ്രാർത്ഥന ചൊല്ലുന്ന ഹോളി ഫയർ ഗ്രൂപ്പിലെ അംഗങ്ങളെയും ആരാധനയിൽ പങ്കെടുപ്പിച്ചു. കൂ

രാച്ചുണ്ട് ഫൊറോന വികാരി ഫാ. വിൻസെന്റ് കണ്ടത്തിൽ ആരാധനക്ക് നേതൃത്വം നൽകുകയും വചനസന്ദേശം നൽകുകയും ചെയ്തു. ഫാ. ജോയൽ കുമ്പുക്കൻ, കെ.സി.വൈ.എം രൂപത പ്രസിഡന്റ് റിച്ചാൾഡ് ജോൺ, വൈസ് പ്രസിഡന്റ് അലോണ ജോൺസൺ, കൂരാച്ചുണ്ട് യൂണിറ്റ് ഭാരവാഹികൾ എന്നിവർ പന്തക്കുസ്താ ദിനാചരണത്തിന് നേതൃത്വം നൽകി.

### എപ്പാർക്കിയൽ അസംബ്ലി

മെയ് 20, 21, 22 തിയതികളിലായി പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്ററിൽ വെച്ച് നടന്ന മൂന്നാമത് എപ്പാർക്കിയൽ അസംബ്ലിയിൽ യുവജനങ്ങളുടെ പ്രതിനിധികളായി കെ.സി.വൈ.എം. രൂപത ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ, പ്രസിഡന്റ് റിച്ചാൾഡ് ജോൺ, ജനറൽ സെക്രട്ടറി അലീന മാത്യു, എസ്.എം.വൈ.എം. സംസ്ഥാന പ്രസിഡന്റ് വിശാഖ് തോമസ് എന്നിവർ പങ്കെ ടുത്തു.

### നിലാവുക്കൂട്ടം

ഏപ്രിൽ 28 ന് കാക്കവയൽ യൂണിറ്റിലും മെയ് 5 ന് പൂഴിത്തോട് യൂണിറ്റിലും നിലാവുക്കൂട്ടം നടത്തപ്പെട്ടു. ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, ഫാ. ജോബിൻ തേക്കേക്കരമറ്റത്തിൽ എന്നിവർ നേതൃത്വം നൽകി.

### മേഖല മീറ്റിംഗ്

മേഖല പ്രസിഡന്റ്മാരുടെയും സെക്രട്ടറിമാരുടെയും ഓൺ ലൈൻ മീറ്റിംഗ് മെയ് 20 ന് നടത്തപ്പെട്ടു. തുടർന്ന് കടന്നുവരുന്ന പ്രോഗ്രാമുകളെപറ്റി ചർച്ച ചെയ്യുകയും, നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

### അഭിനന്ദങ്ങൾ, ആശംസകൾ

* മെയ് 1 തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ മംഗളങ്ങൾ നേർന്നു.
* മെയ് 9 സ്വർഗ്ഗാരോഹണ തിരുനാൾ മംഗളങ്ങൾ നേർന്നു.
* എസ്.എസ്.എൽ.സി. ഫലമറിഞ്ഞ എല്ലാ കൂട്ടുകാർക്കും അഭിനന്ദങ്ങൾ നേർന്നു .
* 2467 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷയെഴുതിയതിൽ 100% വിജയം കരസ്ഥമാക്കിയ രൂപത കോർപ്പറേറ്റിന് കീഴിലെ സ്കൂളുകൾക്ക് അഭിനന്ദനങ്ങൾ നേർന്നു.
* മെയ് 19 പന്തക്കുസ്ത തിരുനാൾ മംഗളങ്ങൾ നേർന്നു.
* താമരശ്ശേരി രൂപത യുവജന പ്രസ്ഥാനത്തിന്റെ സംസ്ഥാന സിൻഡിക്കേറ്റ് അംഗം അഭിലാഷ് കുടിപാറക്ക് ജന്മദിനാശംസകൾ നേർന്നു.
* താമരശ്ശേരി രൂപത യുവജന പ്രസ്ഥാനത്തിന്റെ സംസ്ഥാന സെനറ്റ് അംഗം ആൽബിൻ ജോസിന് ജന്മദിനാശംസകൾ നേർന്നു.
* പ്രാരംഭ കൂദാശയിലൂടെ ക്രിസ്ത്യാനിയായി തീർന്ന കെ.സി.വൈ.എം രൂപത പ്രസിഡന്റ് റിച്ചാൾഡ് ജോണിന്റെയും ടെസ്സിയുടെയും മകൾ റബേക്ക ബ്രിഡ്ജി

ത് റിച്ചാൾഡിന് ആശംസകൾ നേർന്നു.

* വിവാഹമെന്ന കൂദാശയിലൂടെ ജീവിതത്തിലെ പുതിയൊരു അധ്യായത്തിന് തുടക്കം കുറിക്കുന്ന മുൻ രൂപത പ്രസിഡന്റും സംസ്ഥാന സിൻഡിക്കേറ്റ് അംഗവുമായ അഭിലാഷ് കുടിപ്പാറയ്ക്കും മുൻ രൂപത വൈസ് പ്രസിഡന്റ് ആഷ്‌ലി തെരേസ മാത്യുവിനും വിവാഹ മംഗളാശംസകൾ നേർന്നു.

**അറിയിപ്പുകൾ**

**ദർശൻ : യൂണിറ്റ് നേതാക്കന്മാരുടെ സംഗമം ജൂൺ 2ന് താമരശ്ശേരിയിൽ**

യൂണിറ്റ് പ്രസിഡണ്ടുമാരുടെയും സെക്രട്ടറിമാരുടെയും സംഗമം ജൂൺ 2, ഞായറാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ താമരശ്ശേരി മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററർ സെന്റർ ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്നു. റൂബി ജൂബിലി ഒരുക്കമായി നടത്തപ്പെടുന്ന യൂത്ത് ഫോർമേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും, ഈ വർഷത്തെ വരുംകാല പ്രവർത്തനങ്ങളിൽ യൂണിറ്റ് ഭാരവാഹികളുടെ അഭിപ്രായം കണ്ടെത്തുന്നതിനുമായാണ് ഈ സംഗമം നടത്തപ്പെടുന്നത്.

**എസ്. എം. വൈ. എം. സംസ്ഥാന ജനറൽബോഡിയും വാർഷിക തിരഞ്ഞെടുപ്പും**

2024–2025 വർഷത്തെ സംസ്ഥാന സമിതിയുടെ തിരഞ്ഞെടുപ്പും ഈ വർഷത്തെ ജനറൽ ബോഡിം ജൂൺ 9 ഞായറാഴ്ച കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തപ്പെടുന്നു.

**ഫോളിയ 2.0 : പ്രകൃതി പഠന ക്യാമ്പ് ജൂൺ 21, 22 തീയതികളിൽ**

കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപതയുടെ പ്രകൃതി പഠന ക്യാമ്പ് 'ഫോളിയ 2.0' ജൂൺ 21, 22 തീയതികളിലായി നടത്തപ്പെടുന്നു. മേഖലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ ആയിരിക്കും ഈ ക്യാമ്പിൽ പങ്കെടുക്കേണ്ടത്. കെ.സി. വൈ.എം. പ്രസ്ഥാനത്തിന്റെ സ്വർഗീയ മധ്യസ്ഥനായ വിശുദ്ധ തോമസ് മൂറിന്റെ തിരുനാൾ ദിനമായ ജൂൺ 22 ന് യുവജനങ്ങളെ പരിസ്ഥിതിയോട് അടുപ്പിക്കുക എന്ന ലക്ഷ്യത്തോടെയായിരിക്കും ഈ ക്യാമ്പ് നടത്തപ്പെടുക.

**ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ**
ഡയറക്ടർ, കെ.സി.വൈ.എം – എസ്.എം.വൈ.എം

# ജീസസ്സ്‌യൂത്ത്

## പന്തക്കുസ്താ തിരുനാൾ ആഘോഷം

2024 മെയ് 19, പന്തക്കുസ്താ തിരുനാൾ ദിനത്തിൽ കോഴിക്കോട് സോണിലെ നൂറ്റിയിരുപതോളം ജീസസ് യൂത്ത് അംഗങ്ങൾ തങ്ങളുടെ പുനസമർപ്പണം നടത്തി. കുന്ദമംഗലം സെന്റ് ജോസഫ്സ് പള്ളിയിൽ 11 മണി മുതൽ 3 മണി വരെയായിരുന്നു തിരുകർമ്മങ്ങൾ. ജീസസ് യൂത്ത് സോണൽ ചാപ്ലൻ ഫാ. സിബി കുഴിവേലിലും ഫാ. പോൾ എസ്.ജെയും നേതൃത്വം നൽകി.

## ജീസസ് യൂത്ത് ത്രിദിന ക്യാമ്പ്

കോഴിക്കോട് രൂപതയുടെ പാസ്റ്ററൽ സെന്ററായ നവജ്യോതിസിൽ മെയ് 27, 28, 29 തീയതികളിൽ 18 മുതൽ 30 വയസ്സ് വരെ പ്രായം ഉള്ള യുവാക്കൾക്ക് ജീസസ് യൂത്ത് കോഴിക്കോട് സോൺ 3 ദിവസത്തെ ക്യാമ്പ് നടത്തി.

## One day program

2024 ജൂൺ 2, ഞായറാഴ്ച കുന്ദമംഗലം സെന്റ് ജോസഫ്സ് ഇടവകയിൽ വേദപാഠം പഠിക്കുന്ന വിദ്യാർത്ഥികൾക്കു വേണ്ടി വി. കുർബാനക്കു ശേഷം രാവിലെ 11 മുതൽ വൈകിട്ട് 3.30 വരെ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ഏകദിന പരിപാടി നടത്തും.

## Step one follow up

നമ്മുടെ സോണിൽ നിന്നും 47 കുട്ടികൾ ഓൾ കേരള ടീം നടത്തിയ ‘step one’ എന്ന പരിപാടിയിൽ പങ്കെടുത്തിരുന്നു. അവർക്ക് നമ്മുടെ സോണിൽ ഒരു രണ്ടാംഘട്ട പരിശീലനം വരുന്ന ജൂൺ 16, 17 ദിവസങ്ങളിൽ നടത്താൻ തീരുമാനിച്ചു. എട്ടിൽ നിന്നും ഒമ്പത്തിലേക്ക് ജയിച്ച കുട്ടികൾക്കുള്ള പ്രോഗ്രാം ആയിരുന്നു ‘step one’.

**ഫാ. ഡൊമിനിക് കുഴിവേലിൽ**
ഡയറക്ടർ, ജീസസ്സ്‌യൂത്ത്

# ബഥാനിയ ധ്യാനകേന്ദ്രം

## ജീവിതവിശുദ്ധീകരണ ധ്യാനം

ഈ മാസം 24 മുതൽ 27 വരെയായിരുന്നു ബഥാനിയായിലെ താമസിച്ചുള്ള ധ്യാനം. അവധിക്കാലത്തിന്റെ സൗകര്യം ഉപയോഗിച്ചുകൊണ്ട് ഇരുന്നൂറോളം പേർ ഈ ധ്യാനത്തിൽ പങ്കെടുത്തു. സഭയുടെ ഡെലിവറൻസ് ശുശ്രൂഷയെക്കുറിച്ച് ശരിയായി ബോധ്യങ്ങൾ നൽകി അധികാരത്തോടെയും അഭിഷേകത്തിലും പലരും കുടുംബത്തോടെ പങ്കെടുക്കുവാൻ താൽപ്പര്യപ്പെടുന്നു. ബഥാനിയ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുളിക്കൽ ആയിരുന്നു ധ്യാനം നയിച്ചത്.

## +2 കുട്ടികൾക്കായുള്ള ധ്യാനം

നമ്മുടെ യുവജനങ്ങൾ വിശ്വാസത്തിലും പ്രാർത്ഥനയിലും ആഴപ്പെടാൻ വേണ്ടി +2 ക്ലാസ്സുകളിലെ കുട്ടികൾക്കായി രണ്ട് ധ്യാനങ്ങൾ ഈ മാസം ഒരുക്കിയിരുന്നു. മെയ് 4 മുതൽ 7 വരേയും 10 മുതൽ 14 വരേയുമായിരുന്നു ഈ ധ്യാനങ്ങൾ. ലോകത്തിന്റെ പ്രലോഭനങ്ങളെ അതിജീവിച്ച് ചതിക്കുഴികളെ തിരിച്ചറിഞ്ഞ് ഈശോയുടെ ഇഷ്ടമനുസരിച്ച് ഈശോയോടൊപ്പം ജീവിക്കുവാൻ യുവജനങ്ങളെ പ്രാപ്തരാക്കുന്നതായിരുന്നു ഈ ധ്യാനങ്ങൾ.

## ഏകദിനകൺവെൻഷൻ

ഈ മാസം എല്ലാ വെള്ളിയാഴ്ചകളിലും കൺവെൻഷനുകൾ നടന്നു. പ്രത്യേക നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുന്ന വലിയൊരു സമൂഹം ഈ ശുശ്രൂഷയിൽ പങ്കെടുത്തു. രാവിലെ 9 മണിക്ക് ആരംഭിക്കുന്ന ഈ ശുശ്രൂഷയിൽ വി. കുരിശിന്റെ വഴി, ജപമാല, സ്തുതി ആരാധന, ദിവ്യകാരുണ്യ ആരാധന, ഡെലിവറൻസ് ശുശ്രൂഷ, വി. കുമ്പസാരം, വി. കുർബാന, വചനസന്ദേശം, സ്പിരിച്വൽ ഷെയറിങ്ങ് തുടങ്ങിയവ ഉൾപ്പെട്ടിരിക്കുന്നു. ഈ മാസം 3-ാം തീയതി ആദ്യവെള്ളിയാഴ്ച ആവേമരിയ ഹാളിൽ നടന്ന ശുശ്രൂഷയിൽ ആയിരങ്ങളാണ് പങ്കെടുത്തത്. അന്നേദിവസം പ്രത്യേകമായി ദിവ്യകാരുണ്യപ്രദക്ഷിണം ഉണ്ടായിരുന്നു.

## താമരശ്ശേരി രൂപത മതാദ്ധ്യാപക സംഗമം

രൂപതയിലെ ആയിരത്തിമുന്നോറോളംവരുന്ന മതാധ്യാപകരുടെ സംഗമം ഈ മാസം 18-ാം തീയതി ശിയാഴ്ച ബഥാനിയായിൽ വച്ച് നടന്നു.

## താമരശ്ശേരി രൂപത അസംബ്ലി

താമരശ്ശേരി രൂപതയുടെ മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി 20-ാം തീയതി

മുതൽ 22-ാം തീയതി വരെ ബഥാനിയായിൽ വച്ച് നടക്കുകയുണ്ടായി.

### സ്പിരിച്വൽ ഷെയറിങ്ങ്

എല്ലാ വെള്ളിയാഴ്ചകളിലും സ്പിരിച്വൽ ഷെയറിങ്ങ് ഉണ്ടായിരുന്നു. പ്രത്യേക പരിശീലനം ലഭിച്ച സിസ്റ്റേഴ്സും അത്മായരും നയിക്കുന്ന ഈ ശുശ്രൂഷയിൽ വിശ്വാസപൂർവ്വം അനേകർ പങ്കെടുത്തു.

### മദ്ധ്യസ്ഥപ്രാർത്ഥന

ബഥാനിയ ശുശ്രൂഷകളുടെ അഭിഷേകത്തിന് കാരണമായ മദ്ധ്യസ്ഥപ്രാർത്ഥന എല്ലാദിവസവും നടന്നു. പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ബഥാനിയ ശുശ്രൂഷകരാണ് പ്രാർത്ഥന നയിക്കുന്നത്.

### ജൂൺ മാസത്തിലെ ശുശ്രൂഷകൾ

07 ആദ്യവെള്ളി - ഏകദിന കൺവെൻഷൻ

14 വെള്ളി - ഏകദിന കൺവെൻഷൻ

21 വെള്ളി - ഏകദിനകൺവെൻഷൻ

2024 ജൂലൈ മുതൽ 2025 ജൂൺ വരെ ബഥാനിയായിൽ ശുശ്രൂഷ ചെയ്യുവാൻ താൽപര്യമുള്ളവർക്കുവേണ്ടിയുള്ള ധ്യാനം (21-23)

28 വെള്ളി - ഏകദിന കൺവെൻഷൻ

വിശുദ്ധീകരണ ധ്യാനം 28 -ജൂലായ് 1)

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസന വേദി

## സ്വയം സഹായ സംഘം വാർഷികാഘോഷം

കോടഞ്ചേരി ഗ്രാമ വികസന സമിതിയിൽ ഉൾപ്പെട്ട സംഗമം SHG, ജ്യോതി SHG കളുടെ വാർഷികം ആഘോഷിച്ചു. കലാപരിപാടികൾ നടത്തി. ഓണാഘോഷത്തിൽ വിജയികളായവർക്ക് സമ്മാന ദാനം നടത്തി. സെക്രട്ടറി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. സ്നേഹവിരുന്നോടെ യോഗം അവസാനിപ്പിച്ചു.

## വാർഷിക പദ്ധതി ആസൂത്രണം

വെറ്റിലപ്പാറ, കൂരാച്ചുണ്ട്, കായണ്ണ, കൂടരഞ്ഞി, തോട്ടുമുക്കം, വെള്ളില, അനക്കയം, പരിയാപുരം, പാലൂർകോട്ട, ചിരട്ടമല, വില ങ്ങാട്, എന്നിങ്ങനെ 11 ഗ്രാമവികസന സമിതികൾ 2024-2025 വാർഷിക പദ്ധതി ആസൂത്രണം ചെയ്തു. SHG, MCC, GVS ഭാരവാഹികൾ  പദ്ധതി ആസൂത്രണത്തിൽ പങ്കാളികൾ ആയി.സി.ഒ.ഡി. ഏരിയ  കോ-ഓർഡി നേറ്റർമാർ പരിപാടികൾക്ക് നേതൃത്വം നല്കി.

## ആരോഗ്യ സെമിനാർ

വെറ്റിലപ്പാറ ഗ്രാമവികസന സമിതി ലോകാരോഗ്യ ദിന സെമി നാർ ഊർങ്ങാട്ടിരി CHC യിലെ ML HP. വിജിഷ കെ. ക്ലാസ്സ് എടുത്തു. ആശാവർക്കർ മിനി കണിയാംകുഴിയിൽ ക്ലാസ് എടുത്തു.

## നാഷണൽ എൻ.ജി.ഒ.കോൺഫെഡറേഷൻ

എൻ. ജി. ഒ. കോൺഫെഡറേഷന്റെ അഭിമുഖ്യത്തിൽ മെയ് 2-ന് കോഴിക്കോട് വെച്ച് നടക്കുന്ന എൻ. ജി. ഒ. കോൺഫെഡറേഷന്റെ ദേശീയ ചെയർമാൻ കെ.എൻ. ആനന്ദ കുമാർ നയിക്കുന്ന നദീ യാത്ര ഇരുചക്ര വാഹന റാലിയിൽ വുമൺ ഓൺ വീൽസ് പദ്ധതിയിൽ ഭാഗമായിട്ടുള്ളവരും, സി. ഒ. ഡി. പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ പങ്കെ ടുത്തു.

COD താമരശ്ശേരിയുടെ അഭിമൃഖ്യത്തിൽ നാഷണൽ എൻ.ജി.ഓ കോൺഫെഡറേഷന്റെ 50% സാമ്പത്തിക സഹായത്തോടെ 32 വിദ്യാർ ഥികൾക്ക് ലാപ്ടോപ് വിതരണം ചെയ്തു. താമരശ്ശേരി രൂപത ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ വിതരണം ഉദ്ഘടനം ചെയ്തു. സി.ഒ.ഡി ഡയറക്ടർ ഫാ. ബിജോ എബ്രഹാം അദ്ധ്യക്ഷനായ ചട ങ്ങിൽ എൻ.ജി.ഒ കോൺഫെഡറേഷൻ ജില്ലാ പ്രസിഡന്റ് ശ്രീ. മോഹനൻ കോട്ടൂർ മുഖ്യാതിഥിയായി. പ്രോഗ്രാം കോർഡിനേറ്റർ ജോയ് കെ സി, പ്രോഗ്രാം ഓഫീസർ സിദ്ധാർഥ് എസ് നാഥ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.

**ഫാ. ജോർജ്ജ് ചെമ്പരത്തിക്കൽ**
ഡയറക്ടർ, വികസനവേദി

# യേശുനിധി

2024 ഏപ്രിൽ മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെ ചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Chakkittappara | 8,000.00 |
| 2 | Chakkittappara | 8,000.00 |
| 3 | Chempanoda | 15,000.00 |
| 4 | Kodanchery | 15,000.00 |
| 5 | Koorachundu | 10,000.00 |
| 6 | Poilomchal | 8,000.00 |
| 7 | Poothampara | 8,000.00 |

**Home**

| | | |
|---|---|---|
| 8 | Cheerattamala | 15,000.00 |
| 9 | Kariyathumpara | 10,000.00 |
| 10 | Kodanchery | 10,000.00 |
| 11 | Thamarassery | 15,000.00 |
| 12 | Thottumukkam | 15,000.00 |
| 13 | Venappara | 15,000.00 |
| 14 | Vettilappara | 12,000.00 |
| 15 | Vettilappara | 20,000.00 |

**Marriage**

| | | |
|---|---|---|
| 16 | Chakkittappara | 15,000.00 |

**Medical**

| | | |
|---|---|---|
| 17 | Cheerattamala | 10,000.00 |
| 18 | Kakkayam | 8,000.00 |
| 19 | Kalikavu | 15,000.00 |
| 20 | Kodanchery | 15,000.00 |
| 21 | Kodanchery | 8,000.00 |
| 22 | Koodaranji | 15,000.00 |
| 23 | Manjakunnu | 15,000.00 |
| 24 | Mariapuram | 8,000.00 |
| 25 | Mariapuram | 8,000.00 |
| 26 | Oravampuram | 10,000.00 |
| 27 | Padathukadave | 15,000.00 |
| 28 | Passukadave | 8,000.00 |
| 29 | Passukadave | 8,000.00 |
| 30 | Pulloorampara | 10,000.00 |
| 31 | Pulloorampara | 10,000.00 |
| 32 | Pulloorampara | 15,000.00 |
| 33 | Thamarassery | 8,000.00 |
| 34 | Venappara | 15,000.00 |
| | **Total** | **4,00,000.00** |

**ഫാ. കുര്യാക്കോസ് മുകാല**
ഫിനാൻസ് ഓഫീസർ

# അജപാലനകുറിപ്പുകൾ

## ഏപ്രിൽ

27 രാവിലെ, മഞ്ഞക്കടവ് ദൈവാലയത്തിൽ ഏതാനും കുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിനും ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന്റെ പ്രാരംഭ കൂദശകൾക്കും നേതൃത്വം നൽകി. തുടർന്ന്, പുതുതായി പണിത സിമിത്തേരി കപ്പേളയും ഏതാനും കല്ലറകളും വെഞ്ചിരിച്ചു.

ചേവായൂർ പ്രസന്റേഷൻ പ്രവശ്യാഭവനിൽ പ്രസന്റേഷൻ സന്യാസ സമൂഹാഗമായ ഒരു സന്യാസിനിയുടെ പ്രഥമ വ്രതവാഗ്ദാനത്തിനും രണ്ട് സന്യാസിനികളുടെ നിത്യവ്രത വാഗ്ദാനത്തിനും മുഖ്യകാർമ്മികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ്, രൂപതാഭവനിലെ ജോൺ പോൾ രണ്ടാമൻ മെമ്മോറിയൽ ഓഡിറ്റോറിയത്തിൽ, താമരശ്ശേരി രൂപത മിഷൻലീഗിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്യുകയും വിവിധങ്ങളായ മത്സരങ്ങളിൽ വിജയികളായവർക്ക് സർട്ടിഫിക്കറ്റ് നൽകുകയും പ്രമുഖ വ്യക്തികളെ ആദരിക്കുകയും ചെയ്തു.

28. രാവിലെ, പൂഴിത്തോട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം, തിരുവമ്പാടി ദൈവാലയത്തിൽ ഒരു വിവാഹം ആശിർവദിച്ചു.

വൈകുന്നേരം, താമരശ്ശേരി സെന്റ് അൽഫോൻസാ മൈനർ സെമിനാരിയിൽ ബഹു. ജേക്കബ് അരീത്തറ, ബഹു. ജോസഫ് പുത്തൻപുരയ്ക്കൽ എന്നീ വൈദികരുടെ യാത്രയയപ്പ് മീറ്റിങ്ങിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

29. രാവിലെ, കോരങ്ങാട് എസ്.എം.എം.ഐ. സന്യാസ ഭവന കപ്പേളയിൽ വിശുദ്ധബലിയർപ്പിച്ചു.

ഉച്ചയ്ക്ക്, കോടഞ്ചേരിയിൽ ഒരു ഭവനം വെഞ്ചിരിച്ചു.

ഉച്ചകഴിഞ്ഞ്, ക്രിസ്തുദാസി സന്യാസിനി സമൂഹത്തിന്റെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട സുപ്പീരിയർ ജനറാൾ സി. ടീനയെയും ടീം അംഗങ്ങളെയും രൂപതാ ഭവനിൽ സ്വീകരിച്ചു.

30. രാവിലെ, പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ ധ്യാനത്തിൽ സംബന്ധിച്ച ഹൈസ്കൂൾ കുട്ടികൾക്കായി വിശുദ്ധ കുർബാന അർപ്പിച്ചു.

പാറോപ്പടി ഫൊറോന ദൈവാലയത്തിൽ എം.എസ്.ജെ. സന്യാസിനി സമൂഹത്തിന്റെ ജൂബിലി ആഘോഷിക്കുന്നവർക്കും നിത്യവ്രതം സ്വീകരിച്ചവർക്കും വേണ്ടി ദിവ്യബലി അർപ്പിക്കുകയും ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

**മെയ്**

1. രാവിലെ, മാലാപറമ്പ് ഇടവക ദൈവാലയത്തിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

   താമരശ്ശേരി എംഎംപിസി ഓഡിറ്റോറിയത്തിൽ ഇൻഫാമിന്റെ രൂപത ഘടകത്തിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

   ഉച്ചകഴിഞ്ഞ്, കോടഞ്ചേരി ഇടവകയിൽ വിശുദ്ധ യൗസേപ്പിന്റെ നിഷ്പാദുക കർമലീത്ത സഹോദരിമാരുടെ കപ്പേള കൂദാശ ചെയ്യുകയും, മഠം വെഞ്ചിരിക്കുകയും ചെയ്തു.

2. താമരശ്ശേരി സെന്റ് അൽഫോൻസ മൈനർ സെമിനാരി കപ്പേളയിൽ താമരശ്ശേരി രൂപതയ്ക്കുവേണ്ടി വൈദിക പരിശീലനത്തിൽ ആയിരിക്കുന്ന രണ്ട് വൈദികാർത്ഥികൾക്ക് വൈദിക വസ്ത്രം നൽകി.

   വൈകുന്നേരം, എറണാകുളം-അങ്കമാലി അതിരൂപതയിലെ ചാലക്കുടി, മേലൂർ ഫിലിപ്പ് നേരി സന്യാസിനീ സമൂഹത്തിന്റെ പുതിയ ഭവനം വെഞ്ചിരിച്ചു .

   വൈകുന്നേരം, എറണാകുളം മായാവിലാസ ഭവനത്തിൽ അഭിവന്ദ്യ മങ്കുഴിക്കരി പിതാവിന്റെ സഹോദരിയുടെ പരേതനായ ഭർത്താവ് അഡ്വ. ജോസ് തേറാട്ടിലിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

3. രാവിലെ, വിലങ്ങാട് ഇടവകയിൽ ദിവ്യബലിയർപ്പിച്ചു. തുടർന്ന് സെൻറ് ജോർജ് ഹൈസ്കൂളിൽ പുതുതായി നിർമ്മിച്ച ഗ്രോട്ടോ, കെജി സെക്ഷൻ , കിഡ്സ് പാർക്ക്, ബഹു. മാത്യു തകിടിയേൽ മെമ്മോറിയൽ ഹാൾ എന്നിവ വെഞ്ചിരിച്ചു. തുടർന്ന് തകിടിയേൽ അച്ചന്റെ ബഹുമാനാർത്ഥം നടന്ന പൊതുസമ്മേളനത്തിൽ സംബന്ധിച്ചു.

   വിലങ്ങാട് ഇടവക പാവങ്ങൾക്കായി നിർമ്മിച്ചു നൽകിയ അഞ്ച് ഭവനങ്ങൾ വെഞ്ചിരിച്ചു.

   വൈകുന്നേരം മഞ്ഞക്കുന്ന് ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിക്കുകയും നവീകരിച്ച ഗ്രോട്ടോ വെഞ്ചരിക്കുകയും ചെയ്തു.

4. രാവിലെ, കുളത്തുവയൽ എം.എസ്.എം.ഐ. ജനറലേറ്റിൽ ഏതാനും സന്യാസിനികളുടെ നിത്യവ്രത വാഗ്ദാനവും ഏതാനും സന്യാസിനികളുടെ രജതസുവർണ്ണ, ജൂബിലിയും അനുബന്ധിച്ച് ദിവ്യബലി അർപ്പിക്കുകയും മറ്റു കർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

   വൈകുന്നേരം, ദേവഗിരി ഇടവക ദൈവാലയത്തിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കുദാശകൾ നൽകി.

5. രാവിലെ, തേഞ്ഞിപ്പലം ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം, കൂടരഞ്ഞി ഇടവകയിൽ, ഇടവകയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപനത്തോട് അനുബന്ധിച്ച് വിശുദ്ധ ബലി അർപ്പിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുകയും ചെയ്തു.

6. രാവിലെ, പൊയിലോംചാൽ ഇടവക ദൈവാലയത്തിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

വിലങ്ങാട് ഇടവകയിൽ, ഒരു വിവാഹം ആശിർവദിച്ചു.

ഉച്ചകഴിഞ്ഞ്, താമരശ്ശേരി എം.എം.പി.സി ഓഡിറ്റോറിയത്തിൽ സി.ഒ.ഡി.യുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് വിതരണം ഉദ്ഘാടനം ചെയ്തു.

7. ഉച്ചകഴിഞ്ഞ്, താമരശ്ശേരി രൂപതാംഗം, പരേതനായ ബഹു. മാത്യു മാവേലിയച്ചന്റെ സഹോദരൻ സഖറിയാസ് മാത്യുവിന്റെ ഭവനത്തിൽ, ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർജോസഫ് പെരുന്തോട്ടം പിതാവിനൊപ്പം മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗത്തിനും, ചങ്ങനാശ്ശേരി അതിരൂപതയിലെകൈനകരിയിലുള്ള അറുനൂറ്റംപാടം സേക്രഡ് ഹാർട്ട് ദേവാലയത്തിൽ മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടും മൂന്നും ഭാഗങ്ങൾക്കും, തുടർന്ന് കൈനകരിയിലുള്ള സെന്റ് മേരീസ് ദൈവാലയ സിമിത്തേരിയിൽ നാലാം ഭാഗത്തിനും നേതൃത്വം നൽകി.

8. രാവിലെ, തിരുവമ്പാടി തിരുഹൃദയ ദൈവാലയത്തിൽ ഏതാനും കർമ്മലീത്ത സന്യാസാർത്ഥിനികളുടെ പ്രഥമ വ്രത വാഗ്ദാനത്തിവും ഏതാനും സന്യാസിനികളുടെ രജത ജൂബിലിയോടും അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

വൈകുന്നേരം, താമരശ്ശേരി രൂപതാഭവനിൽ രൂപതയിൽ സേവനം ചെയ്ത് മടങ്ങി പോകുന്ന സന്യാസ വൈദികർക്കും രൂപത ഭവനിൽ നിന്നും മാറിപ്പോകുന്ന വൈദികർക്കുമുള്ള യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിച്ചു.

9. രാവിലെ, തോട്ടുമുക്കം ഫൊറോന ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും നവീകരിച്ച സിമിത്തേരി വെഞ്ചിരിക്കുകയും ചെയ്തു.

12. ഉച്ചകഴിഞ്ഞ്, വെട്ടത്തൂർ ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് നവീകരിച്ച സങ്കീർത്തി വെഞ്ചിരിക്കുകയും പുതിയ സക്രാരി പ്രതിഷ്ഠ നടത്തുകയും ചെയ്തു. കൂടാതെ ഇടവകയിലെ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിച്ചു.

13. രാവിലെ, വെറ്റിലപ്പാറ ഇടവക ദൈവാലയത്തിൽ മാതാവിന്റെ ചരമദിനത്തോട നുബന്ധിച്ച് ദിവ്യബലി അർപ്പിച്ചു.

15. താമരശ്ശേരി രൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ പരിശീല നത്തിൽ ഏർപ്പെട്ടിരിക്കുന്ന വൈദിക വിദ്യാർഥികളുമായി വ്യക്തിപരമായി കൂടിക്കാഴ്ച്ച നടത്തുകയും പഠന പുരോഗതി വിലയിരുത്തുകയും ചെയ്തു.

16. രാവിലെ, തലശ്ശേരി അതിരൂപത ബാലേശുഗിരി ഉണ്ണിയേശുദൈവാലയത്തിൽ ഒരു കുട്ടിയുടെ പ്രാരംഭ കൂദാശകൾക്കും രണ്ട് കുട്ടികളുടെ ആദ്യകുർബാന സ്വീകരണത്തിനും കാർമ്മികത്വം വഹിച്ചു.

വൈകുന്നേരം, പൂഴിത്തോട് ഇടവക ദൈവാലയത്തിൽ ഒരു കുഞ്ഞിന് പ്രാരംഭ കുദാശകൾ നൽകി.

17. രാവിലെ രൂപത ഭവനിലെ വി. ജോൺ പോൾ രണ്ടാമൻ ഓഡി റ്റോറിയ ത്തിൽ എ.കെ.സി.സി യുടെ തിരഞ്ഞെടുപ്പ് സമ്മേളനത്തിൽ സംബന്ധിക്കു കയും ഭാരവാഹികൾക്ക് സത്യപ്രതിജ്ഞചൊല്ലി കൊടുക്കുകയും ചെയ്തു.

18. രാവിലെ ആനക്കാംപൊയിൽ സെന്റ് മേരീസ് ദൈവാലയത്തിൽ ഒരു കുടും ബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

വാലില്ലാപ്പുഴ ഇടവകയിൽ ഒരു ഫാക്ടറി വെഞ്ചിരിച്ചു.

വാലില്ലാപ്പുഴ ഇടവകയിൽ ഒരു വിവാഹം ആശിർവദിച്ചു.

ഉച്ചയ്ക്ക് കൂടരഞ്ഞി മരുതുകുന്നേൽ കുടുംബത്തിന്റെ കുടുംബയോഗത്തിൽ പങ്കെടുക്കുകയും കുടുംബ ചരിത്രം പ്രകാശിപ്പിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, രൂപതയിലെ വിശ്വാസ പരിശീലകർക്കായി സംഘടിപ്പിച്ച എ മ്മാവൂസ് മീറ്റ് ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ വിവിധ മേഖലകളിൽ വിജയിച്ച അധ്യാപകരെയും വിദ്യാർത്ഥികളെയും ആദരിച്ചു.

വൈകുന്നേരം, വിളക്കാംതോട് ദൈവാലയത്തിൽ ഒരു വിവാഹം ആ ശിർവദിച്ചു.

പുല്ലൂരാംപാറ സെന്റ് ജോസഫ് ഇടവകയിലെ അജപാലന സന്ദർശനത്തി ന്റെ ഭാഗമായി രോഗികളുടെ ഭവനം സന്ദർശിച്ചു.

19. പുല്ലൂരാംപാറ സെന്റ് ജോസഫ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

20-22. പുല്ലൂരാംപാറ ബഥാനിയായിൽ താമരശ്ശേരി രൂപതയുടെ മൂന്നാമത് എ പ്പാർക്കിയൽ അസംബ്ലിയിൽ സംബന്ധിച്ചു.

23. രാവിലെ താമരശ്ശേരി ഫിലിപ്പിനേരി ജനറലേറ്റ് കപ്പേളയിൽ വിശുദ്ധ കുർ ബാന അർപ്പിച്ചു.

മഞ്ഞക്കുന്ന് സെന്റ് അൽഫോൻസ ദൈവാലയത്തിൽ ഒരു വിവാഹം ആശിർവദിച്ചു.


വൈകുന്നേരം, പാത്തിപ്പാറ സെന്റ് ജോസഫ് ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് പുതുതായി നിർമ്മിച്ച വൈദിക മന്ദിരം വെഞ്ചിരിച്ചു.

24. രാവിലെ, അൽഫോൻസാ ഹയർ സെക്കൻഡറി സ്കൂളിൽ അധ്യാപകരെ അഭിസംബോധന ചെയ്തു.

വൈകുന്നേരം, എറണാകുളം മൗണ്ട് സെന്റ് തോമസിൽ എ.കെ. സി.സിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിങ്ങിൽ സംബന്ധിച്ചു.

25. രാവിലെ, കുനിഞ്ഞി ഇടവക പള്ളിയിൽ കുടുംബ യോഗത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു, തുടർന്ന് നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്തു.

26. വൈകുന്നേരം പി. ടി. ചാക്കോ നഗർ ദൈവാലയത്തിൽ ദിവ്യബലി അർപ്പിക്കുകയും പുതുതായി നിർമ്മിച്ച ഗ്രോട്ടോ വെഞ്ചരിക്കുകയും ചെയ്തു.





## POPE FRANCIS
## GENERAL AUDIENCE
## SAINT PETER'S SQUARE
## WEDNESDAY, 17 APRIL 2024



The temperate person acts judiciously also with regards to pleasures. The free course of impulses and total license accorded to pleasures end up backfiring on us, plunging us into a state of boredom. How many people who have wanted to try everything voraciously have found themselves losing the taste for everything! It is better, then, to seek the right measure. For example, in order to appreciate a good wine, tasting it in small sips is better than swallowing it all in one go. We all know this.

The temperate person knows how to weigh words and dose them well. He thinks about what he says. He does not allow a moment's anger to ruin relationships and friendships that can then only be rebuilt with difficulty. Especially in family life, where inhibitions are lower, we all run the risk of not keeping tensions, irritations and anger in check. There is a time to speak and a time to be silent, but both require the right measure. And this applies to many things, for instance being with others and being alone.

If the temperate person knows how to control his own irascibility, this does not mean we always find him with a peaceful and smiling face. Indeed, at times it is necessary to be indignant, but always in the right way. These are the words: the just measure, the right way. A word of rebuke is at times healthier than a sour, rancorous silence. The temperate person knows that nothing is more uncomfortable than correcting another person, but he also knows that it is necessary; otherwise, one offers free reign to evil. In some cases, the temperate person succeeds in holding extremes together: he affirms absolute principles, asserts non-negotiable values, but also knows how to understand people, and he shows empathy for them. He shows empathy.

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 31-05-2024 |



2024 മെയ് 20, 21, 22 തിയ്യതികളിൽ, പുല്ലുരാംപാറ ബഥാനിയായിൽ നടന്ന
മൂന്നാമത് എപ്പാർക്കിയൽ അസംബ്ലിയിൽ പങ്കെടുത്തവർ
അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം

Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 26, issue 06, dlem 2024, Pages 72.